യിക്കൊണ്ടിരിക്കുന്ന കാലവിളംബം ഒഴിവാക്കി നിർദ്ധനരായ സംഘാംഗങ്ങളെ സഹായിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

4. കടംവായ്പകളിന്മേലുള്ള പലിശനിരക്കിൽ അയവു വരുത്തുവാനും, അപേക്ഷകൾ പരിഗണിക്കുന്നതിലുള്ള നടപടിക്രമങ്ങളിൽ ഭേദഗതികൾ വരുത്തി കാലതാമസം ഒഴിവാക്കുവാനും അധികൃതന്മാരോടാവശ്യപ്പെടണം.

5. കാലാനുസൃതമായി സംഘങ്ങളെ പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കിത്തീർക്കാൻ നടപടികളെടുക്കണം.

6. സംഘങ്ങൾക്കുള്ള ഗവൺമെണ്ടാനുകൂല്യങ്ങളും മററും പ്രാദേശികയൂണിയനുകൾ വഴി നൽകുകയെന്നസമ്പ്രദായം നടപ്പിൽ വരുത്താൻ ഡിപ്പാർട്ടുമെൻറധികൃതന്മാരോടാവശ്യപ്പെടണം

7. സംഘപ്രവർത്തനങ്ങളിൽ നേരിടുന്ന വിഷമതകൾ അപ്പപ്പോൾ യൂണിയനുകളെ അറിയിച്ച് പരിഹാരമാർഗ്ഗങ്ങൾ നേടുവാൻ സംഘപ്രവർത്തകർ ശ്രദ്ധിക്കണം.

8. നിയമപ്രകാരം സംഘങ്ങളിൽനിന്നു ഈടാക്കുന്ന സൂപ്പർവിഷൻ ഫണ്ടിൻെറ 50 ശതമാനം യൂണിയൻ പ്രവർത്തനങ്ങൾക്കായി വിട്ടുകിട്ടുവാൻ അധികൃതന്മാരോടാവശ്യപ്പെടണം.

9. സഹകരണസംഘങ്ങളുടെ സമ്മേളനങ്ങളിലും മററും പാസ്സാക്കുന്ന പ്രമേയങ്ങൾ കണക്കിലെടുത്തു കാലതാമസമെന്യെ കല്പനകൾ പാസ്സാക്കി സംഘപ്രവർത്തകരെ പ്രോത്സാഹിപ്പിക്കുവാൻ ഈ യോഗം ഡിപ്പാർട്ടുമെൻറധികൃതന്മാരോടഭ്യർത്ഥിക്കുന്നു.

516-ാം നമ്പർ തൃശ്ശൂർ ഗ്രൂപ്പ് സഹകരണയൂണിയൻ

യൂണിയൻെറ ആഭിമുഖ്യത്തിൽ 10-11-61ൽ കൂടിയ സംഘം പഞ്ചായത്തുദാരന്മാരുടെ സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങൾ:—

1. സഹകരണപ്രസ്ഥാനം ഒരു ബഹുജനസാമ്പത്തികപ്രസ്ഥാനമായി അടുത്ത കാലത്തു വളരാൻ തുടങ്ങിയിട്ടുണ്ട്. ആസൂത്രിതസാമ്പത്തികവികസനത്തിൻെറതായ ഈ യുഗത്തിൽ ഇന്ത്യയെപ്പോലുള്ള ഒരു നാട്ടിൽ അതിനു കൂടുതൽ ഉത്തരവാദിത്വങ്ങൾ വഹിക്കേണ്ടിവന്നിരിക്കുകയാണ്. സമുദായത്തിലെ ഇടത്തരക്കാരെയും താഴ്ന്ന വരുമാനക്കാരെയും ഈ പ്രസ്ഥാനത്തിലേക്ക് അനുദിനം ആകർഷിക്കുവാൻ വേണ്ട സാദ്ധ്യതകൾ നമ്മുടെ സാമ്പത്തികപരിവർത്തനപ്രവർത്തനങ്ങളിൽ കാണാൻ ഇടയായിക്കൊണ്ടിരിക്കുകയാണ്.

മേൽപറഞ്ഞ വിധത്തിലുള്ള വർദ്ധിച്ചുവരുന്ന ഉത്തരവാദിത്വങ്ങൾ ഏറെറടുത്തു നടത്തിക്കൊണ്ടുപോകുന്നതിനു നിലവിലുള്ള സഹകരണആക്ട് വേണ്ടത്ര പര്യാപ്തമായിട്ടുള്ളതല്ല. അതുകൊണ്ടു നിലവിലുള്ള സഹകരണ ആക്ടിൽ ഇന്നത്തെ സാഹചര്യങ്ങൾക്ക് അനുകൂലമായ ഭേദഗതികൾ വരുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും എടുക്കണമെന്നു ഈ യോഗം ഗവൺമെണ്ടിനോടഭ്യർത്ഥിക്കുന്നു.

2. സഹകരണസംഘങ്ങളുടെ പരിശോധനയും ആഡിററും കാലവിളംബം കൂടാതെ നടക്കാത്തതുകൊണ്ട്, സംഘങ്ങൾക്ക് അവയുടെ പ്രവർത്തനങ്ങൾക്കുള്ള വൈകല്യങ്ങളും പോരായ്മകളും യഥാസമയം തിരുത്തിക്കൊണ്ടുപോകാൻ പതിവായി സാധിക്കാറില്ല. ഈ സ്ഥിതിവിശേഷം പരിഹരിക്കുവാൻ സാധിക്കുമാറ്, സംഘങ്ങളുടെ പരിശോധനയും ആഡിററും സഹകരണവർഷത്തിനുശേഷം കഴിഞ്ഞതു് ആറുമാസത്തിനുള്ളിലെങ്കിലും നടത്തുന്നതിനു വേണ്ട സത്വരനടപടികൾ കൈക്കൊള്ളുവാൻ ഈ യോഗം ഗവൺമെണ്ടിനോടഭ്യർത്ഥിക്കുന്നു.

3. പുറംരാജ്യങ്ങളിൽ സഹകരണപ്രസ്ഥാനം അനൌദ്യോഗികമേഖലകളിൽകൂടിയാണ് തഴച്ചുവളർന്ന് ഉയർന്നിട്ടുള്ളത് എന്നുള്ള വസ്തുത മുൻനിർത്തി, നമ്മുടെ സംസ്ഥാനത്തു സഹകരണപ്രസ്ഥാനത്തിനു ഇപ്പോഴത്തേക്കാൾ കൂടുതൽ ബഹുജനപിൻതുണയുണ്ടാകുവാൻ അ

നൌദ്യോഗികഘടകങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു് ഈ യോഗം ഗവമ്മേൻറിനോടാവശ്യപ്പെട്ടുകൊള്ളുന്നു.

767 ഐരാണിക്കുളം പ. സ. സംഘം

സംഘത്തിൻെറ 60—61ലെ വാൎഷിക പൊതുയോഗം 26-11-61ൽ പ്രസിഡണ്ടു് പി. വി. നാരായണൻനായരുടെ അദ്ധ്യക്ഷതയിൽ കൂടി. 60—61ലെ വരവുചിലവു കണക്കുകളും, ആഡിററ റിപ്പോർട്ടും 61—62ലേക്കുള്ള ബഡ്ജററും യോഗം അംഗീകരിച്ചു.

പുതിയ ഭരണസമിതി അംഗങ്ങളായി സൎവ്വശ്രീ കെ. ദാമോദരമേനോൻ, യം. പത്മനാഭൻനായർ, വി. ആർ. നാരായണൻനായർ, ടി. ടി. വൎഗ്ഗീസ്, വി. ഗോപാലമേനോൻ എന്നിവരേയും, പി. വി. കെ. നായർ, കെ. മാധവമേനോൻ, എന്നിവരെ ആഡിററർമാരായും തെരഞ്ഞെടുത്തു.

ഇരിങ്ങാലക്കുട കൈത്തറിനെയ്ത്തു സഹകരണസംഘം നമ്പ്ര് 397

സംഘത്തിൻെറ വാൎഷികപൊതുയോഗം ചേൎന്നു് അടുത്ത കൊല്ലത്തെ പ്രസിഡണ്ടായി ശ്രീ. ടി. ഗോവിന്ദൻകുട്ടിമേനോനേയും, വൈസ് പ്രസിഡണ്ടായി ശ്രീ. വി. വി. കൃഷ്ണപിള്ളയേയും, കമ്മററി അംഗങ്ങളായി സൎവ്വശ്രീ കെ. കെ. രാമസ്വാമിപിള്ള, കെ. ശങ്കരപ്പിള്ള, കെ. കമലാക്ഷിഅമ്മ, കെ. വി. ജാനകിഅമ്മ, വി. രുഗ്മിണിഅമ്മ എന്നിവരെയും തിരഞ്ഞെടുത്തു. കേരള സ്റ്റെയിററ് കൈത്തറി സഹകരണസംഘപ്രതിനിധിയായി ടി. ഗോവിന്ദൻകുട്ടിമേനവനേയും തൃശ്ശൂർ ഡിസ്ത്രിക്റ്റ് ബാങ്ക് പ്രതിനിധിയായി ശ്രീ വി. കെ. കൃഷ്ണനേയും യൂണിയൻ പ്രതിനിധികളായി കെ. കെ. രാമസ്വാമിപിള്ള, വി. കെ. രാമൻ എന്നിവരേയും തെരഞ്ഞെടുത്തു.

ഇടപ്പിള്ളി നാഷണൻ സൎവ്വീസ് സഹകരണസംഘം നമ്പ്ര് 2788

സംഘത്തിൻെറ ഒരു പൊതുയോഗം സ്ഥിരം പ്രസിഡണ്ടു് ശ്രീ വി. വി. മരക്കാർ B.Sc. B. L. ൻെറ അദ്ധ്യക്ഷതയിൽ കൂടി. സംഘത്തെ സൎവ്വീസ് സഹകരണസംഘമായി രൂപാന്തരപ്പെടുത്തിയതുമൂലം ഗവമ്മേണ്ടു് എടുക്കേണ്ട ഷെയർ സംഖ്യ തരുന്നതിനും, പുതിയ ഡയറക്ടർബോർഡിലേക്കു മൂന്നുപേരെ നോമിനേററ ചെയ്യുന്നതിനും, സംഘത്തിൻെറ നടത്തിപ്പിലേക്കു ഗവമ്മേണ്ടിൽനിന്നു ലഭിക്കേണ്ട ഗ്രാൻറ് അനുവദിച്ചുതരുന്നതിനും, റജിസ്ത്രാർ അവർകളോടു് അപേക്ഷിക്കുവാൻ തീരുമാനിച്ചു. അംഗങ്ങൾക്കു മദ്ധ്യകാലകാൎഷികവായ്പ കൊടുക്കുന്നതിനും, സാധാരണവായ്പ കൊടുക്കുന്നതിനുംകൂടി ഒരു ലക്ഷം ഉറപ്പിക്കയും, വളം എടുക്കുന്നതിനും മററുമായി 20000ക. ഓവർഡ്രാഫ്ററും അനുവദിച്ചുതരുവാൻ എറണാകുളം ഡിസ്ത്രിക്റ്റ് ബാങ്കിനോടു് അപേക്ഷിക്കുവാൻ തീരുമാനിച്ചു. തുടൎന്നു താഴെ പറയുന്നവരെ 1961—63ലേക്കു ഡയറക്ടർബോഡ് അംഗങ്ങളായി തെരഞ്ഞെടുത്തു. മെസ്സേഴ്സ് വി. വി. മരക്കാർ, ബി. എച്ച്. അബ്ദുൾഖാദർ, ടി. കെ. അബൂബക്കർ, എം. എച്ച്. അലിയാർ, എൻ. ജെ. ജോസഫ്, എം. കെ. അബ്ദുൾറഹിമാൻ.

സംഘത്തിൻെറ അഭിവൃദ്ധിക്കു് ആവശ്യമായ മെമ്പർമാരുടെ നിർദ്ദേശങ്ങൾ ചൎച്ചചെയ്തു് ആവശ്യമായ തീരുമാനങ്ങളെടുത്തു.

ചേപ്പ് സൎവ്വീസ് കോ-ഓപ്പറേററീവ് ബാങ്ക് നമ്പ്ര് 3540

1961 ഒക്ടോബർ 29-ാംനു- ചേപ്പ് ഇൻഡസ്ത്രിയൽ സെൻററിൽവെച്ചു സംഘത്തിൻെറ സ്ഥിരം പ്രസിഡണ്ടു് ശ്രീ എം. പി. വൎഗ്ഗീസിൻെറ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടി.

ബേങ്കിൻെറ മുൻ സെക്രട്ടറി ആയിരുന്ന കെ. ജി. പരമേശ്വരൻ എമ്പ്രാന്തിരിയുടെ അകാലനിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയശേഷം 61—62ലെ ബഡ്ജററ് പാസ്സാക്കി. തുടൎന്നു പുതിയ ഭരണസമിതിയിലേക്കു

താഴെ പറയുന്നവരെ തെരഞ്ഞെടുത്തു. യം. പി. വർഗ്ഗീസ്, പി. മാധവമേനോൻ, എ. ആർ. കുട്ടപ്പൻ എഴുത്തച്ഛൻ, എ. സി. ഫ്രാൻസീസ്, കെ. എ. ഇനാശു, എ. യം. ആൻറണി.

ബാങ്കിൽനിന്നു് ഇക്കൊല്ലത്തിൽ ദിവസക്കുറികൾ, ആഴ്ചക്കുറികൾ, മാസക്കുറികൾ, പൂവ്വൽക്കുറികൾ മുതലായവ തുടങ്ങേണ്ടതാണെന്നും തീരുമാനിച്ചു.

297-ാം നമ്പർ പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണബാങ്ക്

ബാങ്കിൻെറ ഒരു വിശേഷാൽ പൊതുയോഗം 26—11—1961-ൽ കൂടി വില്ലേജ് പ്രാതിനിധ്യാടിസ്ഥാനത്തിൽ 6 പേരെ ബോർഡ് അംഗങ്ങളായി തിരഞ്ഞെടുക്കുകയും, 59-60ലെ വാർഷികറിപ്പോർട്ടും കണക്കുകളും ആഡിററ് സർട്ടിഫിക്കററും വായിച്ച് അംഗീകരിക്കുകയും, അടഞ്ഞ ഓഹരി സംഖ്യയിന്മേൽ 7½ ശതമാനം ഡിവിഡണ്ടും സ്റ്റാഫിനു് ഒരു മാസത്തെ ശമ്പളം ബോണസ്സും അനുവദിക്കുകയും, ഒരു ഗോഡൌൺ നിർമ്മിക്കുവാനുള്ള എസ്റ്റിമേററ് അംഗീകരിക്കുകയും ചെയ്തു. യോഗാനന്തരം സ്ഥിരം പ്രസിഡെണ്ടിൻെറ അദ്ധ്യക്ഷതയിൽ ഒരു ചർച്ചാസമ്മേളനം നടന്നു. തദവസരത്തിൽ B. D. O. ശ്രീ. കുറുപ്പ് കാർഷികവികസനപദ്ധതികളെപ്പററി ഒരു പ്രസംഗം ചെയ്തു. സംഘാംഗങ്ങൾക്കു കാർഷികപ്രവൃത്തനങ്ങളിലുള്ള സംശയങ്ങൾക്ക് അദ്ദേഹം മറുപടി പറയുകയും, നല്ല വിത്തു്, വളം മുതലായവ ഉപയോഗിച്ചു കൃഷി അഭിവൃദ്ധിപ്പെടുത്താനുള്ള പ്രായോഗികമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊടുക്കുകയുമുണ്ടായി.

തൃശ്ശൂർ ടാപ്പിയോക്കാ സഹകരണസംഘം നമ്പർ 3494

സംഘത്തിൻെറ ഒരു വാർഷികപൊതുയോഗം 26-11-61ൽ പ്രസിഡണ്ട് ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻെറ അദ്ധ്യക്ഷതയിൽ കൂടി. അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗത്തിൽ സംഘത്തിൻെറ ഇതഃപര്യന്തമുള്ള പ്രവൃത്തനങ്ങളെ വിവരിച്ചു. 1958-59ലെ മുതൽ കുടം സ്റ്റേററമെൻറും ലാഭചേതകണക്കുകളും വായിച്ചു പാസ്സാക്കി. 1961-62ലേക്കു് 6210ക. വരവും 4310ക. ചിലവും വരുന്ന ഒരു ബഡ്ജററ് അംഗീകരിച്ചു. സർവ്വശ്രീ. ടി. പി. സീതാരാമൻ, പി. എം. ഹൈദ്രോസ്കുട്ടി, പി. ഒ. വർക്കി, ടി. എം. അന്തോണി, പി. കെ. തോമാസ്, പി. സി. ചാക്കോ എന്നിവരെ ഭരണസമിതി അംഗങ്ങളായി തിരഞ്ഞെടുത്തു. അദ്ധ്യക്ഷൻെറ ഉപസംഹാരപ്രസംഗത്തിനുശേഷം യോഗം പിരിഞ്ഞു.

ശ്രീമൂലനഗരം ഖാദി ഉൽപാദക വ്യവസായസഹകരണസംഘം, ക്ലിപ്തം നമ്പ്ര് C. IND. (E) 29

സംഘത്തിൻെറ ഒരു പൊതുയോഗം 28-11-61ൽ ചെയർമാൻ ശ്രീമതി ടി. കമലാക്ഷി അമ്മയുടെ അദ്ധ്യക്ഷതയിൽകൂടി വരവു ചിലവു കണക്കുകൾ വായിച്ചു പാസ്സാക്കിയതിനുശേഷം സർവ്വശ്രീ. പി. ഗോപാലകൃഷ്ണൻ, ചെയർമാൻ, എം. എ. ലൗ, മാനേജർ, പി. ജെ. ആൻറണി, കെ. പി. പാപ്പച്ചൻ, പി. അമ്മിണി അമ്മ, കെ. ഭവാനി അമ്മ, ടി. കമലാക്ഷി അമ്മ, ഡി. അമ്മിണി, ആലിസ് മാത്യു എന്നിവരെ ഭരണസമിതിയിലേക്കു തിരഞ്ഞെടുത്തു. കൂടാതെ സംഘഭരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുവാനും ചൊവ്വര കേന്ദ്രമാക്കി ഒരു അംബർ പരിശ്രമാലയം ഉടനടി തുടങ്ങുവാനും വേണ്ട തീരുമാനങ്ങളും എടുക്കുകയുണ്ടായി.

1789-ാം നമ്പർ തുരുത്തിപ്പുറം സർവ്വീസ് സഹകരണസംഘം, ക്ലിപ്തം

സംഘത്തിൻെറ രണ്ടാമത്തെ വാർഷികപൊതുയോഗം 17-12-61ൽ പ്രസിഡണ്ട് ശ്രീ, പി. ജെ. ജോർജ്ജിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ ഡിപ്പാർട്ടുമെൻറൽ ഇൻസ്പെക്ടർ ശ്രീ. പി. പരമേശ്വരൻ പിള്ളയും ഡിസ്ട്രിക്ട് ബാങ്ക് ഇൻസ്പെക്ടർ ശ്രീ. കെ. ജെ. ജോസും സന്നിഹിതരായിരുന്നു. പുതിയ ഭരണസമിതി അംഗങ്ങളായി സർവ്വശ്രീ. ഔസേപ്പ് ഫ്രാൻസീസ്, ചാക്കുണ്ണി ജോസഫ്, വി എം. മാധവൻ, പി. ജെ. ജോർജ്ജ്, തോമാസ് പോൾ, സുബ്രഹ്മണ്യൻ എന്നിവരെ തിരഞ്ഞെടുത്തു.

അഖിലേന്ത്യാ ഹാൻഡിക്രാഫ്ട് ബോർഡ് ചെയർമാൻ തൃശ്ശൂരിൽ

കൊച്ചിൻ സെൻട്രൽ ഹാൻഡിക്രാഫ്ട് മാർക്കറ്റിംഗ് സഹകരണസംഘം സന്ദർശിച്ചു.

തൃശ്ശൂർ, 3—1—62.

അഖിലേന്ത്യാ ഹാൻഡിക്രാഫ്ട് ബോർഡ് ചെയർമാൻ ശ്രീമതി കമലാദേവി ചതോപാദ്ധ്യായ ഇന്നു സ്ഥലത്തുള്ള ഹാൻഡിക്രാഫ്ട് മാർക്കറ്റിംഗ് സംഘം സന്ദർശിക്കുകയുണ്ടായി. പ്രസിഡണ്ട് ശ്രീ. കെ. ബാലകൃഷ്ണമാരാർ, ഡയറക്ടർ ശ്രീ. പുത്തേഴത്ത് മാധവമേനോൻ, സെക്രട്ടറി ശ്രീ. വി. കെ. കയ്യാൾ എന്നിവർകൂടി ബഹുമാനപൂർവ്വം അതിഥിയെ സ്വീകരിച്ചു സംഘത്തിന്റെ പുതിയ സെററപ്പിനെപ്പററിയും പ്രവർത്തനസാദ്ധ്യതകളെപ്പററിയും വിശദീകരിച്ചുകൊടുത്തു. സംഘം സംഭരിച്ചുവെച്ചിട്ടുള്ളവയും പല കരകൌശലസംഘങ്ങളിൽനിന്നും വാങ്ങി ശേഖരിച്ചിട്ടുള്ളവയുമായ കൌതുകവസ്തുക്കളെ നേരിൽ പരിശോധിക്കുകയുണ്ടായി. അനന്തരം പ്രസിഡണ്ട് ശ്രീ ബാലകൃഷ്ണമാരാർ, സംഘത്തിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളേയും ഭാവിപ്രവർത്തനങ്ങൾക്കായി അഖിലേന്ത്യാ ബോർഡിൽനിന്നു ധനസഹായം ലഭിക്കേണ്ട ആവശ്യകതയേയും ഉൾക്കൊള്ളിച്ചുകൊണ്ടൊരു മെമ്മോറാണ്ടം തയ്യാറാക്കി സമർപ്പിച്ചു. മെമ്മോറാണ്ടത്തിൽ സംഘത്തിന്നൊരു സ്വന്തം കെട്ടിടമുണ്ടാക്കുവാൻ 1 ലക്ഷം ക. കടംവായ്പയായി അനുവദിച്ചു കിട്ടുവാൻ പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്. മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ പരിഗണനാർഹങ്ങളാണെന്നും അക്കാര്യത്തിൽ തന്നാലാവുന്ന സഹായസഹകരണങ്ങൾ സംഘത്തിനുണ്ടാവുമെന്നു പ്രതീക്ഷിക്കാമെന്നും ശ്രീമതി ചതോപാദ്ധ്യായയുടെ മറുപടിയിൽ ഉറപ്പു പറയുകയുണ്ടായി. സംഘം സംഭരിച്ചുവെച്ചിട്ടുള്ള കൌതുകവസ്തുക്കളിൽ പലതും അഭിനന്ദിക്കത്തക്കവകളാണെന്നും സംഘത്തിന്റെ ഇതഃപര്യന്തമുള്ള പ്രവർത്തനങ്ങളിൽ തനിക്കു സംതൃപ്തിയാണുള്ളതെന്നും രേഖപ്പെടുത്തിക്കൊണ്ടാണ് വിശിഷ്ടാതിഥി യാത്ര പറഞ്ഞു പിരിഞ്ഞതു്.

കൊച്ചിൻ സെൻട്രൽ ഹാൻഡിക്രാഫ്ട് മാർക്കററിങ്ങ് സഹകരണസംഘം, ക്ലിപ്തം No. H. 231.

തൃശ്ശിവപേരൂർ

കേരളത്തിനകത്തും പുറത്തും ഉൽപാദിപ്പിക്കുന്ന കരകൌശലവസ്തുക്കൾ വരുത്തി വില്പന നടത്തിവരുന്ന ഏക സഹകരണസ്ഥാപനം. ഇവിടുത്തെ പ്രധാന കുടിൽവ്യവസായോൽപന്നമായ "തേൻ" ഈ സംഘംവഴിയാണ് വിററഴിച്ചു വരുന്നതു്. ആനക്കൊമ്പ്, പോത്തിൻകൊമ്പ്, വീട്ടി എന്നിവകളിലുള്ള കൊത്തുവേലകൾ, ഒന്നാം തരം മരസ്സാമാനങ്ങൾ, വിചിത്രവും മനോഹരവുമായ പുൽപ്പായകൾ, മെത്തപ്പായകൾ, ഹാൻഡ്ബാഗ്ഗുകൾ, ചിരട്ടകൊണ്ടുള്ള കൊത്തുവേലകൾ, ചൂരൽ, മുള മുതലായവകൊണ്ടുള്ള കൌതുക വസ്തുക്കൾ, മരത്തിൽ കൊത്തിയെടുത്തു പെയിൻറ് ചെയ്തിട്ടുള്ള കഥകളി വേഷങ്ങൾ, തുകൽ സാമാനങ്ങൾ, വിശേഷപ്പെട്ടതും ആകർഷകവുമായ ഓട്ടുപാത്രങ്ങൾ, വിളക്കുകൾ മുതലായവ ഇന്നാട്ടിലെ പ്രാഥമിക കരകൌശലസംഘങ്ങളിൽനിന്നും ഏതാൻ ചില കലാകാരന്മാരിൽനിന്നും സംഭരിച്ചു വില്പന നടത്തിവരുന്നു.

ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക

വി. കെ. കയ്യാൾ,
സെക്രട്ടറി.

കെ. ബാലകൃഷ്ണമാരാർ, B. A. B. L.,
പ്രസിഡണ്ട്.

9-ാം അഖിലേന്ത്യാ കൈത്തറിവാരാഘോഷം

ചിററൂർ, (സ്വ. ലേ.) 9—1—62.

ഇന്നുച്ചതിരിഞ്ഞു ചിററൂർ കാമാക്ഷി തിയററിൽ കൂടിയ വമ്പിച്ച പൊതുസമ്മേളനത്തിൽവെച്ചു ജില്ലാ കലക്ടർ ശ്രീ. കെ. നാരായണൻ ഐ. എ. എസ്. അഖിലേന്ത്യാ കൈത്തറിവാരാഘോഷം ഉൽഘാടനം ചെയ്യുകയുണ്ടായി. സ്ഥലം ഗവമ്മെണ്ട് കോളേജ് പ്രിൻസിപ്പാൾ ശ്രീ. കെ. മാധവമേനോൻ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു. ശ്രീ. എൻ. എം. സ്വാമി സദസ്സിനു സ്വാഗതമരുളി. മനുഷ്യന്റെ ഭൗതികാവശ്യങ്ങളെ സാധിച്ചുകൊടുക്കുന്നതോടൊപ്പം ആത്മീയശക്തിയെ പ്രതിഫലിപ്പിക്കുന്നൊരു തൊഴിലാണ് കൈത്തറി നെയ്ത്തെന്നും അതിനെ പ്രോത്സാഹിപ്പിക്കേണ്ടതു നാമോരോരുത്തരുടെ ധാർമ്മികചുമതലയായി കരുതണമെന്നും അദ്ധ്യക്ഷൻ തന്റെ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു. കൈത്തറിതൊഴിലാളികൾ സഹകരണാടിസ്ഥാനത്തിൽ സംഘടിച്ചു വ്യവസായത്തിന്റെ പുരോഗതി കൈവരിക്കുവാൻ പ്രസ്ഥാനത്തിലേക്കപ്പെട്ടിരിക്കുന്നവരെ അദ്ദേഹം ഉൽബോധിപ്പിച്ചു. കൈത്തറിവ്യവസായത്തിന്റെ നാനാവശങ്ങളെ പുരസ്കരിച്ചു സർവ്വശ്രീ ജോസഫ് കെ. അലക്സാണ്ടർ, ലിയോപ്പോൾഡ് വിതയത്തിൽ (Handloom Development officer) എന്നിവരും ഓരോ പ്രസംഗം ചെയ്തു. ശ്രീ. എ. സുബ്രഹ്മണ്യമുതലിയാരുടെ നന്ദിപ്രകടനത്തോടുകൂടി യോഗം പിരിഞ്ഞു.

പവ്വർലൂം ഉൽഘാടനം

ചിററൂർ ദേവാംഗപുരം നെയ്ത്തു പരസ്പരസഹായസംഘത്തിന്റെ ആഭിമുഖ്യത്തിൽ ദേവാംഗപുരത്തു സ്ഥാപിച്ചിട്ടുള്ള പവ്വർലൂമുകളുടെ ഉൽഘാടനം 9—1—62ൽ ജില്ലാ കലക്ടർ ശ്രീ കെ. നാരായണൻ ഐ. എ. എസ്സ്. നിർവ്വഹിച്ചിരിക്കുന്നു. ഉൽഘാടനചടങ്ങിൽ ചിററൂർ ഗവമ്മെണ്ടു കോളേജ് പ്രിൻസിപ്പാൾ ശ്രീ കെ. മാധവമേനോൻ എം. എ. തുടങ്ങിയ ഒട്ടുവളരെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥപ്രമുഖർ സന്നിഹിതരായിരുന്നു.

കൊല്ലങ്കോട്, (സ്വ. ലേ.) 11—1—62.

കൊല്ലങ്കോട്ട നെയ്ത്തുകാർ പരസ്പരസഹായസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് അഖിലേന്ത്യാ കൈത്തറിവാരം ആഘോഷിച്ചിരിക്കുന്നു. തത്സംബന്ധമായി കൂടിയ സമ്മേളനത്തിൽ റിട്ട. ഹെഡ്മാസ്റ്റർ ശ്രീ കെ. എസ്സ്. രാമയ്യർ ആദ്ധ്യക്ഷം വഹിച്ചു. 'സഹകരണപ്രബോധിനി' ഓർഗനൈസർ ശ്രീ പോൾ തോംസൺ സഹകരണാടിസ്ഥാനത്തിൽ കൈത്തറി നെയ്ത്തുകാരെ സംഘടിപ്പിച്ചു വ്യവസായത്തെ പരിപോഷിപ്പിക്കുവാൻ കേന്ദ്ര—സ്റ്റേററു ഗവമ്മെണ്ടുകളെടുത്തുവരുന്ന നടപടികളെപ്പററി വിശദീകരിച്ചു സംസാരിച്ചു. നെയ്ത്തുതൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു ഗവമ്മെണ്ടിൽനിന്നുള്ള ആനുകൂല്യങ്ങൾ അവർക്കു ലഭിക്കുമാറാക്കേണ്ടതു സഹകാരികളായ നാമേവരുടേയും കർത്തവ്യമാണെന്നദ്ദേഹം പ്രസ്താവിച്ചു. യോഗത്തിൽ മററു പല സഹകാരികളും പ്രസംഗിക്കുകയുണ്ടായി.

Vadakkathara & Kadambidi H. W. C. S. Ltd., No. 486. Chittur.

സമീപിക്കുക

കൈത്തറി തുണിത്തരങ്ങൾക്ക് പഴക്കവും തഴക്കവും സിദ്ധിച്ച തൊഴിൽക്കാരാൽ നിർമ്മിച്ച നല്ലയിനം ഈരഴ തോർത്തുകൾ, ഒററഴ തോർത്തുകൾ, വേഷ്ടികൾ, മററ എല്ലാത്തരം കൈത്തറി തുണിത്തരങ്ങളും മിതമായ വിലയ്ക്ക് ഓഡർ അനുസരിച്ചു കൃത്യസമയത്തിനു കൊടുത്തുവരുന്നു.

അമ്പാട്ടിൽ കൃഷ്ണനുണ്ണിമേനോൻ,
പ്രസിഡണ്ട്.

കൈത്തറി വ്യവസായത്തെപ്പററി—

ഏതാനും ചില സ്ഥിതിവിവരക്കണക്കുകൾ

1955 ഏപ്രിൽവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട കൈത്തറികളുടെ എണ്ണം	8.8 ലക്ഷം
1961 ഏപ്രിൽ ആയപ്പോഴേയ്ക്കും അവയുടെ എണ്ണം	13.42 ലക്ഷം
1961 ജൂൺ അവസാനത്തിൽ രാജ്യത്തൊട്ടാകെ രജിസ്റ്റർ ചെയ്തിട്ടുള്ള കൈത്തറികളുടെ എണ്ണം	27.64 ലക്ഷം
1961 മാർച്ച് അവസാനത്തിലെ കണക്കുകൾ പ്രകാരം നെയ്ത്തു സഹകരണസംഘങ്ങളുടെ എണ്ണം	10849
1955-ൽ ഉല്പാദിപ്പിച്ച കൈത്തറിത്തുണി	1475 മില്യൻ വാര
1960-ലെ ഉല്പാദനം	1860 മില്യൻ വാര
1960-ൽ കയററുമതി ചെയ്ത തുണിവില	5 കോടി ക.

നെയ്ത്തു ഉല്പാദനം വദ്ധിപ്പിച്ച നെയ്ത്തുകാരെ സഹായിക്കുന്നതിനുവേണ്ടി 1961 മാർച്ച് അവസാനത്തിൽ 1690 സെയിൽസ് ഡെപ്പോകളും, 34 ഇൻറർ സ്റ്റേററ് ഡെപ്പോകളും, 51 കേന്ദ്ര ഡെപ്പോകളും സ്ഥാപിച്ചു പ്രവത്തിച്ചിരുന്നു. 10 കലൻഡറിംഗ് ആൻറ് ഫിനിഷിങ്ങ് പ്ലാൻറുകളുമുണ്ടായിരുന്നു. ചായപ്പണികൾക്കായി 482 ഡൈയിങ്ങ് ഹൌസുകളും 42 പാറേറൺ മേക്കിങ്ങ് ഫാക്ടറികളും ഏർപ്പെടുത്തപ്പെട്ടിരുന്നു.

1944 നെയ്ത്തുകാരും 1085 തറികളും വീതമടങ്ങുന്ന 20 ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് ഫാക്ടറീസ് 1961 മാർച്ചിൽ സ്ഥാപിച്ചു. 13000ത്തിൽപരം സ്പിൻഡിലുകളോടുകൂടിയ 3 സ്പിന്നിംഗ് മിൽസും സ്ഥാപിക്കുകയുണ്ടായി.

നല്ലേപ്പിള്ളി ഹാൻഡ്ലൂം വിവേഴ്സ് കോ-ഓപ്പറേററീവ് സൊസൈററി Ltd., No. 579, നല്ലേപ്പിള്ളി.

(ചിററൂർ—കൊച്ചിൻ)

വില്പനശാല—കൊഴിഞ്ഞാംപാറ.

20 മുതൽ 100 വരെയുള്ള എല്ലാവിധ കൈത്തറി വേഷ്ടികൾ, തോത്തുകൾ, ലുങ്കികൾ, സാരിത്തരങ്ങൾ, ഷർട്ടിങ്ങ് എന്നീ മേത്തരം തുണികൾക്ക് ഞങ്ങളെ സമീപിക്കുക.

എ. എൻ. യു. മന്നാടിനായർ, പ്രസിഡണ്ട്.

സഹകരണപ്രസ്ഥാനം

ORGAN OF
THE COCHIN CENTRAL CO-OPERATIVE INSTITUTE, TRICHUR.

Vol. 33
1962
ഫെബ്രുവരി
No. 8

വില 4 അണ

വിഷയവിവരം.

1. കാർഷികസഹകരണം
റിസർവ്വ്ബാങ്കിൻെറ 'ഫോളോ അപ്പും' നിർദ്ദേശങ്ങളും
—ജോസഫ് മുണ്ടശ്ശേരി
2. കുറിപ്പുകൾ
—ടി. കെ.
3. ചെറുകിടവ്യവസായങ്ങളും സഹകരണവും ജപ്പാൻ മാതൃക
4. പ്ലാനിങ്ങും സഹകരണവും ജനാധിപത്യവും
—പി. എൻ. മൂസ്സത്.
5. സഹകരണം ഇംഗ്ലണ്ടിൽ
ഓവൻെറ അനുഭവപാഠങ്ങൾ
—ടി. കെ. കുഞ്ഞയ്യപ്പൻ
6. റിസർവ്വ് ബാങ്കും കാർഷികവായ്പയും
—വേലപ്പൻ ആലപ്പാട്ട്
7. സഹകരണപ്രസ്ഥാനം
ഗവമ്മെണ്ടിൻെറ നിയന്ത്രണം ആപൽക്കരമാണ്
—ജവഹർലാൽ നെഹ്റു
8. കാർഷികസഹകരണവും പദ്ധതിയും
—വി. എൽ. മേത്ത
9. ലേബർ കോൺട്രാക്ട് ആൻറ് കൺസ്ട്രക്ഷൻ സംഘങ്ങൾ
10. സഹകരണവാർത്തകൾ

തൃശ്ശൂർ ഡിസ്ത്രിക്ട്
കൊ-ഓപ്പറേററീവ് ബാങ്ക് (ക്ലിപ്തം)

എല്ലാതരം ഡെപ്പോസിററുകളും സ്വീകരിക്കുന്നു.

സമ്മതി സിദ്ധിച്ചിട്ടുള്ള ഓഹരിമൂലധനം	25 ലക്ഷം ക.
(പരസ്പരസഹായസംഘങ്ങൾക്ക് 20 ലക്ഷം ക.യും ഗവമ്മേണ്ടിന്ന് 5 ലക്ഷം കയും)	
അടഞ്ഞ ഓഹരി മൂലധനം:	8,08,642 ക.
പരസ്പരസഹായസംഘങ്ങളിൽനിന്നു 6,58,642കയും ഗവമ്മേണ്ടിൽനിന്നു 1,50,000 ക.യും	
റിസവ് മുതലായ ഫണ്ടുകൾ:	1,94,561 ക.

ഡെപ്പോസിററുകൾക്കുള്ള പലിശനിരക്കുകൾ:

3 മാസം മുതൽ 6 മാസംവരെ	3%
6 ,, 12 ,,	4%
12 ,, 24 ,,	4½%
24 മാസം മുതൽ	4¾%
കറൻറ് ഡെപ്പോസിററിന്ന്	1%
സേവിങ്ങ്സിന്ന്	2½%

ഗവമ്മേണ്ടുദ്യോഗസ്ഥന്മാരുടെ ജാമ്യസംഖ്യകൾ (പലിശ 3%)

കണ്ട്രാക്ടർമാരുടെ ജാമ്യസംഖ്യകൾ (പലിശ 2½%)

മുനിസിപ്പൽ പ്രോവിഡണ്ട് ഫണ്ട് ഡെപ്പോസിററുകൾ (പലിശ 3%)

എൻഡോവ്മെൻറ് ഡെപ്പോസിററുകൾ (പലിശ 5%)

മുതലായ ഡെപ്പോസിററുകൾ സ്വീകരിക്കുന്നതിന്ന് ബാങ്കിനെ ഗവമ്മെണ്ട് അധികാരപ്പെടുത്തിയിട്ടുണ്ട്. ദീഘകാലത്തേയ്ക്കു നിൽക്കുന്ന കൺട്രാക്ടേഴ്സ് ഡെപ്പോസിററുകൾക്ക് സ്ഥിരംഡെപ്പോസിററുകളുടെ പലിശ നല്കുന്നതാണ്.

എല്ലാ തരത്തിലുള്ള ബാങ്കിംഗ് എടവാടുകളും നടത്തുന്നു.

വി. ആർ. കൃഷ്ണനെഴുത്തച്ഛൻ,
പ്രസിഡണ്ട്.

എസ്സ്. ഹരിഹരയ്യർ,
സെക്രട്ടറി.

പത്രാധിപർ: ജോസഫ് മുണ്ടശ്ശേരി, എം. എ.

സഹകരണപ്രബോധിനി

Vol. 33 | ഫെബ്രുവരി 1962 | No. 8

കാർഷികസഹകരണം:
റിസർവ്വ് ബാങ്കിന്റെ 'ഫോളോ അപ്പും' നിർദ്ദേശങ്ങളും

(ജോസഫ് മുണ്ടശ്ശേരി)

കാർഷികരംഗത്ത് സഹകരണപ്രസ്ഥാനത്തിലൂടെ കടംവായ്പകൾ നൽകി കൃഷിക്കാരെ ഉദ്ധരിക്കാനുള്ള പരിപാടി, ക്രമക്കേടും follow up (ഫോളോ അപ്പി)ന്റെ അഭാവവും നിമിത്തം, ഇത്രയും കാലമായിട്ടും, നാമാശിച്ചിരുന്ന വിധത്തിൽ പ്രാവർത്തികമായിട്ടില്ല. 1960-നു തൊട്ടു മുമ്പുവരെയുള്ള പ്രവർത്തനത്തിന്റെ ഒരു "ഫോളോ അപ്പ്" റിപ്പോർട്ട് ഇക്കഴിഞ്ഞ ജനുവരി 30-ാംനു- റിസർവ്വ് ബാങ്കിൽനിന്നു പ്രസിദ്ധീകരിച്ചതിൽനിന്നാണ് ഈ നിഗമനമുണ്ടായിട്ടുള്ളത്. അതിലെ വിവരങ്ങൾ ഇവിടെ സംഗ്രഹിക്കാം.

പടിഞ്ഞാറൻ ബംഗാൾ, ഉത്തരപ്രദേശ്, പഞ്ചാബ്, ഗുജറാത്ത്, ആന്ധ്രപ്രദേശ്—ഈ സംസ്ഥാനങ്ങളിലാണ് ഏതാനും ജില്ലകൾ തെരഞ്ഞെടുത്തു ഫോളോ അപ്പ് സർവ്വേ നടത്തിയതു്. കൃഷിക്കാർക്കിടയിൽ കടബാധ്യത ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും വർദ്ധിച്ചിട്ടേയുള്ളു. പഞ്ചാബിൽ കടബാധ്യത ഒരു കാർഷികകുടുംബത്തിനു ശരാശരി 640ക.യിൽനിന്നു 800ക.യായി ഉയർന്നിരിക്കുന്നു. മിക്കവാറും ഇതേ നിലവാരമാണ് ഗുജറാത്തിലും ആന്ധ്രപ്രദേശത്തുമുള്ളതു്. ഉത്തരപ്രദേശത്തു കടബാധ്യത 200ക.യിൽ കവിഞ്ഞിട്ടില്ല. ബംഗാളിലാണ് ഏറ്റവും കുറഞ്ഞ നിലവാരം. കടംവാങ്ങാനുള്ള വാസന മിക്ക സംസ്ഥാനങ്ങളിലും കൃഷിക്കാർക്കിടയിൽ വർദ്ധിച്ചിരിക്കുകയാണ്. കാർഷികോല്പാദനത്തെച്ചൊല്ലിയാകുമ്പോൾ ഈ പ്രവണത ശുഭോദർക്കമായി കരുതാം. അധികം കാർഷികകുടുംബങ്ങളും പണ്ടത്തേതിലുമധികം കടംവായ്പകൾക്കൊരുമ്പെട്ടതു് കുടുംബങ്ങളിലെ 'നിത്യനിദാനം' കാര്യങ്ങൾക്കുവേണ്ടിയാണെന്നു റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ആ സ്ഥിതിക്കു കടംവാങ്ങാനുള്ള വാസന ഏറിപ്പോയതു് ശുഭോദർക്കമായി കരുതിക്കൂടാ. ഗുജറാത്തിൽ കൃഷിച്ചെലവു് താരതമ്യേന അല്പം കുറവാകയാലോ എന്തോ കടംവായ്പകൾ കുടുംബകാര്യങ്ങൾക്കുപയോഗിക്കുന്ന സമ്പ്രദായം പരക്കേ കാണുന്നില്ല. കടംവായ്പകൾക്കു നൽകേണ്ടിവരുന്ന പലിശയും മേൽവട്ടവുമൊക്കെ ഇപ്പോഴും വളരെ കവിഞ്ഞ നിലവാരത്തിലാണ്. സഹകരണസംഘങ്ങളിലൂടെ കിട്ടിപ്പോരുന്ന കടംവായ്പകൾ ഒട്ടാകെ വേണ്ടിവരുന്ന കടംവായ്പയുടെ വളരെ കുറഞ്ഞൊരു ശതമാനമേ ആകുന്നുള്ളു. ഗുജറാത്തിലാണ് കാർഷികസഹകരണം നല്ല തോതിൽ കടംവായ്പകൾ വിതരണം ചെയ്തു കർഷകരെ സഹായിച്ചു കാണുന്നതു്. സഹകരണത്തിലൂടെയുള്ള കടംവായ്പ അവിടെ 42 ശതമാനത്തോളം എത്തിയിട്ടുണ്ടു്. പഞ്ചാബിൽ ആ സ്ഥാനത്തു 14 ശതമാനമേ ഉള്ളു. ബംഗാ

ളിലും ഉത്തരപ്രദേശത്തും ആന്ധ്രപ്രദേശത്തും 10ൽ താഴെയാണ് ശതമാനം. ഇതിന്റെയെല്ലാം അർത്ഥം ഏതാണ്ടെഴുപത്തഞ്ചു ശതമാനം കടംവായ്പകളും സ്വകാര്യപണമിടപാടുകാരിൽനിന്നു വാങ്ങിപ്പോന്നുവെന്നാണ്. സ്വകാര്യമേഖലയിൽനിന്നുള്ള കടംവായ്പകൾക്കു കൊടുക്കേണ്ടിവരുന്ന മേൽവട്ടം ശരാശരി 13 ശതമാനം വരും. ഏററവും പാവപ്പെട്ട കൃഷിക്കാരാണ് ഏററവും കവിഞ്ഞ മേൽവട്ടത്തിന്മേൽ കടംവാങ്ങിപ്പോരുന്നതു്.

ഈ വസ്തുതകൾ കണ്മുമ്പിൽവെച്ച് റിസർവ്വ് ബാങ്കധികൃതന്മാർ കാർഷികസഹകരണത്തെ പ്രയോജനകരമാംവണ്ണം പരിപോഷിപ്പിക്കുന്നതിലേയ്ക്കു നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നമ്മുടേയും വിശേഷിച്ചു ഗവമ്മെൻറുകളുടേയും ശ്രദ്ധയെ അർഹിക്കുന്നവയാണ്. പ്രധാനനിർദ്ദേശങ്ങൾ ഇതാ:—

1. കാർഷികസഹകരണത്തിന്റെ വികസനം കുറേക്കൂടി കണിശമായി പ്ലാൻചെയ്തു ക്രമപ്പെടുത്തണം.

2. ഓഹരിമൂലധനമായി പണമിറക്കി സംഘങ്ങളിൽ ഭാഗഭാക്കാകുവാൻ ഗവമ്മെണ്ടുകൾ തയ്യാറാവണം.

3. ഭൂമിജാമ്യത്തിന്മേലെന്നതിനുപകരം വിളജാമ്യത്തിന്മേൽ വേണം കാർഷികോല്പാദനത്തിനുവേണ്ടിയുള്ള കടംവായ്പകൾ നൽകുവാൻ. ഈ തത്വമനുസരിച്ചു പ്രവർത്തിക്കുവാൻ കോവോപ്പറേറ്റീവ് ബാങ്കിംഗിന്റെ ഏജൻസികൾ തയ്യാറാവണം; അതിനു പാകത്തിൽ നടപടിക്രമങ്ങൾ പരിഷ്കരിക്കുകയും വേണം.

റൂറൽ ക്രെഡിററ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൻകിട കാർഷികനാണയസംഘങ്ങൾ രാജ്യത്തുടനീളം ഏർപ്പെടുത്താൻ തയ്യാറാക്കിയ പരിപാടി കൈവിട്ടുകളഞ്ഞു സേവനസഹകരണസംഘങ്ങളുടെ കാലാവസ്ഥയിലേക്ക് തിരിഞ്ഞുപോയിരിക്കുകയാണ് നാമെന്നിരുന്നാലും ഇപ്പറഞ്ഞ നിർദ്ദേശങ്ങൾ ഇപ്പോഴും പരിഗണനീയങ്ങളാണ്. വളരെയേറെ ചെയ്തിട്ടും കാർഷികരംഗത്തു നാമാശിച്ച പുരോഗതി കൈവരുത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഗവമ്മെണ്ടിന്റെ പദ്ധതിയിലും അതിനെ പ്രാവർത്തികമാക്കുന്ന രീതിയിലും അടിസ്ഥാനപരമായി ചില തകരാറുകൾ ഉണ്ടെന്നു വേണം ഊഹിക്കുവാൻ. പ്രസ്ഥാനത്തെ സാംഗോപാംഗം പരിശോധിച്ചു കൊള്ളരുതായ്മകൾ നിശ്ശേഷം അടിച്ചുവാരിക്കളഞ്ഞു കുറേക്കൂടി ആസൂത്രണവിധേയമായ ഒരു മാർഗ്ഗത്തിലേയ്ക്കു തിരിച്ചുവിടുക—അതാണൊന്നാമത്തെ കർത്തവ്യം. പഴയ ചുമരിന്മേൽ വീണ്ടും വീണ്ടും വെള്ളയടിക്കുന്ന സമ്പ്രദായമേ ഇന്നേവരെ പ്രസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളു. ഉദ്യോഗസ്ഥന്മാർക്കുതന്നെയും സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സാധിക്കാത്തവിധത്തിൽ പ്രസ്ഥാനേതരങ്ങളായ താല്പര്യങ്ങൾ വലിഞ്ഞുകയറി കുഴപ്പം ഉണ്ടാക്കിപ്പോരുന്നതിനാലാണ് സഹകരണത്തിന്റെ മേഖലയിൽ മേൽപറഞ്ഞ ധീരമായ കർത്തവ്യം നിറവേററാനൊക്കാത്തതു്. റിസർവ്വ് ബാങ്കിന്റെ അപ്പപ്പോൾ വരുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലെങ്കിലും നമ്മുടെ അഴകുഴമ്പൻ നയം ഉപേക്ഷിക്കാനൊത്താൽ നന്നായി.

കുറിപ്പുകൾ

(ടി. കെ.)

പ്രസ്ഥാനത്തെ വ്യഭിചരിക്കുന്നു

സഹകരണം അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും ഉദ്ദേശിച്ചേർപ്പെടുത്തിയ ഒരു പ്രസ്ഥാനമാണ്. സാമ്പത്തികനീതി കൈവരുത്തുക അതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പെടുകയും ചെയ്യും. ഈയുദ്ദേശലക്ഷ്യങ്ങളെ പരാജയപ്പെടുത്തുംവിധം പ്രസ്ഥാനത്തെ വ്യഭിചരിപ്പിക്കുന്നതിനുദാഹരണങ്ങൾ എത്ര വേണമെങ്കിലും എടുത്തു കാണിക്കുവാൻ കഴിയും. മൈസൂർ സ്റ്റേററിൽ പ്രവർത്തിക്കുന്ന ഖനിയുടമസ്ഥന്മാരുടെ സഹകരണസംഘം പുതിയൊരുദാഹരണമാകുന്നു. സോഷ്യലിസം ലക്ഷ്യമായംഗീകരിച്ചിട്ടുള്ള നാടാണ് നമ്മുടേതു്. ആ ലക്ഷ്യം പ്രാപിക്കുന്നതിന്നൊരുപാധിയാണ് സഹകരണമെന്നു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ചൂഷണോപാധികൾ നിലനിർത്തിക്കൊണ്ടു സോഷ്യലിസം സ്ഥാപിക്കുകയും സാമ്പത്തികനീതി പുലർത്തുകയും സാദ്ധ്യമല്ലല്ലോ. മുതലാളിത്തത്തിന്റെ സ്വഭാവമാണ് ചൂഷണം. ഖനനമാകട്ടെ വലിയ മുതൽമുടക്കുകൊണ്ടുമാത്രം നടത്താവുന്ന വ്യവസായവും. തൊഴിലാളിലക്ഷങ്ങളെ ചൂഷണംചെയ്തുകൊണ്ടാണ് ആ വ്യവസായം സ്വകാര്യമേഖലയിൽ നിലനിന്നു വരുന്നതു്. അതിന്റെ ഉടമകൾ സംഘമായി നിന്നു പ്രവർത്തിക്കുന്നു എന്നു വന്നാൽ അതിന്റെ അർത്ഥം ഒററയൊററയായി നടത്തുന്ന ചൂഷണം കൂട്ടായി നടത്തുക എന്നാണ്. ഈ സംഘംചേരൽ ജോയിന്റ് സ്റ്റോക്കടിസ്ഥാനത്തിൽ പണ്ടിനാലേ നടന്നുവരുന്നതാണ്. ആ മാർഗ്ഗംവിട്ടു അവരിപ്പോൾ എന്തിനീ സഹകരണപഥത്തിലേയ്ക്കു തിരിഞ്ഞു?

പ്രസ്ഥാനത്തിന്റെ വികസനത്തിനെന്നും പറഞ്ഞു സഹകരണസ്ഥാപനങ്ങളെ സഹായിക്കുവാൻ വൻതുകകൾ ഗവൺമെണ്ടു പഞ്ചവത്സര പദ്ധതികൾവഴി നീക്കിവെയ്ക്കുന്നുണ്ട്. സഹകരണപ്രസ്ഥാനത്തിന്നു സ്വതേ അനുവദിച്ചിട്ടുള്ള വിവിധങ്ങളായ ആനുകൂല്യങ്ങൾക്കു പുറമെയാണിതു്. കയററുമതി ലൈസൻസ് ലഭിക്കുവാനും, വിൽപനനികുതി ഇളവുചെയ്തു കിട്ടുവാനും സഹകരണപ്രസ്ഥാനത്തിലായാൽ സൗകര്യമാകും. ഇങ്ങനെ കിട്ടാവുന്ന ആനുകൂല്യങ്ങളൊക്കെ തട്ടിയെടുക്കാം; ഒററയായി നടത്തുന്ന ചൂഷണം സംഘടിതമായി നടത്തുകയുമാവാം എന്ന ഉദ്ദേശ്യമാക്കാണ് ഇത്തരം സംഘങ്ങളുടെ ആവിർഭാവത്തിനു പ്രേരകമായി നിൽക്കുന്നതു്. അങ്ങനെ അല്ലാതെയും സംഘങ്ങളാകാം, മുതലിനുടമയും, ഖനികളിൽ പണിയെടുക്കുന്ന തൊഴിലാളികളും ചേർന്നൊരു സംഘമാവുകയും, സംഘകാര്യങ്ങളിൽ തൊഴിലാളികൾക്കു തുല്യമായ പങ്കാളിത്തം നൽകുകയുമാണെങ്കിൽ. ഭാഗ്യക്കേടിന് അങ്ങനെയല്ലല്ലോ ഇത്തരം സംഘങ്ങളുടെ ഘടനയും പ്രവർത്തനവും പോകുന്നതു്. സോഷ്യലിസം ലക്ഷ്യംവെച്ചു നീങ്ങുന്നൊരു രാജ്യത്തിലെ സഹകരണപ്രസ്ഥാനം ഈ മാതിരി നയവൈകൃതം കൈക്കൊള്ളുന്നതു കഷ്ടമായിരിക്കുന്നു.

ഫാർമേഴ്സ് ബാങ്ക്

കൃഷിക്കാർക്കു ദീർഘകാലകടംവായ്പകൾ നല്കി അവരെ സഹായിക്കുവാൻ ഗവൺമെണ്ടു് ഒരു ഫാർമേഴ്സ് (കർഷക) ബാങ്ക് സ്ഥാപിക്കുന്നതിന്നു നിശ്ചയിച്ചിരിക്കുന്നു. ഒരു നല്ല കാര്യമാണതു്. കാർഷികസഹകരണകടംവായ്പാപദ്ധതി കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കിടയിൽ വളരെയേറെ വികസിച്ചിട്ടുണ്ട്. എന്നാലും കർഷകന്റെ കടംവായ്പാ ആവശ്യങ്ങൾ മുഴുവൻ നിർവ്വഹിച്ചുകൊടുക്കത്തക്കനിലയിലേക്കു സഹകരണപ്രസ്ഥാനം ഉയർന്നുവെന്നു പറഞ്ഞുകൂ

ടാ. അവന്റെ ആവശ്യങ്ങളുടെ ചെറിയൊരു ശതമാനം നിർവ്വഹിച്ചുകൊടുക്കുവാനേ സഹകരണത്തിനു കഴിയുന്നുള്ളു. ദീർഘകാലാവശ്യങ്ങളെസംബന്ധിച്ചിടത്തോളം പ്രത്യേകിച്ചും. ആ നിലയ്ക്കു ദീർഘകാലാവശ്യങ്ങൾ നിർവ്വഹിച്ചുകിട്ടത്തക്കവണ്ണം ഒരു സ്ഥാപനമുണ്ടാവുകയാണെങ്കിൽ അതഭികാമ്യമെന്നു പറയാതൊക്കുമോ? പക്ഷേ കർഷകൻ എന്നാൽ ആരാണ്?

ജനസംഖ്യയിൽ 70–80 ശതമാനവും കർഷകരാണെന്നതിനു് അധികൃതസമ്മതിയുണ്ടു്. കർഷകർക്കൊരു സഹകരണബാങ്ക് എന്നു പറയുമ്പോൾ ഈ എഴുപതെൺപതു ശതമാനത്തെയാണല്ലോ നാം മനസ്സിൽ കാണുക? ഗവമ്മെണ്ടിന്റെ കാഴ്ചപ്പാടും അതാണോ? അതെ എന്നു തോന്നുന്നില്ല. ബാങ്കിൽ അംഗങ്ങളാകുന്ന കർഷകകുടുംബങ്ങളിൽനിന്നോരോരുത്തനു സൗജന്യ ഇൻഷ്വറൻസ് അനുവദിക്കുമെന്നും, ആ ആനുകൂല്യം ലഭിക്കണമെങ്കിൽ അംഗകുടുംബം 10,000ക യുടെ ഓഹരി ബാങ്കിൽ എടുത്തിരിക്കണമെന്നും കേന്ദ്രത്തിലെ കൃഷിക്കാര്യമന്ത്രി ഡാക്ടർ ദേശ്മുഖ് പ്രസ്താവിച്ചിരിക്കുന്നതായി കാണുന്നു. ദീർഘകാലവായ്പാനുകൂല്യത്തിനുവേണ്ടി ബാങ്കിൽ 10,000ക.യുടെ ഓഹരിയെടുക്കാൻ കഴിവുള്ള കർഷകരെത്രയുണ്ടു നമ്മുടെ നാട്ടിൽ? 10,000ക.യുടെ ബാങ്ക് ഓഹരിയെടുക്കാൻ കഴിയുന്ന കർഷകൻ എന്തു തരക്കാരനാകും? 10,000ക യുടെ ആവശ്യക്കാരൻ 10,000ക.യുടെ വായ്പക്കായി അത്രയും സംഖ്യ ബാങ്ക് ഓഹരിയിൽ മുടക്കുവാൻ മുതിരുകയില്ലല്ലോ. 10,000ക.യുടെ ഓഹരിക്കാരൻ നിശ്ചയമായും അതിന്റെ എട്ടുപത്തിരട്ടിയെങ്കിലും വരുന്ന തുകയുടെ ആവശ്യക്കാരനായിരിക്കണം. വായ്പാസൗകര്യത്തിന്റെ ആവശ്യക്കാർ അത്തരക്കാരാണോ? രാവുപകൽ പാടത്തിറങ്ങി കുടുംബസമേതം പണിയെടുത്തു പട്ടിണിയും പാടുമായി കഴിയുന്ന പാവപ്പെട്ട ബഹുഭൂരിപക്ഷം വരുന്ന കർഷകർക്കാമാതിരിയാവശ്യങ്ങൾ ഇല്ലാതെ വരുമോ? അവരെ വിസ്മരിച്ചുകൊണ്ടുള്ള ഏതു പദ്ധതിയും കർഷകരുടെ പേരിലറിയപ്പെടാൻ പാടില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. കൃഷിഭൂമിയുടെ ഉടമാവകാശം ഉഴവന്മാർക്കായിരിക്കണമെന്നും, മണ്ണിൽ വിയർപ്പു ചിന്താത്തവൻ കർഷകനാവില്ലെന്നും പ്രഖ്യാപിക്കുന്നൊരു ഗവമ്മെണ്ടു ലക്ഷാധിപന്മാരല്ലാത്ത കർഷകരെ കർഷകരായികാണുകയില്ലെന്നു വരുന്നതു് അത്ഭുതകരമായി തോന്നുന്നു.

സഹകരണമേഖല

നമ്മുടെ സാമ്പത്തികമണ്ഡലം പൊതു, സ്വകാര്യം, സഹകരണം എന്നു മൂന്നു മേഖലകളായി വിഭജിച്ചിരിക്കുകയാണ്. മൂന്നും ചേർന്ന ഒരു സങ്കരസാമ്പത്തികക്രമ (Mixed economy) മാണ് നാമംഗീകരിച്ചിരിക്കുന്നതെന്ന ഒരു ധാരണ പലർക്കും ഉള്ളതായി കാണുന്നു. ഈ സങ്കരക്രമം കാലാകാലം നിലനിൽക്കുമെന്നോ നിലനിർത്തേണ്ടതാണെന്നോ ഉള്ള ധാരണയാണവർക്കുള്ളതെന്നു തോന്നും അവർ സഹകരണത്തെ പരാമർശിച്ച് അഭിപ്രായം പറയുന്നതു കേട്ടാൽ. അവരുടെ ആ ധാരണ ശരിയല്ലെന്നു പറയുവാൻ ഞങ്ങളാഗ്രഹിക്കുന്നു. മുതലാളിത്തം കാലംകഴിഞ്ഞ വ്യവസ്ഥിതിയാണെന്നും ലോകം സോഷ്യലിസത്തിലേയ്ക്കു കുതിച്ചുനീങ്ങിക്കൊണ്ടിരിക്കുകയാണെന്നുമുള്ള വസ്തുത നമുക്കു നിഷേധിച്ചുകൂടാ. മുതലാളിത്തത്തിനും സോഷ്യലിസത്തിനുമിടയ്ക്കു നിൽക്കുന്ന ഒരു സാമ്പത്തികക്രമവുമില്ല. മുതലാളിത്തത്തിൽനിന്നു വിട്ടുകഴിഞ്ഞാൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ചെന്നെത്തിയേ നിൽക്കാനാവൂ. ആ വ്യവസ്ഥിതിയിൽ സ്വകാര്യമേഖല എന്നൊന്നുണ്ടായിക്കൂടല്ലോ. ഉൽപാദനവിതരണങ്ങൾ പൊതു ഉടമയിൽ കൊണ്ടുവരിക സോഷ്യലിസത്തിന്റെ അവശ്യലക്ഷണവുമാകുന്നു. സാമ്പത്തികമണ്ഡലത്തിന്റെ, സ്റ്റേറ്റുടമയിലിരുന്നേ മതിയാകൂ എന്ന വിഭാഗങ്ങളൊഴിച്ചുള്ളവയെല്ലാം ജനാധിപത്യമര്യാദയനുസരിച്ചു, ക്രമത്തിലെങ്കിലും പൊതുഉടമയിലാക്കാതെ പററില്ല. അതിനൊരുപാധിയായേ സഹകരണമേഖലയെ ഗണിച്ചിട്ടുള്ളു; ഗണിക്കുകയും ചെയ്യാവൂ. ആ മേഖലയെ വളർത്തിയെടുത്തു സ്വകാര്യമേഖലയില്ലാതാക്കൽ ആ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കടമയാണ്. അതിനവരെ സഹായിക്കുകയും അവർക്കു നേതൃത്വം വഹിക്കുകയും ചെയ്യേണ്ട കടമ ഗവമ്മെണ്ടിനുമുണ്ടു്. ഈ വസ്തുത സഹകരണത്തിന്റെ വക്താക്കൾ വ്യക്തമായും ഓർമ്മിക്കുന്നതു കൊള്ളാം.

ചെറുകിടവ്യവസായങ്ങളും സഹകരണവും— ജപ്പാൻ മാതൃക.

നാട്ടിൻപുറങ്ങളെ ചെറുകിട വ്യവസായ പദ്ധതിയിലൂടെ സമ്പന്നമാക്കാനുള്ള ബദ്ധപ്പാടാരംഭിച്ചിട്ടെത്രയോ നാളായി. രണ്ടാംപഞ്ചവത്സരപദ്ധതിയിൽതന്നെ അതിനുവേണ്ടി വലിയ സംഖ്യകൾ നീക്കിവച്ചിരുന്നു. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ കൂടുതലാണ് സംഖ്യ. എന്നാൽ ഈ ചെറുകിടവ്യവസായപ്രോത്സാഹനം ഖാദികമ്മീഷൻേറയും ഖാദി ബോർഡിൻേറയും മററും പരിധികളിൽ ഒതുങ്ങിപ്പോയിരിക്കുകയാണ്. യന്ത്രവൽകൃതങ്ങളായ ചെറുകിടവ്യവസായങ്ങൾ നാട്ടിൻപുറങ്ങളിൽ ഉടനീളം സംഘടിപ്പിച്ചു വ്യവസായവൽക്കരണത്തെ ത്വരിതപ്പെടുത്താൻ വ്യക്തമായൊരു പരിപാടി ഇതേവരെ ഉണ്ടായിട്ടില്ല. പടിഞ്ഞാറൻ യൂറോപ്പിലേയും മററും അനുഭവങ്ങൾ നമുക്കത്രയൊന്നും സഹായമാവില്ലെന്നു തോന്നുന്നു. ജപ്പാനിലേയും ചൈനയിലേയും പ്രവർത്തനങ്ങളേ ഇന്ത്യക്കു വഴികാട്ടിയാവൂ. ജാപ്പനീസ് സമ്പ്രദായങ്ങളെപ്പററി അന്വേഷണം നടത്തിയ വിദഗ്ദ്ധന്മാരുടെ റിപ്പോർട്ടുകൾ വന്നിട്ടിപ്പോൾ കാലം കുറേയായി. പക്ഷേ ഇപ്പോഴും അമ്മാതിരി റിപ്പോർട്ടുകളുടേയും മററും അടിസ്ഥാനത്തിൽ രാജ്യത്തുമുഴുവൻ നടപ്പാക്കാവുന്നൊരു പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. ചിലേടത്തു സഹകരണാടിസ്ഥാനത്തിൽ ചെറുകിടവ്യവസായങ്ങൾ കെട്ടിപ്പടുക്കാനുള്ള ഏജൻസികൾ ഉണ്ടായിവരുന്നുണ്ട്. വേറെ ചിലേടത്തു വ്യക്തികൾ തങ്ങളുടേതായി ചെറുകിടവ്യവസായങ്ങൾ സംഘടിപ്പിക്കുന്നതായറിയാം. ഇതിലൊന്നും ദേശീയതാല്പര്യത്തെ കരുതിക്കൊണ്ടുള്ള ഒരു പരിപാടി ഇല്ലെന്നാണറിവ്. ഓരോ ഏജൻസിയും ഓരോ വ്യക്തിയും അതാതിന്റെ വഴിക്കങ്ങിനെ പോകുന്നുവെന്നേയുള്ളു. പഞ്ചവത്സരപദ്ധതിയുടെ അടിസ്ഥാനത്തിൽ കിട്ടേണ്ട പ്രോത്സാഹനം അർഹതയുള്ള പല സ്ഥാപനങ്ങൾക്കും കിട്ടുന്നില്ല. രാഷ്ട്രീയത്തിന്റെ ബലത്തിന്മേൽ അനർഹങ്ങളായ പലതിനും ധനസഹായം കൈവരുന്നുണ്ടുതാനും. അസംസ്കൃതസാധനങ്ങൾ സപ്ലൈചെയ്യാനുള്ള ചട്ടംകെട്ടുകളോ ഉല്പന്നങ്ങൾക്കു കമ്പോളം സൃഷ്ടിക്കാനുള്ള പരിശ്രമങ്ങളോ ഗവമ്മേണ്ടിന്റെ ഭാഗത്തുനിന്നു സാരമായി ചെയ്തുകാണുന്നില്ല. ഈ സ്ഥിതിഗതികൾ മുന്നിൽവെച്ച് ഈയിടെ വി. ഡി. പാണ്ഡ്യ മഹാരാഷ്ട്ര കോഓപ്പറേററീവ് ക്വാർട്ടേലിയിൽ എഴുതിയിട്ടുള്ള ഒരു ലേഖനം നമ്മുടെ ശ്രദ്ധയെ വിശേഷിച്ചാകർഷിക്കുന്ന ഒന്നാണ്. ആ ലേഖനത്തിലദ്ദേഹം ജപ്പാനിലെ ചെറുകിട വ്യവസായങ്ങളെപ്പററി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ സംഗ്രഹിക്കാം.

ജപ്പാനെന്നു കേൾക്കുമ്പോൾ വലിയൊരു രാജ്യമാണെന്ന് ധരിച്ചുപോകരുത്. രാജസ്ഥാൻ സംസ്ഥാനത്തിന്റെ വലിപ്പമേയുള്ളു അതിന്ന്. ഒരു ലക്ഷത്തിനാല്പത്തയ്യായിരം ചതുരശ്രമൈലിനുള്ളിൽ ഒൻപതുകോടിയിൽപരം ജനങ്ങളുണ്ട്. എന്നുവെച്ചാൽ രാജസ്ഥാനിലെ ജനസംഖ്യയുടെ ഏതാണ്ട് ആറിരട്ടി എന്നർത്ഥം. കുന്നുകളും മലകളും താഴ്വരകളും മററും കഴിച്ചാൽ ജനങ്ങൾക്കു പെരുമാറാൻ കിട്ടുന്ന ഭൂമി വളരെ കുറയുമല്ലോ. ഭൂമിയിന്മേൽ ജനസംഖ്യയുടെ സമ്മർദ്ദം വളരെ കലശലാണ്. അക്കാരണത്താൽ നാട്ടിൻപുറങ്ങൾ വ്യവസായവൽക്കരിച്ചു ദേശീയവരുമാനം വർദ്ധിപ്പിക്കാനുള്ള പരിപാടി പണ്ടേ ആരംഭിക്കുകയുണ്ടായി. ജപ്പാനിൽ 1870നും 1960നും ഇടയ്ക്കുണ്ടായ വളർച്ചയിൽ നല്ലൊരു ശതമാനം അവിടത്തെ ഗ്രാമീണവ്യവസായങ്ങൾക്കു വകവെച്ചുകൊടുക്കേണ്ടതായിട്ടാണിരിപ്പ്.

ജപ്പാനിലെ ചെറുകിടവ്യവസായങ്ങൾക്കൊരു സവിശേഷതയുണ്ട്. അധികം എണ്ണവും വൻകിടവ്യവസായങ്ങളുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. വ്യവസായമേഖലയിൽ ഒട്ടാകെ ജോലിചെയ്യുന്ന രണ്ടുകോടിയിൽ പരം തൊഴിലാളികളിൽ എഴുപത്താറുശതമാനവും ചെറുകിടവ്യവസായങ്ങളിലാണ്. ഇരുനൂറിൽ താഴെ തൊഴിലാളികളെവീതം ഏർപ്പെടുത്തിയിട്ടുള്ള ഗ്രാമീണ വ്യവസായങ്ങളുടെ വകയാണ് ജപ്പാന്റെ കയറ്റുമതിയിൽ 51 ശതമാനം.

ഇത്രയും അഭിവൃദ്ധി ചെറുകിട വ്യവസായങ്ങൾക്കുണ്ടാക്കിക്കൊടുക്കാൻ സഹായിച്ചിട്ടുള്ള സ്ഥാപനങ്ങൾ പലതാണ്. സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾക്ക് ധനസഹായംചെയ്യുവാൻ 'സൻട്രൽ കോവോപ്പറേറ്റീവ് ബാങ്ക് ഫോർ കമേർസ്യൽ ആൻറ് ഇൻഡസ്ട്രിയൽ കോവോപ്പറേറ്റീവ്സ്'' എന്നൊരു മഹാസ്ഥാപനമുണ്ട്. ''സ്മോൾ ബിസിനസ് ഫൈനാൻസ് കോർപ്പറേഷൻ, പീപ്പിൾസ് ഫൈനാൻസ് കോർപ്പറേഷൻ'' എന്നീ സ്ഥാപനങ്ങൾ മറ്റേജൻസികൾ സംഘടിപ്പിച്ചിട്ടുള്ള വ്യവസായങ്ങളെ സഹായിക്കാനുള്ളവയാണ്. സഹകരണാടിസ്ഥാനത്തിലുള്ള ഏജൻസികൾക്കും ഈ സ്ഥാപനങ്ങളിൽനിന്നു് പ്രോത്സാഹനം കിട്ടുന്നില്ലെന്നില്ല. രാഷ്ട്രീയത്തിന്റെ ചരടിന്മേലല്ല സാമ്പത്തികസഹായത്തിനുള്ള ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുപോരുന്നത്. ചെറുകിട വ്യവസായങ്ങളെ ശക്തിപ്പെടുത്തി ജപ്പാന്റെ കയറ്റുമതിക്കുതകുംവിധം പരമാവധി വികസിപ്പിക്കണം എന്നതാണവയുടെ മുഖ്യോദ്ദേശം. ചെറുകിട വ്യവസായസ്ഥാപനങ്ങളെ ഗവൺമെണ്ടും യഥായോഗ്യം സഹായിക്കുന്നുണ്ട്. കടംവായ്പകൾക്കുപുറമേ, നികുതിയിളവും വ്യവസായസ്ഥാപനങ്ങളുടെ മാനേജ്മെണ്ടിൽ മാർഗ്ഗദർശനവും യന്ത്രസജ്ജീകരണങ്ങൾക്കും മറ്റുമായി സബ്സിഡിയുംകൂടി ഗവൺമെണ്ടിന്റെ ഭാഗത്തുനിന്നു കിട്ടും.

ചെറുകിടവ്യവസായങ്ങളെ സംരക്ഷിക്കുവാൻവേണ്ടി പുതിയ മൂന്നു നിയമങ്ങൾ അവിടെ ഗവൺമെണ്ടു നടപ്പാക്കിയിട്ടുണ്ട്. സ്മോൾ ബിസിനസ് ഓർഗനൈസേഷൻലാ, സ്മോൾ ബിസിനസ്സ് സ്റ്റെബിലൈസേഷൻലാ, സ്മോൾ ബിസിനസ്സ് കോവോപ്പറേറ്റീവ്ലാ എന്നിവയാണവ.

കളിപ്പാട്ടങ്ങൾ, തുണിത്തരങ്ങൾ, പ്ലൈവുഡ്കൊണ്ടും ലോഹംകൊണ്ടുമുള്ള പലമാതിരി ഉപകരണങ്ങൾ, തുന്നൽയന്ത്രങ്ങൾ, കളിമൺസാമാനങ്ങൾ, സംഗീതോപകരണങ്ങൾ, നൈലോൺ ചെരുപ്പുകൾ എന്നിങ്ങനെ പലയിനങ്ങളും മൊത്തമായുൽപാദിപ്പിച്ചു കയറ്റി അയക്കുവാൻ നാട്ടുമ്പുറങ്ങളിലെ ചെറുകിടവ്യവസായ സ്ഥാപനങ്ങൾക്ക് സാധിക്കുന്നുണ്ട്. കരകൗശലപ്രധാനങ്ങളായ കൗതുകവസ്തുക്കളും മൊത്തമായുൽപാദിപ്പിക്കുന്ന വില്ലേജ് ഏജൻസികളുണ്ട്.

ചെറുകിട വ്യവസായോല്പന്നങ്ങൾ കയറ്റി അയക്കുന്ന കാര്യത്തിൽ എല്ലാ ചുമതലകളും ഏറ്റെടുത്തിട്ടുള്ള ഒരു സ്ഥാപനമാണ് 'ജട്രോ' (ജാപ്പനീസ് എക്സ്പോർട്ട് ട്രേഡ് പ്രൊമോഷൻ ഏജൻസി.) മറുനാട്ടു കമ്പോളങ്ങളിൽ ഏതേതുല്പന്നങ്ങൾക്ക് ഏതേതുതോതിൽ ഡിമാൻറുണ്ടെന്നു് അപ്പപ്പോൾ അന്വേഷിച്ചറിയുകയും അതനുസരിച്ചു ഗ്രാമീണവ്യവസായപ്രമുഖന്മാർക്കു നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുകൊണ്ടാണ് ''ജട്രോ'' ചെറുകിടവ്യവസായോല്പന്നങ്ങൾ മാർക്കറ്റുചെയ്യുന്നത്. പിസ്റ്റൺ, നട്ട്, ബോൾട്ട്, റിവെറ്റ്, വാൽവ് എന്നിങ്ങനെ ഫൗണ്ടറികളിൽ ഉല്പാദിപ്പിക്കേണ്ട ഇനങ്ങളും ചെറുകിട വ്യവസായങ്ങളുടെ പരിപാടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏറെക്കുറെ വൻകിട ഫാക്ടറികളായി മത്സരിച്ചുതന്നെ ഈ ഇനങ്ങൾ ഉല്പാദിപ്പിച്ചു വിറ്റഴിക്കുവാൻ ചെറുകിടവ്യവസായങ്ങൾക്ക് കഴിയുന്നുണ്ട്.

ജപ്പാനിൽ ചെറുകിടവ്യവസായങ്ങൾ മിക്കതും നാട്ടിൻപുറങ്ങളിലാണ്. വൻകിടവ്യ

പ്ലാനിങ്ങും സഹകരണവും ജനാധിപത്യവും

(പി. എൻ. മൂസ്സത്, എം. എ., ജെ. ഡി , ന്യൂ ഡെല്ലി.)

സഹകരണം ഇന്ത്യയുടെ മണ്ണിൽ രൂഢമൂലമായിട്ടുണ്ട്. വളരെക്കാലം മുമ്പുതന്നെ ഭാരതീയർ ജീവിതത്തിന്റെ വിവിധ തുറകളിലും സഹകരണാദർശങ്ങൾ പ്രയോഗിച്ചു തുടങ്ങിയിരുന്നു. തികച്ചും സഹകരണാത്മകമായ ജീവിതമാണ് ഇന്ത്യയിൽ സ്വയംസമ്പൂർണ്ണമായി, ഒററപ്പെട്ടു കിടന്നിരുന്ന അസംഖ്യം ഗ്രാമങ്ങളിലെ സമ്പദ്‌വ്യവസ്ഥയ്ക്ക് ആണിക്കല്ലായിരുന്നത്.

നമ്മുടെ പൌരാണിക സഹകരണസമ്പ്രദായങ്ങളെ ഒഴിച്ചു നിർത്തിയാലും, അധുനാതന സഹകരണപ്രസ്ഥാനത്തിനുതന്നെ അരശതാബ്ദത്തിനപ്പുറം പഴക്കമുണ്ട്. എളിയ തോതിലും ആർഭാടരഹിതമായും ആരംഭിച്ച ഈ പ്രസ്ഥാനം നാടാകെ പരക്കുകയും, വികസിക്കുകയും വൈവിധ്യപൂർണ്ണമാവുകയും ചെയ്തിട്ടുണ്ട്. ഇന്ന് ഇന്ത്യക്കാരുടെ സാമൂഹ്യസാമ്പത്തികജീവിതത്തിനു രൂപം കൊടുക്കുന്ന ഒരു മഹാശക്തിയായി അതു വളർന്നു കഴിഞ്ഞിരിക്കുന്നു.

വ്യവസായങ്ങൾക്ക് ആവശ്യമായ പലയിനങ്ങളും ഉണ്ടാക്കി സപ്ലൈ ചെയ്യുവാനുള്ള ചുമതലയും അവകാശവും ചെറുകിടവ്യവസായങ്ങൾക്കു വിട്ടുകൊടുത്തിട്ടുണ്ട്. അസംസ്കൃതസാധനങ്ങൾ സപ്ലൈചെയ്യുന്നതും ഉല്പന്നങ്ങൾ അതാതിടങ്ങളിൽനിന്നു ഏറെറടുത്തു കൊണ്ടുപോരാനും ആവശ്യമായ ചട്ടംകെട്ടുകൾ വൻകിട ഫാക്ടറികളുടെ നേതൃത്വത്തിലുണ്ട്. ഈ അന്യോന്യസഹകരണം ചെറുകിടവ്യവസായങ്ങളുടെ അഭിവൃദ്ധിക്ക് വളരെ ഉപകരിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ.

ചെറുകിട വ്യവസായങ്ങളെ വെവ്വേറെയും വൻകിടവ്യവസായങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടും ദേശീയാടിസ്ഥാനത്തിൽ തികച്ചും സംഘടിതമായൊരു ഉല്പാദനവിതരണപരിപാടി ജപ്പാനിലുള്ളതുപോലെ ഇന്ത്യയിലും നടപ്പാക്കേണ്ടകാലം വൈകി. നാട്ടിൽ പണ്ടേയുള്ള ചെറുകിടവ്യവസായങ്ങൾ ഉജ്ജീവിപ്പിച്ചാൽമാത്രംപോര. യന്ത്രസഹായത്തോടുകൂടി ചെറുകിട യൂണിററുകളിൽ ഒട്ടാകെ മൊത്തമായിത്തന്നെ ഉല്പാദിപ്പിക്കാവുന്ന പുതിയ ഇനങ്ങൾ ധാരാളമുണ്ട്. അവയെച്ചൊല്ലിയുള്ള ചെറുകിടവ്യവസായങ്ങൾ കൂടുതലുണ്ടാകണം. ജപ്പാനെ മാതൃകയാക്കി ശ്രീ. വി. ഡി. പാണ്ഡ്യ നിർദ്ദേശിച്ചിട്ടുള്ള നടപടികൾ താഴെ പറയുന്നവയാണ്.

1. സഹകരണാടിസ്ഥാനത്തിലുള്ള ചെറുകിട വ്യവസായങ്ങൾക്കു കുറഞ്ഞ പലിശയിന്മേൽ പണം കടം കൊടുക്കാനുള്ള വ്യവസായസഹകരണബാങ്കുകൾ സ്ഥാപിക്കണം.

2. അസംസ്കൃതസാധനങ്ങൾ തേടിപ്പിടിച്ചു വേണ്ടതോതിൽ സപ്ലൈചെയ്യാനുള്ള ഏജൻസികൾ ഏർപ്പെടുത്തണം.

3. നാട്ടിൻപുറങ്ങളിൽ പുതിയ വ്യവസായങ്ങൾക്കനുയോജ്യമായ പരിശീലനം നൽകാൻ വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കണം.

4. ഈ സൌകര്യങ്ങളെപ്പററി വീടുതോറും കയറിയിറങ്ങി പറഞ്ഞുമനസ്സിലാക്കാനുള്ള ഒരു പ്രൊപ്പഗൻഡാ ഏജൻസിയെ ഏർപ്പെടുത്തണം.

വി. സി. പാണ്ഡ്യ മഹാരാഷ്ട്ര കോ-ഓപ്പറേററീവ് ക്വാർട്ടലിയിൽ എഴുതിയ ലേഖനത്തിൽനിന്നു സംഗ്രഹിച്ചത്.

വിവാദവിഷയം

ഈ പരിതഃസ്ഥിതിയിലും നമ്മുടെ ദേശീയസമ്പദ്‌വ്യവസ്ഥയിൽ സഹകരണത്തിനുള്ള സ്ഥാനം ഒരു വിവാദവിഷയമായിരിക്കുന്നതേയുള്ളു. സമ്പദ്‌വ്യവസ്ഥയെ അപ്പാടെ സഹകരണാധിഷ്ഠിതമാക്കാൻ സാദ്ധ്യമല്ലെന്നിരുന്നാലും സാമ്പത്തികജീവിതത്തിന്റെ മിക്ക വിഭാഗങ്ങളിലും സഹകരണം പ്രയോഗിക്കുന്നതിലാണ് നമ്മുടെ 'മോക്ഷ'മിരിക്കുന്നതെന്ന പക്ഷക്കാരുണ്ട്. സഹകരണപ്രസ്ഥാനത്തെത്തന്നെ കുഴിച്ചുമൂടണമെന്ന അഭിപ്രായക്കാരും ഇല്ലാതില്ല.

സഹകരണകൃഷി ദേശീയാടിസ്ഥാനത്തിൽ നടപ്പാക്കാൻ ഈ അടുത്തകാലത്തുണ്ടായ തീരുമാനത്തോടുകൂടി മിക്കവാറും സാമ്പത്തികമായ ഈ പ്രശ്നത്തിനു കൂടുതൽ സാമൂഹ്യഛായയും രാഷ്ട്രീയഛായയും കിട്ടിയിട്ടുണ്ട്. സഹകരണത്തിന് അനുകൂലമായും പ്രതികൂലമായും ചൂടുപിടിച്ച വാദപ്രതിവാദങ്ങളാണ് രാഷ്ട്രീയമണ്ഡലങ്ങളിൽ ഉയർന്നു കേൾക്കുന്നത്. ഈ പ്രശ്നം ഒരു പുതിയ രാഷ്ട്രീയപാർട്ടിയുടെ ആവിർഭാവത്തിനുകൂടി കാരണമായിരിക്കുന്നു.

കക്ഷിരാഷ്ട്രീയക്കാരെത്ര മുറവിളി കൂട്ടിയാലും വെറും സാമൂഹ്യസാമ്പത്തികപ്രസ്ഥാനമായ സഹകരണത്തെ അങ്ങിനെതന്നെ വീക്ഷിച്ചേ തീരൂ. നമ്മുടെ ദേശീയസമ്പദ്‌വ്യവസ്ഥയിൽ സഹകരണമാർഗ്ഗത്തിനുള്ള സ്ഥാനം നിഷ്പക്ഷമായും വസ്തുനിഷ്ഠമായും പരിശോധിക്കപ്പെടേണ്ടതാണ്. അതിന്റെ ആശാസ്യതയും ഉപയോഗവും നമ്മുടെ സാമൂഹ്യസാമ്പത്തികപരിതഃസ്ഥിതികളുടേയും, ആവശ്യങ്ങളുടേയും, സ്വീകരിച്ചുകഴിഞ്ഞ സുപ്രധാന ലക്ഷ്യങ്ങളുടേയും പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഏറ്റവും നല്ല മാർഗ്ഗമാണോ സഹകരണം? അതു നമ്മുടെ ആദർശങ്ങളും ആചാരങ്ങളുമായി പൊരുത്തപ്പെടുന്നതാണോ? അടിസ്ഥാനമൂല്യങ്ങളിലും ആചാരങ്ങളിലും എത്രമാത്രം മാറ്റങ്ങൾ അതു വരുത്തിവെയ്ക്കും? ഇപ്പറഞ്ഞ കാര്യങ്ങൾ നമ്മുടെ ഇന്നത്തേയും നാളത്തേയും സമ്പദ്‌വ്യവസ്ഥയുടെ ഘടനയിൽ സഹകരണത്തിനുള്ള സ്ഥാനം നിർണ്ണയിക്കുമ്പോൾ അവഗണിച്ചുകൂടാത്തവയാണ്.

ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും

നമ്മുടെ സ്വതന്ത്രരാഷ്ട്രം ചില അടിസ്ഥാനലക്ഷ്യങ്ങളെ താത്വികമായി സ്വീകരിച്ചിട്ടുണ്ട്. ഈ ലക്ഷ്യങ്ങൾക്കനുസൃതമായ സാമൂഹ്യസാമ്പത്തികനയങ്ങൾ രൂപീകരിച്ചു കഴിഞ്ഞിട്ടുമുണ്ട്. ജനായത്തഭരണം, സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈററി, ആസൂത്രണം— ഈ മൂന്നു പദങ്ങളിൽ മിക്കവാറും ഒതുക്കി നിർത്താവുന്നവയാണ് ഈ ലക്ഷ്യങ്ങളെന്നു തോന്നുന്നു.

ജനായത്തം— രാഷ്ട്രീയവും സാമ്പത്തികവും

തികച്ചും ജനായത്തമായ ഒരു ഭരണക്കൂടമാണ് നമുക്കുള്ളത്. ജനായത്തഭരണം സാർവ്വത്രികമാക്കാനും അതിന്റെ അടിത്തറ ആവുന്നത്ര വിപുലമാക്കാനും നാം പരമാവധി യത്നിക്കുന്നു. രാഷ്ട്രീയപരമാധികാരം വികേന്ദ്രീകരിക്കണമെന്ന സദുദ്ദേശത്തോടെ ഒരു 'ഫെഡറൽ' ഭരണഘടന സ്വീകരിക്കപ്പെട്ടിരിക്കുന്നു. പുതിയ അധികാരവികേന്ദ്രീകരണപദ്ധതിയനുസരിച്ചു പഞ്ചായത്ത്, പഞ്ചായത്തു സമിതി, ജില്ലാപരിഷത്ത് തുടങ്ങിയ ജനകീയഘടകങ്ങൾക്കു കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ടിരിക്കയുമാണ്.

എന്നാൽ, സാമ്പത്തികജനാധിപത്യം കൂടാതെയുള്ള രാഷ്ട്രീയജനാധിപത്യം നിരർത്ഥകമാണ്. സാമ്പത്തികജനാധിപത്യത്തിനു സ്വാതന്ത്ര്യം സമത്വം എന്നിങ്ങനെ രണ്ടു ഘടകങ്ങളാണുള്ളത്. താന്താങ്ങളുടെ സാമ്പത്തികകാര്യങ്ങളിൽ വേണ്ട തീരുമാനങ്ങളെടുക്കാനും സ്വ

ഛാനുസാരം പ്രവർത്തിക്കാനും വ്യക്തികൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുകയെന്നാണ് സാമ്പത്തികസ്വാതന്ത്ര്യംകൊണ്ടുദ്ദേശിക്കുന്നത്. ഈ സ്വാതന്ത്ര്യത്തിന്മേൽ ചില്ലറ നിയന്ത്രണവും നിർബ്ബന്ധവും ചെലുത്തേണ്ടി വന്നാൽത്തന്നെ അവ പൊതുനന്മയെ ലാക്കാക്കി ഭൂരിപക്ഷം ന്യൂനപക്ഷത്തിന്മേൽ ചെലുത്തുന്നവയായിരിക്കണം. സാമ്പത്തികസമത്വംകൊണ്ടുദ്ദേശിക്കുന്നത് എല്ലാവർക്കും വളരാനും വികസിക്കാനുമുള്ള സന്ദർഭം ഒരുപോലെ ഉണ്ടായിരിക്കണമെന്നും തുല്യാവകാശമുള്ളവർക്ക് തുല്യമായ ചുമതലകളുണ്ടാവണമെന്നുമാണ്.

മറേറതു സാമ്പത്തികതത്വശാസ്ത്രത്തേക്കാളും സ്വാതന്ത്ര്യത്തിലും സമത്വത്തിലും അധിഷ്ഠിതമായതാണ് സഹകരണതത്വശാസ്ത്രം. യഥാർത്ഥത്തിൽ, സഹകരണം പ്രായോഗികസാമ്പത്തികജനാധിപത്യമല്ലാതെ മറെറാന്നുമല്ല. സഹകരണസംഘങ്ങൾ ജനായത്തസംഘടനകളാണ്. അംഗങ്ങൾക്കെല്ലാംതന്നെ തുല്യമായ അവകാശങ്ങളും ചുമതലകളും അവയിലുണ്ട്. നീതിപൂർവ്വകമായ ലാഭവിഭജനവും അംഗങ്ങളുടെ പരമാധികാരവുംകൂടി അവയുടെ പ്രത്യേകതകളാണ്.

സോഷ്യലിസ്റ്റിക് പാറേറൺ—മദ്ധ്യമാർഗ്ഗം

ജനാധിപത്യത്തോടു ബന്ധപ്പെട്ടു കിടക്കുന്ന ലക്ഷ്യമാണ് സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമ്പദ്‌വ്യവസ്ഥിതി സ്ഥാപിക്കുകയെന്നത്. പക്ഷേ, "സോഷ്യലിസ്റ്റ് പാറേറൺ" അത്ര വ്യക്തവും അസന്ദിഗ്ദ്ധവുമായ ഒന്നല്ല. വ്യക്തിസിദ്ധാന്തവും, കടുത്ത വ്യാപാരമത്സരവും, കൊള്ളലാഭവും, സാമൂഹ്യനിയന്ത്രണത്തിന്റേയും പൊതുക്ഷേമത്തിന്റേയും നിഷേധവും മററും ഉയർത്തിപ്പിടിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയിൽനിന്നും വളരെ ദൂരം ഇതു നമ്മെ എത്തിക്കുന്നുണ്ട്. അതേ സമയം വ്യക്തിസ്വാതന്ത്ര്യം ബലി കഴിക്കുകയും, രാഷ്ട്രം കുത്തക സംരംഭങ്ങൾ നടത്തുകയും, കേന്ദ്രീകൃതമായ ആസൂത്രണം നിർവ്വഹിക്കുകയും ചെയ്യുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥിതിയോളംതന്നെ ഈ 'പാറേറൺ' നമ്മെ നയിക്കുന്നില്ല.

സമ്പദ്‌വ്യവസ്ഥയെ സ്ഥിതിസമത്വാനുഖമാക്കുകയെന്നാണ് സോഷ്യലിസ്റ്റ് പാറേറൺകൊണ്ട് ഉദ്ദേശിക്കുന്നതെന്നു പറഞ്ഞാൽ തെററാവില്ല. ഉല്പാദനവർദ്ധനവും കൂടുതൽ നീതിപൂർവ്വമായ വിതരണവും ഈ മാതൃകയിൽ തുല്യപ്രാധാന്യമർഹിക്കുന്നവയാണ്. വ്യക്തികളുടെ സ്വകാര്യലാഭമവഗണിച്ചും സമുദായത്തിന്റെ പൊതുനന്മയെ ലാക്കാക്കി ഉല്പാദനവിതരണങ്ങൾ നടത്തുക ഈ വ്യവസ്ഥിതിക്ക് അടിസ്ഥാനമായിരിക്കണം. എന്നാൽ ഈ പ്രക്രിയ വ്യക്തികളുടെ താല്പര്യങ്ങളെ കഴിയുന്നത്ര നിഹനിക്കാതെയാവണമെന്നും സാമ്പത്തികശക്തിയും ആനുകൂല്യങ്ങളും ആവുന്നത്ര വികേന്ദ്രീകൃതമായിരിക്കണമെന്നുകൂടി വിവക്ഷയുണ്ട്. ഒററ വാചകത്തിൽ പറഞ്ഞാൽ, വ്യക്തികളുടെ താല്പര്യങ്ങളെ സമൂഹത്തിന്റെ താല്പര്യങ്ങളുമായി പൊരുത്തപ്പെടുത്തിക്കൊണ്ടുപോകുകയും കൂടുതൽ ആളുകൾക്ക് കൂടുതൽ സന്തുഷ്ടിയും ക്ഷേമവും കൈവരുത്തുകയുമാണ് ഈ വ്യവസ്ഥിതിയുടെ ജീവൻ.

വ്യക്തിസമൂഹനേതൃത്വങ്ങളിൽനിന്നു വിഭിന്നവും രണ്ടിനുമിടയ്ക്കു നില്ക്കുന്നതുമായ സഹകരണത്തിന്റെ രത്നച്ചുരുക്കവും ഇതുതന്നെയാണ്. പൊതുനന്മക്കുവേണ്ടി നിലകൊള്ളുന്ന സഹകരണം വ്യക്തികളുടെ താല്പര്യങ്ങളും സഹകരിക്കുന്ന ചെറുസമൂഹങ്ങളുടെ താല്പര്യങ്ങളും പൊരുത്തപ്പെടുത്താനും സാമ്പത്തികവികേന്ദ്രീകരണം സാധിക്കാനും പരമാവധി ശ്രമിക്കുന്നു.

ആസൂത്രണം—ജനാധിപത്യപരവും ഏകാധിപത്യപരവും

സോഷ്യലിസ്റ്റ് മാതൃകയിലുള്ള സാമൂഹ്യവ്യവസ്ഥിതി സ്ഥാപിക്കുകയെന്നത് ഒരു വിദൂരലക്ഷ്യവും ദീർഘകാലപദ്ധതിയുമാണ്. ഇതു

പ്രായോഗികമാക്കേണ്ടതു് ഒട്ടുമുക്കാലും ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തികസാമൂഹ്യാസൂത്രണംവഴിക്കാകുന്നു.

ആസൂത്രണംകൊണ്ടു് നാം ഉദ്ദേശിക്കുന്നതു സമുദായം അതിന്റെ പ്രതിനിധിയായ രാഷ്ട്രത്തിൽക്കൂടി നിർവ്വഹിക്കുന്ന സ്റ്റേററ പ്ലാനിങ്ങാണു്. കുറെയൊക്കെ കേന്ദ്രീകൃതമായ നിയന്ത്രണവും മുകളിൽനിന്നുള്ള സംവിധാനവും കൂടാതെ വൻതോതിലുള്ള ആസൂത്രണം സാദ്ധ്യമാവില്ല. ദേശീയവിഭവങ്ങളെ നിർദ്ദിഷ്ടലക്ഷ്യങ്ങളുടെ പ്രാപ്തിക്കായി ഏകീകൃതമായും മുൻഗണനകളനുസരിച്ചും ഉപയുക്തമാക്കാൻ ഇതാവശ്യമാണു്.

എങ്കിലും, ആസൂത്രണം എല്ലായിടത്തും എല്ലായ്പ്പോഴും സ്വേച്ഛാധിപത്യപരവും ജനാധിപത്യവിരുദ്ധവുമാവുമെന്നു് ധരിക്കരുതു്. ആസൂത്രണവും ജനാധിപത്യവും തമ്മിൽ സഹവർത്തനമാവാം. ആസൂത്രണം തികച്ചും ജനാധിപത്യപരമാക്കാമെന്നു നാം വിശ്വസിക്കുന്നു.

ഒരു രാഷ്ട്രം വികസനപദ്ധതികൾ എങ്ങിനെ രൂപീകരിക്കുന്നുവെന്നതിനേയും അവ എങ്ങനെ നടപ്പാക്കുന്നുവെന്നതിനേയും ആശ്രയിച്ചാണു് ആസൂത്രണം ജനാധിപത്യപരമോ സ്വേച്ഛാധിപത്യപരമോ ആവുന്നതു്. ഏതെങ്കിലും കേന്ദ്രീകൃത 'അതോറിററി' ജനങ്ങളുടെ പങ്കാളിത്തമില്ലാതേയും അനുവാദമില്ലാതേയും പദ്ധതികൾ ആവിഷ്കരിക്കുകയും അതിന്റെ സിൽബന്ധികൾവഴി അവ നിർബ്ബന്ധിച്ചു നടപ്പിൽ വരുത്തുകയുമാണു് ചെയ്യുന്നതെങ്കിൽ ആ ആസൂത്രണം ഏകാധിപത്യപരമാണു്. പ്രത്യുത, പദ്ധതികൾ ആവിഷ്കരിക്കുന്നതു ജനാഭിലാഷമനുസരിച്ചാവുകയും നടപ്പിൽ വരുത്തുന്നതു ജനകീയസ്ഥാപനങ്ങൾവഴി ജനതയുടെ പങ്കാളിത്തത്തോടും അനുഭാവത്തോടുംകൂടിയാവുകയും ചെയ്യുമ്പോൾ ആസൂത്രണം ജനാധിപത്യപരമാവുന്നു.

ആസൂത്രണത്തെ ഒന്നാകെ ജനാധിപത്യപരമാക്കാൻ ഏററവും പററിയ ഏജൻസികളാണു് സഹകരണസംഘങ്ങൾ. കാരണം, സഹകരണസംഘടനതന്നെ ഏറെക്കുറെ ആസൂത്രണത്തിൽ ഊന്നിനില്ക്കുന്നതാണു്. ഓരോ സഹകരണസംഘവും അതിന്റെ വിഭവങ്ങളെ കണക്കിലെടുത്തുകൊണ്ടു് പരിപാടികൾ ആസൂത്രണം ചെയ്യുകയും മുൻഗണനകളനുസരിച്ചു് നിർദ്ദിഷ്ടലക്ഷ്യങ്ങൾ നേടാനായി ഏകീകൃതമായി പ്രവർത്തിക്കുകയുമാണു് ചെയ്യുന്നതു്.

ഒരേയൊരു മാർഗ്ഗം

ജനാധിപത്യവും, സോഷ്യലിസ്റ്റ്‌വ്യവസ്ഥിതിയും, ആസൂത്രണവും അന്യോന്യം വേർപെട്ടവയും സ്വതന്ത്രങ്ങളുമല്ല. അവ പരസ്പരം ബന്ധമുള്ളവയും ഒന്നിൽനിന്നു മറെറാന്നിനെ വേർതിരിക്കാൻ പററാത്തവയുമാണു്. അങ്ങിനെ, സാമ്പത്തികജനാധിപത്യം നമ്മെ കൂടുതൽ മെച്ചപ്പെട്ട ഒരു സാമൂഹ്യവ്യവസ്ഥിതിയിലേക്കു നയിക്കുന്നു. രണ്ടാമത്തേതു് ആസൂത്രണത്തിന്റെ ആവശ്യം അനിവാര്യമാക്കുകയും ചെയ്യുന്നു. എന്നാൽ അവതമ്മിൽ പലപ്പോഴും തമ്മിൽ പൊരുത്തപ്പെടാത്തവയാണെന്നു തോന്നാം.

എന്നാൽ, സാധിക്കാത്ത ലക്ഷ്യങ്ങളാണു് നാം മുറുകെപ്പിടിക്കുന്നതെന്നു വരുമോ? സോഷ്യലിസത്തിനും ആസൂത്രണത്തിനുംവേണ്ടി നമ്മുടെ ജനാധിപത്യം കശാപ്പുചെയ്യപ്പെടുമോ? ഇല്ല, തീർച്ചയായും ഇല്ല. സോഷ്യലിസം നിർബ്ബന്ധപൂർവ്വം അടിച്ചേല്പിച്ചതാവണമെന്നില്ല. ഭൂരിപക്ഷം ജനങ്ങളുടെ പിന്തുണയുള്ള ജനായത്തഭരണകൂടം സാമൂഹ്യാടിസ്ഥാനത്തിലുള്ള സമ്പദ്‌വ്യവസ്ഥ വിഭാവനം ചെയ്തെന്നു വരാം. സോഷ്യലിസം ജനാധിപത്യപരമാവാമെന്നർത്ഥം. ആസൂത്രണത്തെസംബന്ധിച്ചും ഇപ്പറഞ്ഞതു വാസ്തവമാണു്. മുകളിൽനിന്നു് അടിച്ചേല്പിക്കാതെ, താഴത്തുനിന്നു് പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയും നടത്തപ്പെടുകയുമാവാം. ആ പദ്ധതികളെ ഉന്നതതലങ്ങളിൽ 'കോ–ഓർഡിനേററു്' ചെയ്യുകയുമാവാം.

ഈ പശ്ചാത്തലത്തിലാണു് സഹകരണത്തിന്റെ യഥാർത്ഥസ്ഥാനം നിർണ്ണയിക്കേണ്ട

സഹകരണം ഇംഗ്ലണ്ടിൽ

ഓവന്റെ അനുഭവപാഠങ്ങൾ

(ടി. കെ. കുഞ്ഞയ്യപ്പൻ)

പരാജയത്തിൽനിന്നു്

ഓവനും കൂട്ടുകാരും അവരുടെ പരീക്ഷണങ്ങളിൽ പരാജയപ്പെടുകയാണുണ്ടായതെന്നു നാം കണ്ടു. എന്നാൽ അവരുടെ അനുഭവപാഠങ്ങൾ വിലയുററതാണു്. അവരുടെ അനുഭവപാഠങ്ങളാണു് സഹകരണത്തിന്നൊരു പ്രായോഗികപരിപാടിയാവിഷ്കരിച്ചു പ്രവർത്തിക്കുവാനും, അതിനെ ഒരു ലോകാന്തരപ്രസ്ഥാനമാക്കി വളർത്തുവാനും കാരണമായി നിൽക്കുന്നതു്. ഉൽപാദകരേയും ഉപഭോക്താക്കളേയും തമ്മിൽ അടുപ്പിക്കുകയും, വ്യാപാരം ലാഭംകൂടാതെ നടത്തുകയും ചെയ്യാമെന്നു അവരുടെ പരീക്ഷണങ്ങൾ തെളിയിച്ചു. ഓവന്റെ ലേബർ എക്സ്ചേഞ്ചുകൾ തീരഞ്ഞും എടത്തട്ടുകാരെ ഒഴിവാക്കിയും ലാഭംകൂടാതെയുമാണല്ലോ വ്യാപാരം നടത്തിയിരുന്നതു്. ഉപഭോക്താക്കൾ ഒന്നിക്കുകയാണെങ്കിൽ എടത്തട്ടുകാർ അന്തർദ്ധാനംചെയ്തുകൊള്ളുമെന്നും എടത്തട്ടുകാരെ ഒഴിവാക്കാനുള്ള ഉപായം ഉപഭോക്താക്കൾ യോജിച്ചുനിന്നു പ്രവർത്തിക്കുകയാണെന്നും വ്യക്തമാക്കുന്നുണ്ടു് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം. എടത്തട്ടു നിലച്ചാലോ, ശക്തിസാധനങ്ങൾ കുറഞ്ഞ വിലയ്ക്കു ലഭിക്കുമാറാകും ഉപഭോക്താക്കൾക്കു്. ഉപഭോക്താക്കളെ സംഘടിപ്പിച്ചുറപ്പിച്ചു നിർത്തുകയും, ഉൽപാദകരുമായി നേരിട്ടു കൂട്ടിയിണക്കുകയും ചെയ്യുന്നതിന്റെ അഭികാമ്യത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനെങ്കിലുമുപകരിച്ചു ഓവന്റെ പരീക്ഷണങ്ങൾ. ഓവൻ തന്റെ പരീക്ഷണങ്ങളിൽ പരാജയപ്പെട്ടു; ശരിയാണു്. എന്നാലദ്ദേഹം മുന്നോട്ടുവെച്ച സിദ്ധാന്തങ്ങളാണു് ഇംഗ്ലണ്ടിലെ ഉപഭോക്തൃസഹകരണത്തിനും, പൊതുവെ, ഗോളാന്തരങ്ങളിൽ വ്യാപിച്ചു വളർന്ന സഹകരണപ്രസ്ഥാനത്തിനും അടിത്തറയായി ഭവിച്ചതു്. ഇംഗ്ലണ്ടിലെ ഉപഭോക്തൃസഹകരണമാണു് സഹകരണപ്രസ്ഥാനത്തിനു മുന്നോടി. ഇംഗ്ലണ്ടിലെ സഹകരണം എന്നു പറഞ്ഞാൽ ഉപഭോക്തൃസഹകരണവുമാണു്.

അവകാശബോധവും ആത്മധൈര്യവും.

ഇംഗ്ലണ്ടിൽ തൊഴിലാളികളാണു് പിൽക്കാലസഹകരണപ്രവർത്തനത്തിനു മുന്നോടികളായി നിൽക്കുന്നതു്. ഓവന്റെ പരീക്ഷണ

ത്തു്. സോഷ്യലിസവും, പ്ലാനിങ്ങും, ജനാധിപത്യവുംകൂടി ഒരുമിച്ചുപോകണമെങ്കിൽ വൻതോതിലുള്ള സഹവർത്തനം അനിവാര്യമാണു്. സഹകരണംകൂടാതെ സ്വേച്ഛാധിപത്യമായ രീതിയിലും സമൂഹമാർഗ്ഗത്തിലൂടേയും സോഷ്യലിസ്റ്റ്ലക്ഷ്യങ്ങളായ സാമ്പത്തികസമത്വവും പൊതുക്ഷേമവും സാധിച്ചെന്നു വരാം. എങ്കിലും, സോഷ്യലിസവും, ജനാധിപത്യവും, ആസൂത്രണവും ഒന്നിച്ചു വേണമെന്നു നിർബ്ബന്ധമുള്ളപക്ഷം, ഇവയെല്ലാം ഒരു പരിധിയോളം അന്തർലീനമായിരിക്കുന്ന സഹകരണമാർഗ്ഗത്തെ അവലംബിക്കയല്ലാതെ തരമില്ല.

സോഷ്യലിസത്തേയും ആസൂത്രണത്തേയും ജനാധിപത്യപരമാക്കാൻ സഹകരണം അനിവാര്യമാണെന്നു പറഞ്ഞതുകൊണ്ടു് നമ്മുടെ സമ്പൽവ്യവസ്ഥയെ അപ്പാടെ സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണമെന്നർത്ഥമില്ല. പൊതുമേഖലയോടും സ്വകാര്യമേഖലയോടും ഒപ്പം ഗണ്യമായ ഒരു സഹകരണമേഖലകൂടിയുള്ള യഥാർത്ഥവും അന്വർത്ഥവുമായ മിശ്രസമ്പദ്‌വ്യവസ്ഥ വേണമെന്നേ ഇപ്പറഞ്ഞതിനർത്ഥമുള്ളൂ.

ങ്ങളാണവരെ ആ വഴിക്കു ചരിക്കുവാൻ ധൈര്യപ്പെടുത്തിയതും, അവർക്കതിൽ ആത്മവിശ്വാസം നൽകിയതും. സഹകരണത്തിന്റെ വിത്തിട്ടുമുളപ്പിക്കുവാൻ മണ്ണു പാകപ്പെട്ടു കിടക്കുകയും ചെയ്തിരുന്നു അദ്ദേഹത്തിന്റെ പരീക്ഷണങ്ങൾ മൂലം. ഓവൻ തന്റെ ഫാക്ടറിയിൽ ഏർപ്പെടുത്തിയ പരിഷ്കരണ നടപടികൾ തൊഴിലാളികൾക്കിടയിൽ അവകാശബോധവും, അവകാശങ്ങൾ നേടിയെടുക്കാനുള്ള ആത്മവീര്യവും വളർത്തിയിരുന്നു. അവകാശങ്ങൾ സംരക്ഷിക്കുവാനും ജീവിതം മെച്ചപ്പെടുത്തുവാനും കൂട്ടായിനിന്നു പ്രവർത്തിക്കുവാൻ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഇതൊക്കെ വെച്ചുനോക്കുമ്പോൾ ഓവന്റെ പരാജയങ്ങളും വിജയങ്ങളായെണ്ണേണ്ടിവരുമെന്നഭിപ്രായപ്പെടുകയാണ് സഹകരണത്തിന്റെ ചരിത്രകാരന്മാർ.

ഓവനും പിൽക്കാലപ്രവർത്തനവും

എന്നാൽ ഒന്നുണ്ട്; ഓവൻ വെച്ച സിദ്ധാന്തങ്ങളിൽനിന്നു വളരെയേറെ വഴുതിപ്പോന്നിരിക്കുന്നു, പിൽക്കാലത്താവിർഭവിച്ചു വളർന്ന സഹകരണപ്രസ്ഥാനം. സാമൂഹ്യക്രമം പൊളിച്ചെഴുതിപ്പിടിക്കാനുള്ള ഒരുപകരണമായാണ് ഓവൻ സഹകരണത്തെ കണ്ടിരുന്നത്. വ്യക്തിപ്രാമാണ്യവും കിടമത്സരവും അവസാനിപ്പിച്ചു പൊതു ഉടമയും സമഷ്ടിജീവിതവും ഏർപ്പെടുത്തുകതന്നെയാണ് അദ്ദേഹം ലക്ഷ്യം വെച്ചിരുന്നത്. "പരസ്പരം സേവിച്ചും സമഷ്ടിബോധം പുതിയ തലമുറയിൽ പകർന്നും കഴിയുന്ന പ്രാദേശികസംഘങ്ങളുടെ സമവായമായിരുന്നു അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം സഹകരണയോഗക്ഷേമം" എന്നു ശ്രീ വി. എൽ. മേത്ത പ്രസ്താവിച്ചുകാണുകയുണ്ടായല്ലോ. "ലോകത്തെല്ലാടവും ശാഖോപശാഖകളോടുകൂടിയ ഒരു കേന്ദ്ര സഹകരണസ്ഥാപനമേർപ്പെടുത്തുകയും, യോഗങ്ങളും സമ്മേളനങ്ങളും, പ്രചാരകന്മാരും പ്രസിദ്ധീകരണങ്ങളുംവഴിയായി പ്രബോധനം നടത്തിയും, ലാഭംകൂടാതെ ഉൽപന്നങ്ങൾ കൈമാറിയും ഏകീകൃതതാൽപര്യങ്ങളുള്ള സമുദായങ്ങൾ (Communities of United Interests) സ്ഥാപിക്കുകയും ലക്ഷ്യമാക്കിയാണ്", ലേബർ എക്സ്ചേഞ്ചിന്റെ പതനത്തെ തുടർന്ന് അദ്ദേഹം (ഓവൻ) (Association of All Classes of All Nations) ഏർപ്പെടുത്തിയത്; എന്നു മാർഗരററ് ഡിഗ്ബിയും രേഖപ്പെടുത്തിയിരിക്കുന്നു.

ഓവന്റെ സിദ്ധാന്തങ്ങൾ

ഈ ഉദ്ദേശലക്ഷ്യങ്ങൾ സാധിക്കുവാൻ അദ്ദേഹം മുന്നോട്ടുവെച്ച സിദ്ധാന്തങ്ങൾ ചുരുക്കത്തിൽ താഴെ ചേർക്കുന്നവയാണ്.

i. സ്വകാര്യലാഭം അവസാനിപ്പിക്കുക.

ii. ഉപഭോക്താക്കൾ സ്വയം സംഘടിച്ചു തങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ ഉൽപാദിപ്പിക്കുക.

iii. ഉൽപാദനോപാധികൾ പൊതു ഉടമയിലാക്കുക. കൂട്ടുവ്യാപാരം നടത്തി ലാഭം സംഭരിച്ചു ഉൽപാദനോപാധികൾ ക്രമത്തിൽ പൊതു ഉടമയിൽ കൊണ്ടുവരാവുന്നതാണ്.

iv. സമൂഹത്തിന്റെ സമ്പത്ത് മനുഷ്യരാശിയുടെ മുഴുവൻ സൗഖ്യത്തിനും സ്വഭാവസംസ്കരണത്തിനുമായി വിനിയോഗിക്കുക.

മുകളിൽ പറഞ്ഞ സിദ്ധാന്തങ്ങൾ മുൻനിർത്തി ഓവൻ ഏർപ്പെടുത്തിയ സഹകരണഗ്രാമങ്ങളിൽനിന്നെത്രയോ വിദൂരസ്ഥങ്ങളാണിന്നത്തെ സഹകരണസംഘങ്ങളെന്നു അവയുടെ പ്രവർത്തനം വ്യക്തമാക്കുന്നു. ഓവന്റെ അനുഭവപാഠങ്ങളിൽനിന്നുൾക്കൊണ്ട പ്രായോഗികമതിത്വം പിന്നീടാവഴിക്കു തിരിഞ്ഞവരെ സിദ്ധാന്തങ്ങളിൽ ചില നീക്കുപോക്കുകൾക്കു നിർബ്ബന്ധിച്ചു. കാലാന്തരത്തിൽ നീക്കുപോക്കുകൾ വികസിച്ചു പ്രസ്ഥാനത്തെ ഓവനിൽനിന്നു ബഹുദൂരം എത്തിച്ചിരിക്കുകയാണ്. ഓവന്റെ സിദ്ധാന്തങ്ങൾവെച്ചുകൊണ്ടിന്നത്തെ സഹകരണപ്രവർത്തനങ്ങൾ പരിശോധിക്കുന്നതു പ്രയോജനകരമത്രെ.

വ്യാപാരലാഭം.

ഓവൻ സംഘപ്രവർത്തനത്തിൽ വ്യാപാരലാഭം തീരെയും നിഷേധിച്ചു. വ്യാപാരത്തിൽ

ലാഭം പാടേ നിഷേധിക്കുക സാദ്ധ്യമല്ലെന്ന നിലപാടാണു് പിന്നീടാവഴിക്കു ലഭിച്ചവർ സ്വീകരിച്ചതു്. എന്നാൽ ലാഭമൊരിടത്തടിഞ്ഞുകൂടാതിരിക്കാൻ അവർ കരുതലെടുക്കാതിരുന്നില്ല. അററലാഭം അംഗങ്ങൾക്കിടയിൽ അവർ സംഘവുമായി നടത്തിയ വ്യാപാരത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണമെന്ന വ്യവസ്ഥ അതിനുള്ള കരുതലാണു്. ആ സമ്പ്രദായത്തിനോടുപോലും എതിർപ്പായിരുന്നു ഓവന്നു്. വ്യാപാരത്തിൽ ലാഭമുണ്ടായാൽ അതു മുഴുവൻ സമൂഹത്തിന്റെ പൊതുവായ നന്മയ്ക്കുവേണ്ടി വിനിയോഗിക്കണമെന്ന സിദ്ധാന്തത്തിൽതന്നെയാണദ്ദേഹം ഉറച്ചുനിന്നിരുന്നതു്. "ജോയിന്റ് സ്റ്റോക്കു് അടിസ്ഥാനത്തിൽ ചില്ലറവിൽപന നടത്തി ലാഭമുണ്ടാക്കുന്ന ആറേഴ സംഘങ്ങൾ പട്ടണത്തിലങ്ങിങ്ങു നിലവിലുള്ളതായി കണ്ടു ഞാനൽഭുതപ്പെടുകയാണു്. അവ നന്നായി നടക്കുന്നവയാണെന്നു ജനങ്ങൾ കരുതുന്നു. നാം വിഭാവനം ചെയ്യുന്ന വ്യവസ്ഥിതി ഇതാണെന്നോ, "പുതു സാന്മാർഗ്ഗികലോകവ്യവസ്ഥിതി" യുടെ (New Moral World) ഭാഗമാണിതെന്നോ ഉള്ള തോന്നൽ പൊതുജനങ്ങളിൽ ഉളവാക്കുന്നതിന്നറുതി വരുത്താൻ വൈകിയിരിക്കുന്നു;" എന്നു ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി ഓവൻ എന്നു ജി. ഡി. എച്ച്. കോൾ തന്റെ എ. സെൻചുറി ഓഫ് കൊ-ഓപ്പറേഷൻ എന്ന ഗ്രന്ഥത്തിൽ (പേജ് 68) പറഞ്ഞു കാണുന്നു. കച്ചവടം ചെയ്തു ലാഭമുണ്ടാക്കി അംഗങ്ങൾക്കിടയിൽ വിഭജിക്കുന്നതിനോടു അദ്ദേഹത്തിനു എതിർപ്പായിരുന്നു എന്നു തെളിയിക്കുന്നതാണല്ലോ ഈ പ്രസ്താവന.

വ്യക്തിസ്വാതന്ത്ര്യവും സ്വകാര്യസമ്പാദ്യവും

വ്യക്തിവൈഭവത്തെ ഓവൻ അംഗീകരിച്ചിരുന്നു. വ്യക്തി സർവ്വതന്ത്രസ്വതന്ത്രൻ എന്ന നിലയ്ക്കല്ല. സമൂഹത്തിന്റെ ഒരു ഘടകമെന്ന നിലയ്ക്കു്. സമൂഹത്തിന്റെ ഭാഗമെന്ന നിലയ്ക്കു കൂട്ടായിനിന്നു പ്രവർത്തിക്കുമ്പോൾ വ്യക്തിക്കു് അത്ഭുതസിദ്ധികളുണ്ടാകും. എന്നാൽ അവൻ സമൂഹനന്മയ്ക്കു ബാധകമാകത്തക്കവണ്ണം വളർന്നുകൂടെന്നു നിർബ്ബന്ധമായിരുന്നു ഓവന്നു്. അതുകൊണ്ടാണദ്ദേഹം സ്വകാര്യമായി സ്വത്താർജ്ജിക്കൽ നിഷേധിക്കുകയും സമൂഹജീവിതം പ്രേരിപ്പിക്കുകയും, കൂട്ടുടമനിർബ്ബന്ധിക്കുകയും ചെയ്തതു്. പിൽക്കാലസഹകരണം പൊതുവായ നന്മ എന്ന ലക്ഷ്യം അംഗീകരിക്കുന്നുണ്ടു്. എന്നാലതു വ്യക്തിക്കു പരിപൂർണ്ണസ്വാതന്ത്ര്യവും; സ്വകാര്യം സമ്പാദിക്കുവാനുള്ള അവകാശവും അനുവദിച്ചുകൊണ്ടാണു്. ഇന്നു സോഷ്യലിസ്റ്റ് രാജ്യങ്ങൾ മാത്രമാണു് വ്യക്തിയുടെ ഈയവകാശങ്ങൾ നിയന്ത്രിക്കുന്നതു്.

ലക്ഷ്യം സാമ്പത്തികപുനഃസംവിധാനം

നിലവിലുള്ള സാമ്പത്തിക-സാമൂഹ്യക്രമം ഒന്നഴിച്ചുകൂട്ടുക ലക്ഷ്യമാക്കി അതിന്നൊരുപകരണമായാണു് ഓവൻ സഹകരണത്തെ കണ്ടിരുന്നതെന്നു മുമ്പുപറഞ്ഞുവല്ലോ. അതിന്നനുഗുണമായ സിദ്ധാന്തങ്ങളാണു് അദ്ദേഹമുന്നയിച്ചിരുന്നതു്. പ്രസ്ഥാനത്തെ ഭാരം ചുമക്കുന്നവരുടേയും കഷ്ടപ്പെടുന്നവരുടേതുമാക്കാനും നിക്ഷിപ്തതാൽപര്യത്തെ അതിൽനിന്നൊഴിച്ചുനിർത്താനും അദ്ദേഹം നിഷ്കർഷിച്ചിരുന്നു. തന്റെ സിദ്ധാന്തങ്ങൾ പ്രയോഗക്ഷമമാകുന്ന കാര്യത്തിൽ ഒട്ടൊക്കെ ഓട്ടോക്രാററായി വർത്തിച്ചിരുന്നു ഓവൻ എന്നു സഹകരണചരിത്രകാരന്മാർക്കദ്ദേഹത്തെക്കുറിച്ചാക്ഷേപംപോലുമുണ്ടു്. സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രം അവലംബിച്ചായിരുന്നു ഓവന്റെയും കൂട്ടുകാരുടേയും പ്രവർത്തനങ്ങളെല്ലാംതന്നെ. ഓവനും കൂട്ടുകാരും സഹകാരികൾ എന്നും സോഷ്യലിസ്റ്റുകൾ എന്നും അറിയപ്പെട്ടിരുന്നു. 1841ൽ മാഞ്ചെസ്റ്ററിൽ സമ്മേളിച്ച സഹകരണകോൺഗ്രസ്സിൽവെച്ചു ഓവന്റെ അനുയായികൾ സോഷ്യലിസ്ററുകൾ എന്ന പേർ സ്വയം സ്വീകരിച്ചതായി കാണുന്നു. ഇന്നത്തെ സഹകരണപ്രസ്ഥാനത്തിനുള്ളതായി സഹകരണവിദഗ്ദ്ധന്മാർ കാണുന്ന ഒരു

കുറവ് അതു യാതൊരു പ്രത്യയശാസ്ത്രവുമവലംബിച്ചു പ്രവർത്തിക്കുന്നില്ല എന്നതാണ്. സഹകരണത്തെ ഒരു വ്യാപാരസമ്പ്രദായമായി മാത്രമേ ഇന്ന് അംഗീകരിക്കുന്നുള്ളു. അതുമൂലം ഏതു താൽപര്യത്തിനും ഇന്നു സഹകരണാടിസ്ഥാനത്തിൽ കൂട്ടായിനിന്നു പ്രവർത്തിക്കുവാൻ സൗകര്യം ലഭിച്ചിരിക്കുന്നു. ഓപ്പൻ മെമ്പർഷിപ്പ് (തുറന്ന അംഗത്വം) എന്നതു സഹകരണത്തിന്റെ ഒരംഗീകൃതസിദ്ധാന്തമാണല്ലോ. ചൂഷണവിധേയരായി കഴിയുന്ന പാവപ്പെട്ടവരുടെ കൈവല്യം ലക്ഷ്യമാക്കിയേർപ്പെടുത്തുന്ന സഹകരണസ്ഥാപനങ്ങളിൽ കടന്നുകൂടുവാനും, അവയെ സ്വാധീനിച്ചു നിർത്തുവാനും, ഈ സിദ്ധാന്തത്തിന്റെ മറവിൽനിന്നുകൊണ്ട്, നിക്ഷിപ്തതാൽപര്യക്കാർക്കു സാധിക്കുന്നു. ഒററയായി നടത്തുന്ന ചൂഷണപ്രക്രിയ സംഘടിതമായി നടത്തുവാനുള്ള സൗകര്യവും സഹകരണത്തിനകത്തു നിക്ഷിപ്തതാൽപര്യക്കാർക്കു കൈവന്നിരിക്കുന്നു. ഓവന്റെ ഭാവനകളിൽനിന്നു ബഹുകാതം ദൂരെ എത്തിയാണിന്നു സഹകരണം നിലകൊള്ളുന്നതെന്നു കാണിപ്പാൻ കൂടുതലുദാഹരണമാവശ്യമില്ല. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സഹകരണപ്രസ്ഥാനം മാത്രമാണിതിനൊരപവാദമായി നിൽക്കുന്നത്.

സ്റ്റേററ് വിചാരിച്ചാൽ

സോഷ്യലിസം ലക്ഷ്യമായംഗീകരിക്കുന്ന രാജ്യങ്ങൾക്ക്, ആ ലക്ഷ്യം പ്രാപിക്കുവാനുള്ളൊരുപകരണമായി സഹകരണത്തെ ഉപയോഗിക്കാവുന്നതാണ്. പ്രസ്ഥാനത്തെ ഓവനിസത്തിലേക്കു തിരിച്ചുകൊണ്ടുവരികയാണ് അതിനുള്ള ഉപായം. സ്റ്റേററുകൾ വിചാരിച്ചാലേ അതു നടക്കുകയുള്ളു. സ്റ്റേററുകൾ വിചാരിച്ചാലതു് എളുപ്പം നടക്കുകയും ചെയ്യും. ഓവൻ തന്നെ തന്റെ പരിപാടികൾക്കു സ്റ്റേററിന്റെ പിന്തുണ നേടുവാനാണ് ആദ്യകാലത്തു ശ്രമിച്ചത് എന്നു നാം കണ്ടതാണ്. പാർലിമെന്റംഗങ്ങളെ സമീപിച്ചു നിയമനിർമ്മാണം സാധിക്കാനും ശ്രമിച്ചു നോക്കി. ആ ശ്രമങ്ങളൊക്കെ വിഫലമായപ്പോഴാണല്ലോ അദ്ദേഹം തന്റെ ഭാവനാസൃഷ്ടമായ സഹകരണകോളനിയെ മണ്ണിൽ ഇറക്കി പ്രതിഷ്ഠിക്കാമോ എന്നു പരീക്ഷിക്കുവാൻ അമേരിക്കയിലേക്കു പോകേണ്ടിവന്നത്. ഗവമ്മെണ്ടിന്റെ പിന്തുണ ലഭിച്ചില്ലായിരുന്നുവെങ്കിൽ അവിടേയും ആ പരീക്ഷണം നടക്കുമായിരുന്നില്ല.

"സഹകരണപ്രബോധിനി"
(കൊച്ചി സഹകരണകാര്യാലയത്തിന്റെ ഔദ്യോഗികപ്രസിദ്ധീകരണം)
പത്രാധിപർ: പ്രൊഫസർ: ജോസഫ് മുണ്ടശ്ശേരി എം. എ.
മാനേജർ: പി. മാധവമേനോൻ ബി. എ. ബി: ടി.
വാർഷികവരിസംഖ്യ 3 ക. ഒററപ്രതി 25 ന. പ.

പരസ്യക്കൂലിനിരക്ക്:
കവർ 2-ം 3-ം പേജ് 50 ക. കവർ 4-ാം പേജ് 60 ക.
സാധാരണ മുഴുവൻപേജ് 40 ക. അരപേജ് 25 ക. കാൽപേജ് 15 ക.
കൊല്ലം അടുപ്പിച്ചു എടുക്കുന്നവർക്കു പ്രത്യേകനിരക്കുകൾ
മാനേജർ, "സഹകരണപ്രബോധിനി" തൃശ്ശിവപേരൂർ.

റിസർവ്വ് ബാങ്കും കാർഷികവായ്പയും

(വേലപ്പൻ ആലപ്പാട്)

കാർഷികവായ്പാവിതരണത്തിൽ ഇന്ത്യയിൽ റിസർവ്വ്ബാങ്ക് വഹിക്കുന്ന പങ്ക് അദ്വിതീയമാണ്. മററു രാജ്യങ്ങളിലെ സെൻട്രൽ ബാങ്കുകളെ അപേക്ഷിച്ച് ഇതു റിസർവ്വ് ബാങ്കിന്റെ ഒരു സവിശേഷതയാണ്. മററനവധി പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ഇന്ത്യൻ സാമ്പത്തികഘടനയിൽ കാർഷികവായ്പാവിതരണം സ്വയം ഏറെറടുക്കുകയെന്നതു റിസർവ്വ് ബാങ്കിനെസംബന്ധിച്ചേടത്തോളം അനിവാര്യമായ ഒരു ചുമതല ആയിത്തീർന്നതാണ്. അക്കാര്യം മറെറാരു ഏജൻസിയെ ഏല്പിക്കുകയെന്നതു് സാദ്ധ്യമല്ലാത്ത നിലയിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. തുടക്കം മുതൽ കാർഷികവായ്പാവിതരണം കൈകാര്യം ചെയ്യുന്നതിനു് റിസർവ്വ് ബാങ്കിൽ 'അഗ്രികൾച്ചറൽ ക്രെഡിററ് ഡിപ്പാർട്ടുമെന്റ്' എന്ന ഒരു പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനഫലമായി കാർഷികവായ്പാവിതരണം നാൾക്കുനാൾ കാര്യക്ഷമമായി വരികയാണ്. അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം പരിശോധിക്കുകയാണെങ്കിൽ നാളിതുവരെ മൂന്നു വ്യത്യസ്ത ഘട്ടങ്ങൾ ഉണ്ടായിട്ടുള്ളതായി കാണാം. 1. സ്വാതന്ത്ര്യത്തിനുമുമ്പ് 2. സ്വാതന്ത്ര്യത്തിനുശേഷം 1954 വരെ 3. 1954 മുതൽ നാളിതുവരെ.

ആദ്യഘട്ടത്തിൽതന്നെ കാർഷികവായ്പാപ്രശ്നത്തിനു് പരിഹാരം കാണാൻ റിസർവ്വ്ബാങ്ക് ചില പരിപാടികൾ ആവിഷ്ക്കരിച്ചു. പക്ഷെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. നാടൻ പണവ്യാപാരികളുടെ പ്രവർത്തനം റിസർവ്വ് ബാങ്കുമായി ബന്ധിപ്പിക്കുന്നതിനും അവർവഴി കാർഷികമണ്ഡലത്തിൽ ധനസഹായം നൽകുന്നതിനും ഉള്ള ഒരു ആലോചനയാണ് ആദ്യം ഉണ്ടായതു്. പക്ഷെ അതു് നടപ്പിൽ വരുത്തുവാൻ വളരെയേറെ വൈഷമ്യങ്ങൾ ഉണ്ടായിരുന്നു. അതോടൊപ്പം സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും നടപടികൾ കൈക്കൊണ്ടിരുന്നു. പക്ഷെ അന്നത്തെ നാട്ടുരാജ്യങ്ങൾ ബാങ്കിന്റെ പ്രവർത്തനപരിധിയിൽപെട്ടിരുന്നില്ല എന്ന ഒരു പരിമിതി നിലവിലുണ്ടായിരുന്നു. കൂടാതെ സഹകരണസ്ഥാപനങ്ങൾ എല്ലാ സ്ഥലങ്ങളിലും ഉണ്ടായിരുന്നില്ല. ഉള്ളവതന്നെ ബലഹീനങ്ങളും ആയിരുന്നു. തന്മൂലം സഹകരണമണ്ഡലത്തിലൂടെ കാർഷികവായ്പ എത്തിക്കുക എന്ന കാര്യത്തിനു് വിഘ്നങ്ങൾ ഉണ്ടായിരുന്നു. മറെറാരു ബുദ്ധിമുട്ടും നേരിടേണ്ടിവന്നു. അററകയ്യിനു് ബാങ്കുകൾക്ക് ധനസഹായം ചെയ്യാനുള്ള ഒരു ഏജൻസി സഹകരണബാങ്കുകൾക്ക് സാധാരണഗതിയിൽ ധനസഹായം ചെയ്യുക എന്നതിലും പന്തികേട് ഉള്ളതായി അധികാരികൾക്ക് തോന്നിയിരുന്നു. എന്നിരിക്കിലും സഹകരണവിപണനത്തിനുവേണ്ടി ഒരു ശതമാനം പലിശക്കുറവിനു് ധനസഹായം ചെയ്യുവാൻ 1942ൽ ബാങ്ക് തയ്യാറായി. ഈ ഇളവ് ആനുകാലികകാർഷികവൃത്തികൾക്കുംകൂടി നൽകാൻ 1944ൽ റിസർവ്വ് ബാങ്ക് സമ്മതിച്ചു. പിന്നീട് 1946ൽ ആനുകാലികകാർഷികപ്രവർത്തനങ്ങൾക്ക് ഒന്നരശതമാനം കുറവ് പലിശക്ക് വായ്പ നൽകാനും റിസർവ്വ് ബാങ്ക് നടപടികൾ എടുക്കുകയുണ്ടായി. ഇതുയെല്ലാമായിട്ടും കാർഷികാവശ്യങ്ങൾക്ക് ബാങ്കിൽനിന്നു നൽകപ്പെട്ടിരുന്ന സംഖ്യ വളരെ തുച്ഛമായിരുന്നു. 1946–47ൽ 1.50 ലക്ഷം രൂപ മാത്രമേ ഈ ഇനത്തിൽ ഉണ്ടായിരുന്നുള്ളു.

രണ്ടാംഘട്ടത്തിൽ കുറേക്കൂടി പുരോഗതി ഉണ്ടായി. 1948ൽ റിസർവ്വ് ബാങ്ക് ദേശവല്ക്കരിക്കപ്പെട്ടു. ഈ കാലഘട്ടത്തിലാണ് റിസർവ്വ്

ബാങ്കിന്റെ ആഭിമുഖ്യത്തിൽ 'റൂറൽ ബാങ്കിങ്ങ് എൻക്വയറി കമ്മററിയും' (1949), 'റൂറൽ ക്രെഡിററ് സർവ്വെ കമ്മററിയും' (1951–52) സംഘടിപ്പിക്കപ്പെട്ടതു്. റിസർവ്വ് ബാങ്കിന്റെ നടപടിക്രമങ്ങളിൽ ആശാസ്യമായ അയവുകൾ വരുത്തിയതും ഇക്കാലത്താണു്. സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു് സഹായകമായ വ്യതിയാനങ്ങളായിരുന്നു അവ. ആനുകാലികകാർഷികവൃത്തികൾക്കും കാർഷികവിപണനത്തിനുംവേണ്ടി നൽകുന്ന വായ്പകൾ കൃഷിയോടനുബന്ധിച്ച പ്രവർത്തനങ്ങൾക്കും സമ്മിശ്ര കാർഷികപ്രവർത്തനങ്ങൾക്കുംകൂടി ആകാമെന്നതിനു് ചട്ടങ്ങളിൽ ഭേദഗതി വരുത്തി. സഹകരണബാങ്കുകൾക്കു് അനുവദിച്ചിരുന്ന പരമാവധി വായ്പാപരിധി റിസർവ്വ് ബാങ്കിനു് പിരിഞ്ഞുകിട്ടാൻ ബാക്കി നില്ക്കുന്ന സംഖ്യയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാക്കി മാററി. മദ്ധ്യകാലവായ്പകൾ നൽകുവാൻ ചട്ടങ്ങൾ ഉണ്ടാക്കുകയും നെയ്ത്തുകാർക്കു് ധനസഹായം നൽകുന്നതിനു് ഉതകുമാറു് വകുപ്പുകൾ ഭേദഗതി ചെയ്യുകയും ചെയ്തു.

മേൽപ്പറഞ്ഞ ഘട്ടത്തിൽ ഉണ്ടായ അതിപ്രധാനമായ പുരോഗതി റൂറൽ ക്രെഡിററ് സർവ്വെ സംഘടിപ്പിച്ചു എന്നുള്ളതാണെന്നതിനു് സംശയമില്ല. പ്രസ്തുത സർവ്വെയുടെ അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ട ശുപാർശകളുടെ ഫലമായി ഉണ്ടായ പുരോഗതിയാണു് മൂന്നാംഘട്ടത്തിൽ തെളിഞ്ഞുകാണുന്നതു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉണ്ടായ സഹകരണവികസനപ്രവർത്തനങ്ങൾ പ്രസ്തുത കമ്മററിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ളവയായിരുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി കാർഷികവായ്പ 1.50 ലക്ഷത്തിൽനിന്നു് (1946–47) 142.91 കോടിയിലേക്കു് (1960–61) ഉയരുകയുണ്ടായി.

സഹകരണസ്ഥാപനങ്ങൾക്കു് ധനസഹായം ചെയ്യുകയെന്ന കാര്യം സ്വന്തം ചുമതലയിൽ വന്നതോടുകൂടി അവയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയെന്നതു് റിസർവ്വ്ബാങ്കിന്റെ ഒഴിച്ചുകൂടാൻ വയ്യാത്ത കടമയായിത്തീർന്നു. തന്മൂലം സഹകരണസ്ഥാപനങ്ങൾ പരിശോധിച്ചു് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനു് റിസർവ്വ് ബാങ്കിൽനിന്നു പ്രത്യേകം ആഫീസർമാരെ നിയമിച്ചിട്ടുണ്ടു്. ഇവർ സ്റ്റേററുസഹകരണബാങ്കുകളും ഡിസ്ട്രിക്റ്റ് സഹകരണബാങ്കുകളും ആണ്ടിൽ ഒരിക്കൽ പരിശോധിക്കുന്നതാണു്. കേന്ദ്രഭൂപണയബാങ്കുകളും, കേന്ദ്രകൈത്തറി സഹകരണസംഘങ്ങളും, വ്യാവസായികസഹകരണബാങ്കുകളും, പഞ്ചസാരസഹകരണഫാക്ടറികളുംകൂടി റിസർവ്വ്ബാങ്കിന്റെ പരിശോധനക്കു് വിധേയമാണു്. ഇത്തരം പരിശോധനകളുടെ ഫലമായി നൽകപ്പെടുന്ന ഉപദേശങ്ങൾ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചക്കു് സഹായകമായിട്ടുള്ളവയാണു്. പക്ഷെ ഉപദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനു് പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ സത്വരശ്രദ്ധപതിക്കുന്നില്ലെങ്കിൽ പുരോഗതി ആശാവഹമാവുകയില്ല. ഇത്തരുണത്തിൽ. ശ്രീ. ടി. എസ്സ്. കെ. ചാരി ഒരു ഇംഗ്ലീഷു് ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്ന ചില കാര്യങ്ങൾ സംഗ്രഹിച്ചു് ചേർക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു.

കാർഷികവായ്പാവിതരണം വർദ്ധിപ്പിക്കുന്നതോടുകൂടി മററു പല കാര്യങ്ങളും സഹകരണമണ്ഡലത്തിൽ ചെയ്തുതീർക്കേണ്ടതായി ഉണ്ടെന്നു റൂറൽ ക്രെഡിററ് സർവ്വെ കമ്മററി ശുപാർശ ചെയ്തിരുന്നു. അക്കാര്യങ്ങൾ ഇനിയും പരിപൂർണ്ണമായി പ്രാവർത്തികമായിട്ടില്ല. ഓരോ ഡിസ്ട്രിക്ടിനും സുശക്തമായ ഓരോ കേന്ദ്രബാങ്കുകൾ ഉണ്ടാകേണ്ടതാണു്. പക്ഷെ പല സ്റ്റേററുകളിലും ഇതു പൂർണ്ണമായി നടപ്പാക്കപ്പെട്ടിട്ടില്ല. കാർഷികവായ്പയെ കാർഷികവിപണനവുമായി ബന്ധിക്കുന്ന കാര്യത്തിലും പുരോഗതി ഉണ്ടായിട്ടില്ല. സംഘങ്ങളുടെ സൂപ്പർവിഷൻ കാര്യക്ഷമമായി നടത്തപ്പെടുന്നില്ല. അതിനു് ആവശ്യമായ സിൽബന്ധികൾ നിയമിക്കപ്പെ

ട്ടിട്ടില്ല. സൂപ്പർവിഷൻ നടത്തേണ്ട ഏജൻസി ഏതു് എന്ന കാര്യത്തിലും ഉറപ്പായ തീരുമാനം ഉണ്ടായിട്ടില്ല. ഇക്കാര്യം ചില സ്റ്റേററുകളിൽ ഡിസ്ട്രിക്ട് ബാങ്ക് നടത്തുന്നുണ്ടു്, മററു ചിലേടങ്ങളിൽ സഹകരണഡിപ്പാർട്ടുമെൻറുതന്നെയാണു് നടത്തുന്നതു്. വേറെ ചില സ്റ്റേററുകളിൽ സൂപ്പർവിഷനുവേണ്ടി പ്രത്യേകയൂണിയനുകളുണ്ടു്. പക്ഷെ ഒരു സ്ഥലത്തും സൂപ്പർവിഷൻ കാര്യക്ഷമമാണെന്നു പറയുവാൻ നിവൃത്തിയില്ല. കാരണങ്ങൾ പലതാകാം. എങ്കിലും അവയെല്ലാം പരിഹരിച്ചല്ലാതെ സഹകരണമണ്ഡലത്തിൽ ആശാവഹമായ പുരോഗതി ഉണ്ടാവുകയില്ല. ആഡിററിന്റെ കാര്യവും ഏറെക്കുറെ ഇത്തരത്തിലാണു്. ആവശ്യമായത്ര ആഡിററർമാർ ഇല്ല എന്നുള്ളതാണു് ഏററവും വലിയ തരക്കേടായി മിക്ക സ്റ്റേററുകളിലും കാണുന്നതു്. സഹകരണസ്ഥാപനങ്ങളിൽ പരിശീലനം സിദ്ധിച്ച വ്യക്തികളെ നിയമിക്കേണ്ടതാണു് എന്ന ഒരു കാര്യം പൊതുവെ സ്വീകരിക്കപ്പെട്ടിട്ടുള്ളതാണു്. എന്നിട്ടും കേന്ദ്രസ്ഥാപനങ്ങളിൽകൂടി പരിശീലനം ലഭിക്കാത്തവർ നിയമിക്കപ്പെടുന്നുണ്ടു്. ജോലിക്കാരെ പരിശീലനത്തിനു് അയക്കാൻ വിമുഖതകാണിക്കുന്ന സെൻട്രൽബാങ്കുകളും ഇല്ലാതില്ല. സംഘങ്ങളുടെ സുസ്ഥിരതക്കുവേണ്ടി റിലീഫ് ആൻറ് ഗ്യാരണ്ടി ഫണ്ടു് രൂപീകരിക്കുവാൻ മിക്കസ്ഥലങ്ങളിലും നടപടികൾ എടുത്തു കാണുന്നില്ല.

മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കാർഷികവായ്പാവികസനം സാദ്ധ്യമാകണമെങ്കിൽ സഹകരണമണ്ഡലത്തിൽ ഇന്നു കാണുന്ന പോരായ്മകളും വീഴ്ചകളും നികത്തുകയും തിരുത്തുകയും വേണം. അവ താഴെ പറയുന്നവയാണു്.

1. കടംവായ്പകൾ 'ബുക്ക് അഡ്ജസ്റ്റ്മെൻറ്' പ്രകാരം വരവുവെക്കുക.

2. പണവ്യാപാരികളിൽനിന്നു കടമെടുത്തു് സഹകരണസ്ഥാപനങ്ങളിലെ വായ്പ അടക്കുക.

3. വായ്പ നൽകുന്നതിൽ കമ്മീഷൻ എടുക്കുക.

4. ഫണ്ടുകൾ ദുരുപയോഗപ്പെടുത്തുക.

5. അർഹതയില്ലാത്ത സ്ഥാപനങ്ങൾക്കു് വായ്പ നൽകുക.

6. തിരിച്ചടക്കുവാനുള്ള കഴിവിനെക്കുറിച്ചു് സംശയിക്കപ്പെടുന്ന സംഘങ്ങൾക്കു് വായ്പ നൽകുക.

7. വർദ്ധിച്ചു വരുന്ന കുടിശ്ശിക.

8. ഡി. സി. ബി. രജിസ്റ്റർ സൂക്ഷിക്കാതിരിക്കുക.

9. വായ്പയുടെ ആവശ്യം തിരിച്ചു് പുസ്തകങ്ങൾ സൂക്ഷിക്കായ്ക.

10. സംഘങ്ങളുടെ കമ്മററികളെ നിയമപരമായി നീക്കംചെയ്യുന്നതിൽനിന്നുളവാകുന്ന പ്രവർത്തനബുദ്ധിമുട്ടുകൾ.

11. കണക്കുകൾ കണിശമായി സൂക്ഷിക്കാതിരിക്കുക.

12. "ഫ്ളൂയിഡ് റിസോർസസ്" ശരിക്കു് ഇല്ലാതിരിക്കുക.

13. തക്കസമയത്തു് പൊതുയോഗവും കമ്മററിയോഗങ്ങളും കൂടാതിരിക്കുക.

14. വായ്പാവിതരണത്തിനും അതിന്റെ ഉപയോഗത്തെക്കുറിച്ചുംഉള്ള സ്റ്റേറമെൻറുകൾ കണിശമായി നൽകാതിരിക്കുക.

15. പരിശോധനാവേളയിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന തെററുകൾ തിരുത്താതിരിക്കുക.

മേൽ പറഞ്ഞ തെററുകളു എത്രയും വേഗത്തിൽ തിരുത്താൻ സാധിക്കുന്നുവോ അത്രയും വേഗത്തിൽ നമ്മുടെ സഹകരണസ്ഥാപനങ്ങൾ സാമ്പത്തികഭദ്രതയോടുകൂടിയവ ആയിത്തീരും എന്ന കാര്യത്തിൽ തക്കമില്ല. ആസൂത്രിതപ്രവർത്തനങ്ങളുടെ ഫലമായി സഹകരണമണ്ഡലത്തിൽ ഹ്രസ്വകാലവായ്പയുടെ തുക വർദ്ധിച്ചിട്ടുണ്ടു്. 1959–60ൽ സഹകരണസംഘങ്ങൾ ആകെ നൽകിയിട്ടുള്ള 154 കോടി വാ

യ്പയിൽ 100 കോടിയും ഹ്രസ്വകാലവായ്പ ആയിരുന്നു. അതു് 65% ത്തോളം വരും. 1953_54_ൽ ഇതു് 50% ആയിരുന്നു. ഇതിൽ നിന്നു് ഒരു കാര്യം വ്യക്തമാകുന്നുണ്ടു്. സഹകരണമണ്ഡലത്തിൽ റിസർവ്വ്ബാങ്കിന്റെ പണം കൂടിക്കൂടി വരികയാണു്. മറെറാരുവിധത്തിൽ പറഞ്ഞാൽ സഹകരണമണ്ഡലത്തിൽ സ്വാശ്രയത്വം കുറഞ്ഞുവരികയും പരാശ്രയത്വം വർദ്ധിച്ചുവരികയും ആണു്. ഈ പോക്കു് എത്രത്തോളം ഗുണകരമാണു്? അല്ലെങ്കിൽ ഇത്തരത്തിൽ എത്രത്തോളം മുന്നോട്ടുപോകാം? സ്റ്റേററിന്റെ സെൻട്രൽ ബാങ്കായ റിസർവ്വ് ബാങ്കിനു് സഹകരണമണ്ഡലത്തെ ഇത്തരത്തിൽ ഇനിയും എത്രത്തോളം സഹായിക്കുവാൻ സാധിക്കും? അതു് പൊതുവെയുള്ള സാമ്പത്തികഭദ്രതയെ എത്രത്തോളം ബാധിക്കും? ഇക്കാര്യത്തെക്കുറിച്ചു് ചിന്തിക്കാതിരിക്കുവാൻ വയ്യ. സ്റ്റേററ് സഹകരണബാങ്കുകളിൽ ഡെപ്പോസിററുകൾ വർദ്ധിച്ചിട്ടുണ്ടു്. 1953_54_ൽ ഡെപ്പോസിററുകൾ 24.90 കോടി രൂപയായിരുന്നു. 1959_60_ൽ അതു് 60.15 കോടി രൂപയായി വർദ്ധിച്ചു. പക്ഷെ വർദ്ധനവു് പ്രവർത്തനമൂലധനത്തോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ കള്ളി പുറത്താകും. 1953_54ൽ പ്രവർത്തനധനത്തിന്റെ 60.97% ഡെപ്പോസിററുകൾ ഉണ്ടായിരുന്നു. 1959_60ൽ അതു് 34.4% മാത്രമാണു്. ഡിസ്ട്രിക്ടു് ബാങ്കുകളെ സംബന്ധിച്ചേടത്തോളവും നിലമെച്ചപ്പെട്ടതല്ല. ഡെപ്പോസിററുകളും പ്രവർത്തനമൂലധനവും തമ്മിലുള്ള അനുപാതം ആശാവഹമല്ല. 1953_54 ഡെപ്പോസിററുകൾ പ്രവർത്തനമൂലധനത്തിന്റെ 62.31% വന്നിരുന്നു. 1959_60ൽ അതു് 38.6% ആയി കുറഞ്ഞിരിക്കുകയാണു്. ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണിതു്. ബാങ്കിങ്ങ് പ്രവർത്തനങ്ങൾ സഹകരണസ്ഥാപനങ്ങളിൽ കാര്യക്ഷമമായി നടക്കുന്നില്ല എന്നതിനു് തെളിവാണിതു്. പ്രസ്ഥാനത്തിനു് ഒരു ഭൂഷണമായി കരുതാവുന്ന കാര്യമല്ല ഇതു്. ഡെപ്പോസിററുകൾ കൂടുതൽ ലഭിക്കണമെങ്കിൽ പൊതുജനങ്ങളുടെ വിശ്വാസം കൂടുതൽ കൂടുതലായി ആർജ്ജിക്കേണ്ടതുണ്ടു്. അവർക്കു് ഇടപാടുകൾ നടത്തുവാൻ ബുദ്ധിമുട്ടുകൾ ഇല്ലാത്തവിധത്തിൽ നടവടിക്രമങ്ങളിൽ മാററം വരുത്തുന്നതു് നന്നായിരിക്കും. കൂടുതൽ സേവനതല്പരത കാണിക്കണം എന്നു ചുരുക്കം.

കൊച്ചിൻ സെൻട്രൽ ഹാൻഡിക്രാഫ്ട് മാർക്കററിങ്ങ്
സഹകരണസംഘം ക്ലിപ്തം No. H. 231.
തൃശ്ശിവപേരൂർ.

കേരളത്തിനകത്തും പുറത്തും ഉൽപാദിപ്പിക്കുന്ന കരകൌശലവസ്തുക്കൾ വരുത്തി വില്പന നടത്തിവരുന്ന ഏക സഹകരണസ്ഥാപനം. ആനക്കൊമ്പു്, പോത്തിൻകൊമ്പു്, വീട്ടി എന്നിവകളിലുള്ള കൊത്തുവേലകൾ, ഒന്നാന്തരം മരസ്സാമാനങ്ങൾ, വിചിത്രവും മനോഹരവുമായ പുല്പായകൾ, മെത്തപ്പായകൾ, ഹാൻഡ്ബാഗുകൾ, ചിരട്ടകൊണ്ടുള്ള കൊത്തുവേലകൾ, ചൂരൽ, മുള മുതലായവകൊണ്ടുള്ള കൌതുകവസ്തുക്കൾ, മരത്തിൽ കൊത്തിയെടുത്തു പെയിന്റ് ചെയ്തിട്ടുള്ള കഥകളിവേഷങ്ങൾ, തുകൽ സാമാനങ്ങൾ, വിശേഷപ്പെട്ടതും ആകർഷകവുമായ ഓട്ടുപാത്രങ്ങൾ, വിളക്കുകൾ മുതലായവ ഇന്നാട്ടിലെ പ്രാഥമിക കരകൌശലസംഘങ്ങളിൽനിന്നും ഏതാനും ചില കലാകാരന്മാരിൽനിന്നും സംഭരിച്ചു വില്പന നടത്തിവരുന്നു.

ഞങ്ങളുടെ ഷോ റൂം സന്ദർശിക്കുക

വി. കെ. കയ്യൂം, സെക്രട്ടറി

കെ. ബാലകൃഷ്ണമാരാർ, B. A. B. L., പ്രസിഡണ്ടു്.

സഹകരണപ്രസ്ഥാനം: ഗവമ്മേണ്ടിന്റെ നിയന്ത്രണം ആപൽക്കരമാണു്

(ജവഹർലാൽ നെഹ്റു)

സഹകരണപ്രസ്ഥാനം ഗവമ്മേണ്ടിന്റെ നിയന്ത്രണത്തിലാവേണ്ട ഒന്നല്ല. ഈ രംഗത്തു്, ഗവമ്മേണ്ടിന്റെ നിയന്ത്രണമുണ്ടാവുന്നതു് ഏറ്റവും വലിയൊരു വിപത്താണെന്നുകൂടി ഞാൻ പറയും. നന്നായാലും ചീത്തയായാലും ശരി, ഗവമ്മേണ്ടിന്റെ നിയന്ത്രണമുണ്ടായാൽ, അതു സഹകരണപ്രസ്ഥാനമല്ല, മറ്റൊന്നാണായിത്തീരുക. ഇന്ത്യയിലെ ഇന്നത്തെ സ്ഥിതിഗതികൾ പരിശോധിച്ചാൽ ഈ വസ്തുത ബോദ്ധ്യമാവും. ഗവമ്മേണ്ടിന്റേതല്ലാത്ത ആളുകൾ മുൻകയ്യെടുത്തു് എവിടെവിടെ പ്രവൎത്തിക്കുന്നുണ്ടോ അവിടവിടെ പ്രസ്ഥാനം അനുക്രമമായി വളൎന്നുവരുന്നതു കാണാം. മറിച്ചു്, ഗവമ്മേണ്ടിനെമാത്രം ആശ്രയിച്ചുകഴിയുന്നിടത്തു്, എക്കാലത്തും ഗവമ്മേണ്ടിന്റെ സഹായം ആവശ്യമായി കാണാം. വളൎച്ചയോ, അതൊട്ടില്ലതാനും. വിവിധ സംസ്ഥാനങ്ങളിലെ പ്രവൎത്തനങ്ങളെ താരതമ്യപ്പെടുത്തുന്നതു സാധാരണഗതിയിൽ അഭിലഷണീയമല്ല. എങ്കിലും ഈ അവസരത്തിൽ അങ്ങിനെ ചെയ്യുന്നതിൽ അനൌചിത്യമുണ്ടെന്നു തോന്നുന്നില്ല. സഹകരണരംഗത്തു് കാൎയ്യമായ പലതും ചെയ്തുവെച്ചിട്ടുള്ള നാലു സംസ്ഥാനങ്ങളുണ്ടു്—മഹാരാഷ്ട്രം, ഗുജറാത്തു്, മദിരാശ്, ആന്ധ്രപ്രദേശം. ഗവമ്മേണ്ടിന്റേതല്ലാത്ത ആളുകൾ പങ്കെടുത്താണു് മേല്പറഞ്ഞ നാലു സംസ്ഥാനങ്ങളിൽ പ്രസ്ഥാനം അനുക്രമമായി വളൎന്നിട്ടുള്ളതു്. സഹകരണരംഗത്തു് ഇന്ത്യയിലാകെ നിൎവ്വഹിക്കപ്പെട്ടിട്ടുള്ള പ്രവൎത്തനങ്ങളുടെ 50 ശതമാനത്തോളം ഈ നാലു സംസ്ഥാനങ്ങളിൽ മാത്രമായി ചെയ്തുവെച്ചിട്ടുള്ളതു കാണാം. മൈസൂരും പഞ്ചാബും രണ്ടാം സ്ഥാനത്താണു് നില്ക്കുന്നതു്. മൂന്നാം നിരയിൽ വരുന്ന സംസ്ഥാനങ്ങളാണു് ഉത്തരപ്രദേശം, കേരളം, മദ്ധ്യപ്രദേശം, ജമ്മു–കാശ്മീർ എന്നിവ. ഒടുവിൽ പറഞ്ഞ സംസ്ഥാനങ്ങളിൽ ഏറെക്കുറെ ശരിയായ വിധത്തിൽ പ്രവൎത്തനങ്ങൾ നടന്നുവരുന്നുണ്ടു്. സഹകരണപ്രസ്ഥാനം മൃതപ്രായത്തിൽ കിടക്കുന്ന സംസ്ഥാനങ്ങളത്രെ ഒറീസ്സ, ബീഹാർ, പശ്ചിമബംഗാൾ, ആസ്സാം എന്നിവ. വിവിധ സംസ്ഥാനങ്ങളിൽ കാണായ ഈ അന്തരം ചിന്താൎഹമാണു്. വളരെ വളരെ മുമ്പു്, സഹകരണപ്രസ്ഥാനം പല രാജ്യങ്ങളിലും ആരംഭിച്ചതു് പരിമിതമായ രീതിയിലും പരിമിതമായ ലക്ഷ്യങ്ങൾ വെച്ചുകൊണ്ടുമാണു്. കമ്യൂണിസ്റ്റെന്നോ, സോഷ്യലിസ്റ്റെന്നോ കാപ്പിറ്റലിസ്റ്റെന്നോ ഉള്ള അന്തരമെന്തായാലും ശരി, ഓരോ രാജ്യത്തും ഈ പ്രസ്ഥാനം വളൎന്നു വികസ്വരമായിട്ടുണ്ടു്. വ്യക്തമായ ഒരാവശ്യം നിൎവ്വഹിക്കുന്നതുകൊണ്ടാണു്, വിവിധരാഷ്ട്രങ്ങളിൽ പ്രകൃതത്തിനു് വ്യത്യാസം കണ്ടേക്കാമെങ്കിലും സഹകരണപ്രസ്ഥാനം വളൎന്നു വലുതായതു്. കൃഷി, വ്യവസായം എന്നിങ്ങനെ പല രംഗങ്ങളിലും സഹകരണപ്രസ്ഥാനത്തിനു് കാൎയ്യമായ സേവനമനുഷ്ഠിക്കാനുണ്ടു്. വിലനിലവാരത്തിന്റെ പ്രശ്നം ഇന്ത്യയിൽ അത്യധികം സങ്കീൎണ്ണമാണു്. ഇതിന്നൊരു പോംവഴി—ഗവമ്മേണ്ടിനു ചെയ്യാവുന്നതിനുംപുറമെ—സഹകരണം മാത്രമാണു്. ഇന്ത്യയിലെവിടെയെല്ലാം സഹകരണപ്രസ്ഥാനം വളൎച്ച പ്രാപിച്ചിട്ടുണ്ടോ അവിടെ, താരതമ്യേന, വില നിയന്ത്രണാധീനമാണെന്നു് കാണാൻ കഴിയും. അതേസമയം, സഹകരണപ്രസ്ഥാനം നൂറുശതമാനം സോഷ്യലിസ്റ്റല്ലെങ്കിലും സോഷ്യലിസത്തോടു് ഏറ്റവുമധികം

അടുത്തുനിൽക്കുന്ന, ഒട്ടും മുതലാളിത്തസ്വഭാവമില്ലാത്ത ഒന്നാണതാനും.

ആദ്യകാലത്ത് നാണയസഹകരണസംഘങ്ങളായാണ് മൊത്തത്തിൽ സഹകരണപ്രസ്ഥാനത്തെ ഗണിച്ചുവന്നിരുന്നത്. എന്നാൽ, ഇന്ന് ഈ പ്രസ്ഥാനം ഒരു വിവിധോദ്ദേശസ്ഥാപനമായി വികസിച്ചിരിക്കുന്നു. നാട്ടിൻപുറങ്ങളിലെ കാർഷികവൃത്തിയെസംബന്ധിച്ചേടത്തോളം സഹകരണസംഘം വലിയൊരനുഗ്രഹമാണ്. ബ്രിട്ടീഷ്ഭരണകാലത്തുതന്നെ, റോയൽകമ്മീഷൻ പറഞ്ഞുവെച്ചിട്ടുണ്ട്, സഹകരണമാർഗ്ഗത്തിലൂടെയല്ലാതെ ഇന്ത്യയിൽ കൃഷിക്കു ഭാവിയില്ലെന്ന്. ഞാനിതിവിടെ എടുത്തു പറയുന്നത്, സഹകരണപ്രസ്ഥാനം നേരിട്ടെതിർത്തുതോല്പിക്കേണ്ട ഭ്രാന്തമായ ഒരു വിപ്ലവനടപടിയാണെന്നു ഒരു കൂട്ടർ വാദിക്കുന്നതുകൊണ്ടാണ്. കൂട്ടുസഹകരണകൃഷി എന്ന സമ്പ്രദായത്തെയും ചിലർ നിശിതമായി എതിർക്കുന്നുണ്ട്. എന്നാൽ ഇവിടെ പ്രത്യേകം ഓർക്കേണ്ടതു്, സഹകരണമെന്നതു് കേവലമൊരു പ്രമേയം പാസ്സാക്കലോ ഗവർമ്മേണ്ടിന്റെ തീരുമാനമോ അല്ല. വ്യക്തിയുടേയും സമുദായത്തിന്റേയും ഉൽക്കർഷാർത്ഥമുള്ള ഒരു വികസനപ്രക്രിയയാണതു്. ജനങ്ങൾക്ക് അക്കാര്യം ബോദ്ധ്യമാവണം; അവരെ ബോദ്ധ്യപ്പെടുത്തണം. വെറുതെ ജനങ്ങളിൽ ഈയൊരാശയം അടിച്ചേല്പിച്ചതുകൊണ്ടു കാര്യമില്ല. അതരുതുതാനും. ഇന്ത്യയെപ്പോലെ, ചെറുകിട ഭൂവുടമകളധികമുള്ള ഒരു രാജ്യത്തു് സഹകരണത്തിലൂടെയല്ലാതെ സമഗ്രമായ അഭിവൃദ്ധി സാധിക്കുകയില്ല. ആധുനികരീതിയിലുള്ള സമ്പ്രദായങ്ങളുമായി ഇനിയും ഇണങ്ങിച്ചേർന്നിട്ടില്ലാത്തതുകൊണ്ട്, ഇവിടെ കൃഷി പിന്നണിയിലായിരിക്കുന്നു. അപ്പോൾ, ഏററവും പ്രധാനപ്പെട്ട വസ്തുത സമർത്ഥമായ പരിശീലനമാണ്. സംസ്ഥാനഗവർമ്മേണ്ടുകളുടെ മുഖ്യമായ കടമ പരിശീലനം സാർവ്വത്രികമാക്കുകയാണ്; അതിന്നാവശ്യമായ സൌകര്യങ്ങളേർപ്പെടുത്തിക്കൊടുക്കേണ്ടതു് കേന്ദ്ര ഗവർമ്മേണ്ടിന്റെ ചുമതലയാണ്.

ഇക്കഴിഞ്ഞ ഏതാനും വർഷത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച ഇന്ത്യയിലാകെ മൊത്തമെടുത്തു നോക്കിയാൽ ഏറെക്കുറെ തൃപ്തികരമാണ്. അതേസമയം, ഈ വളർച്ച ഏതാനും ഭാഗങ്ങളിൽ മാത്രമായി കേന്ദ്രീകൃതമാണെന്നും കാണാം. പല ഭാഗങ്ങളും, ഈ രംഗത്ത്, മുന്നോട്ടുപോകുന്നതിനുപകരം പുറകോട്ടു പോകുന്നതായും കാണാം. അസാധാരണമായ ഈ പ്രതിഭാസം അടിയന്തിരമായ ഒരന്വേഷണത്തിനു വിധേയമാവേണ്ടിയിരിക്കുന്നു. ചുരുക്കി പറഞ്ഞാൽ റയത്ത്വാരിസമ്പ്രദായം നിലവിലുള്ള പ്രദേശങ്ങളാണ് താരതമ്യേന അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളത്; സെമീന്ദാരി നില നിൽക്കുന്ന പ്രദേശങ്ങൾ പുറകോട്ടു പോയിരിക്കയുമാണ്. ഈ വിരോധാഭാസം പരിഹരിക്കുന്നതിനുള്ള പോംവഴി പഞ്ചായത്ത്രാജും സഹകരണപ്രസ്ഥാനവും കൈകോർത്തുപിടിച്ചു പ്രവർത്തിക്കുകയാണെന്ന് എനിക്കു തോന്നുന്നു.

(1961 ഒക്ടോബർ 30-ാംനു- ദൽഹിയിൽ ചേർന്ന സംസ്ഥാനസഹകരണവകുപ്പുമന്ത്രിമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു ചെയ്ത പ്രസംഗത്തിൽനിന്ന്.)

ഖനിയുടമസ്ഥസഹകരണസംഘം

മൈസൂർ സ്റ്റേററിൽ ഖനിയുടമസ്ഥന്മാർക്കു ഒരു സഹകരണയൂണിയൻ ഉള്ളതായി കാണുന്നു. സ്റ്റേററു് ഖനിയുടമസ്ഥയൂണിയന്റെയും മാംഗനീസ് ഖനിയുടമസ്ഥന്മാരുടെയും പ്രതിനിധികൾ ഈയിടെ യോഗം ചേർന്നു, വ്യവസായം പൂർണ്ണമായും സഹകരണാധിഷ്ഠിതമാക്കാനും, വില്പന മുഴുവൻ യൂണിയൻ വഴിക്കാക്കാനും തീരുമാനിക്കുകയുണ്ടായി. അക്കാര്യത്തെക്കുറിച്ചു യൂണിയനും, സ്റ്റേററ് മാർക്കററിങ്ങ് സഹകരണസംഘവും തമ്മിൽ ഇപ്പോൾ കൂടിയാലോചനകൾ നടന്നുവരികയാണ്.

കാർഷികസഹകരണവും പദ്ധതിയും

വി. എൽ. മേത്ത

കാർഷികസഹകരണമണ്ഡലത്തെ ഏറെക്കുറെ സമഗ്രമായിത്തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ട്, മൂന്നാംപഞ്ചവത്സരപദ്ധതിയിൽ. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരുത്തുക; മററു കാർഷികവിഭവങ്ങളുടെ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുക—ഇവയാണല്ലോ പ്രഖ്യാപിതലക്ഷ്യം. ഈ ലക്ഷ്യത്തിലെത്തണമെങ്കിൽ, അടുത്ത അഞ്ചു സംവത്സരക്കാലംകൊണ്ട് ഗ്രാമങ്ങളിലെ സേവന സഹകരണസംഘങ്ങളുടെ പ്രവർത്തനം പൂർവ്വാധികം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു. മൂന്നാം പദ്ധതിക്കാലത്ത്, ഏതാദൃശസംഘങ്ങളുടെ എണ്ണം 2,10,000 ത്തിൽ (1960—61) നിന്നും 2,30,000-മായി (1965—66) വർദ്ധിപ്പിക്കുന്നുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു; അംഗസംഖ്യയാവട്ടെ 170 ലക്ഷത്തിൽനിന്നും 370 ലക്ഷമായും ഉയരും. കാർഷികവൃത്തിയിലേർപ്പെട്ടിട്ടുള്ളവരിൽ 60 ശതമാനം ഇതിൻെറ പരിധിയിൽപെടുന്നു. ഇതുപോലെത്തന്നെ, ഹ്രസ്വകാലവായ്പകൾക്കും ഇടത്തരം വായ്പകൾക്കുമുള്ള വിഹിതം 200 കോടി രൂപയിൽനിന്നും 530 കോടിയായി വർദ്ധിപ്പിക്കുന്നതാണ്; ദീർഘകാലവായ്പയ്ക്കുള്ള തുക 35 കോടിയിൽനിന്നു 150 കോടി രൂപയായും. ഇതുവരെ സഹകരണമേഖലയുടെ പുറത്തായിരുന്ന കാർഷികജനവിഭാഗങ്ങൾക്കുകൂടി വായ്പ ലഭിക്കുമെന്നതുകൊണ്ട്, മൊത്തം വിഹിതത്തിൽ വരുത്തിയിട്ടുള്ള സാരമായ ഈ വർദ്ധന ശ്രദ്ധേയമത്രേ.

മൂന്നാംപദ്ധതിക്കാലത്ത്, സഹകരണമേഖലയുടെ ആഭ്യന്തരവിഭവങ്ങൾ എല്ലാരംഗങ്ങളിലും ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ സംഗതിയും പ്രാധാന്യമർഹിക്കുന്നു. എന്നാൽ ഇപ്പറഞ്ഞ വർദ്ധന, പ്രധാനമായും സംസ്ഥാനത്തിൻെറ സംഭാവനയേക്കാളേറെ, ഓഹരിമൂലധനമായിട്ടായിരിക്കണം. മെമ്പർമാരിൽനിന്നും അല്ലാത്തവരിൽനിന്നുമുള്ള നിക്ഷേപങ്ങൾക്ക് രണ്ടാംസ്ഥാനമേയുള്ളു. അങ്ങിനെ മൂന്നാംപദ്ധതിയിൽ, ഓഹരിമൂലധനം നിലവിലുള്ള 73 കോടിരൂപായിൽനിന്നു 167 കോടിയായും നിക്ഷേപം 180 കോടിയിൽനിന്ന് 396 കോടി രൂപയായും വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. റിസർവ്വ്ബാങ്കിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ, ആഭ്യന്തരവിഭവങ്ങളുടെ വർദ്ധനയിലുള്ള ഏററക്കുറച്ചിലിൻെറ അടിസ്ഥാനത്തിലായിരിക്കുമെന്നും ഓർക്കണം. ഈ പ്രകൃതത്തിൽ ഓഹരിമൂലധനത്തിൻേറയും നിക്ഷേപങ്ങളുടെയും വരവിനെ പ്രതികൂലമായി ബാധിക്കുന്ന ചില ചില വസ്തുതകൾകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. ഒന്നാമത്, ചെറുകിട സമ്പാദ്യപദ്ധതിയുടെ പ്രചുരപ്രചാരംതന്നെ, വിശേഷിച്ചും നാട്ടിൻപുറങ്ങളിൽ, പ്രാമാണികരായ പൊതുപ്രവർത്തകരും കഴിവുള്ള റവന്യൂഉദ്യോഗസ്ഥന്മാരും നാട്ടിൻപുറങ്ങളിൽനിന്നും ചെറുകിട സമ്പാദ്യപദ്ധതിയിലേക്ക് സാരമായ തുകകൾ പിരിച്ചുവരുന്നുണ്ട്. ഇതിൻെറ ഫലമായി, പിരിഞ്ഞുകിട്ടുന്ന ഓഹരിപ്പണവും നിക്ഷേപവും അപ്പപ്പോൾ ഉപയോഗപ്പെടുത്തിയാൽ മാത്രമേ പ്രാഥമികസഹകരണസംഘങ്ങൾക്ക് നിന്നുപോകാനാവൂ എന്ന നില വന്നിട്ടുണ്ട്. രണ്ടാമത്തെ വസ്തുത, സംഖ്യകൾ കൈകാര്യം ചെയ്യുന്നതിൽ സംഘങ്ങൾ വരുത്തുന്ന വീഴ്ചയും കാര്യക്ഷമതയില്ലായ്മയുമാണ്. പദ്ധതിയുടെ ആസൂത്രകന്മാർ, ഇതിൻെറ ഭവിഷ്യത്തു വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. പണം, യഥേഷ്ടം അടവാക്കുവാനും എടുക്കുവാനുമുള്ള സൌകര്യങ്ങൾ കഷ്ടിയാണെന്നു വന്നാൽ കൈവശം കാശുള്ളവർ വേറെ സ്ഥാപനമന്വേഷിക്കും, നിക്ഷേപിക്കുവാൻ. മൂന്നാമതായി, ചെറിയ ചെറിയ നിക്ഷേപത്തുകകൾ വാങ്ങുന്നതിനും ക്ലിപ്ത കാലാവധികളിൽ തിരിച്ചുകൊടുക്കുന്നതിനുമുള്ള ഏർപ്പാടുകൾ രാജ്യത്തൊരിടത്തുമില്ല എന്നതത്രെ. കുറഞ്ഞ വരുമാനം ഉള്ളവരെസ്സംബന്ധിച്ചേടത്തോളം ആകർഷകമായിത്തീരുക, പലിശയുടെ തോതിനേക്കാളേറെ ഈവക ഏർപ്പാ

	1909_10	1924_25	1944_45	1958_59
സൊസൈററികളുടെ എണ്ണം	1,926	57,707	1,49,888	2,83,971
പ്രാഥമികസംഘങ്ങളുടെ അംഗസംഖ്യ (ആയിരക്കണക്കിൽ)	162	2,155	7,218	24,761
പ്രവർത്തനമൂലധനം (രൂപ കോടിക്കണക്കിൽ)	68	36·36	124·35	879·58

ടുകളാണ്. നാലാമത്, നിക്ഷേപ ഇൻഷൂറൻസ് പദ്ധതിയുടെ ആവിർഭാവമാണ്. ഈ പദ്ധതിയിൽ പണം നിക്ഷേപിച്ചാൽ കൈവരുന്ന നേട്ടം സഹകരണസംഘത്തിലോ, ബാങ്കുകളിലോ നിക്ഷേപിച്ചാൽ ലഭിക്കുകയില്ല. ഇതിന്റെ ഫലമായി, ഇന്നല്ലെങ്കിൽ നാളെ സഹകരണസ്ഥാപനങ്ങളുടെ ആകർഷകത്വം വല്ലാതെ ഇടിഞ്ഞുപോകുമെന്നതിൽ തർക്കമില്ല.

റൂറൽ ക്രെഡിററ് സർവ്വെ കമ്മിററി നടത്തിയ ഒരു സർവ്വെയിൽ, സഹകരണവായ്പാസംഘങ്ങളുടെ പ്രചാരം നന്നെ മോശമാണെന്നും സഹകരണമാർക്കററിങ്ങ്സൊസൈററികളുടെ കാര്യം കുറെക്കൂടി പരുങ്ങലിലാണെന്നും എടുത്തുകാട്ടിയിട്ടുണ്ട്. അടുത്ത അഞ്ചുവർഷക്കാലത്തിനിടയ്ക്കു പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന മാർക്കററിങ്ങ് സംഘങ്ങളുടെ എണ്ണം 600 ആണ്. ഒട്ടേറെ സംഘങ്ങൾ രണ്ടാംപദ്ധതിക്കാലത്തും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഏതായാലും, മേലിൽ, വായ്പനല്കുന്ന ഏജൻസികൾക്ക് ആ സംഖ്യ ഈടാക്കാൻ കാർഷികോല്പാദനത്തെ ആശ്രയിക്കേണ്ടതായി വരും. കാരണം, വായ്പ വാങ്ങുന്ന കൃഷിക്കാരൻ കെട്ടിവെയ്ക്കേണ്ടതായ നിക്ഷേപവും വാങ്ങുന്ന വായ്പയുംതമ്മിൽ ബന്ധപ്പെടുത്തുന്നതല്ലെന്നതുതന്നെ. അങ്ങിനെ വരുമ്പോൾ, ഈ വായ്പ ഈടാക്കുന്നതിൽ, സഹകരണമാർക്കററിങ്ങ്സംഘത്തിനു കാര്യമായ സഹായംചെയ്യാൻ സാധിക്കും, സാധിക്കണം. ഒന്നുതീർച്ച: ഉഭയകക്ഷികൾക്കും പ്രയോജനപ്പെടുമാറ് ഇതെങ്ങിനെ സാധിക്കും എന്നതിനെപ്പററി മുമ്പത്തെക്കാളേറെ ശ്രദ്ധയോടെ ചർച്ചചെയ്യേണ്ടിയിരിക്കുന്നു, ഇപ്പോൾ.

(മഹാരാഷ്ട്ര കോ-ഓപ്പറേററീവ് ക്വാർട്ടർലിയിൽ എഴുതിയ ഒരു ലേഖനത്തിൽനിന്നും സംഗ്രഹിച്ചത്.

കൃഷി, കന്നുകാലി, സൈക്കിൾ, റേഡിയോ—
ഇൻഷൂറൻസ് പോളിസികൾ
മററു ഫയർ, മോട്ടോർ തുടങ്ങിയ ജനറൽ ഇൻഷൂറൻസ് പോളിസികൾക്കു
പുറമെ ഞങ്ങൾ കൊടുത്തുവരുന്നു..

സഹകരണസ്ഥാപനങ്ങൾക്കു പാക്കേജ് പോളിസി

പോളിസികൾ എടുക്കുന്നവർക്ക്

ഞങ്ങൾ **ബോണസ്സ്** കൊടുക്കുന്നുവെന്നതു് ഒരു പ്രത്യേകതയാണ്.
1960_ൽ പ്രീമിയത്തിന്റെ 10 ശതമാനമാണ്. (Tax free)
,, ഓഹരിക്കാർക്ക് ലാഭവീതം 6¼% (Tax free)

നിങ്ങളുടെ ഓരോ ഇൻഷൂറൻസ് ആവശ്യത്തിനും ഞങ്ങളെ സമീപിക്കുക:—

THE UNION CO-OP INSURANCE SOCIETY LTD.
(ഒരു അഖിലേന്ത്യാ സഹകരണസ്ഥാപനം)
ഹെഡ് ഓഫീസ്:— ബോംബെ - 1.
കേരള ശാഖ:— ബാനർജി റോഡ്, എറണാകുളം. (ഫോൺ: 1091)
മററ് ആപ്പീസുകൾ:—മെയിൻ റോഡ്, തിരുവനന്തപുരം.
സ്റ്റേഷൻ റോഡ്, തൃശ്ശൂർ. (ഫോൺ: C/o 691)

ലേബർ കോൺട്രാക്ട് ആൻറ് കൺസ്ട്രക്ഷൻ സംഘങ്ങൾ

1957–58 കാലത്ത് ഏർപ്പെടുത്തിയ ലേബർ കോൺട്രാക്ട് സംഘങ്ങളുടെ അനുഭവപാഠങ്ങൾ മുൻനിർത്തി ഗവൺമെണ്ടിൽനിന്ന് ഏതാനും പുതു സംഘങ്ങൾ ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നതായി റജിസ്ട്രാർ അവർകൾ അറിയിക്കുകയുംകാര്യാലയത്തിന്റെ അഭിപ്രായമാരായുകയും ചെയ്തിരിക്കുന്നു. കാര്യാലയം സെക്രട്ടറി ശ്രീ. പി. മാധവമേനോൻ ,റജിസ്ട്രാർക്കെഴുതി അയച്ച മറുപടിയുടെ പരിഭാഷയാണ് ചുവടെ ചേർത്തിരിക്കുന്നത്.

—പത്രാധിപർ.

1957–'58 കാലത്ത് ബ്ളോക്കടിസ്ഥാനത്തിൽ സംഘടിപ്പിച്ച ലേബർകോൺട്രാക്ട് സംഘങ്ങളുടെ അനുഭവപാഠങ്ങളുടെ വെളിച്ചത്തിൽ ഏതാനും ചില വ്യവസ്ഥകൾക്കുൾപ്പെട്ട ലേബർ കോൺട്രാക്റ്റ് ആൻറ് കൺസ്ട്രക്ഷൻ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഗവൺമെണ്ട് നിശ്ചയിച്ചതായി കാണുന്നതിൽ സന്തോഷിക്കുന്നു. 1957–58ൽ ആരംഭിച്ച ലേബർകോൺട്രാക്ട് സംഘങ്ങളെ, നിലനിർത്താൻ ചുമതലപ്പെട്ടവർ, സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുകയുണ്ടായില്ല എന്നു ഖേദപൂർവ്വം രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. എന്നാൽ പുതുതരം സംഘങ്ങളുടെ കാര്യത്തിൽ ഉണ്ടാകുന്ന പ്രാരംഭപരാജയങ്ങൾകണ്ടു നാം അധൈര്യപ്പെടേണ്ടതില്ല; കാരണം അത്തരം ആപത്തുകൾ സഹകരണരംഗത്തു സാധാരണമാണ്. ലേബർകോൺട്രാക്ട് ആൻറ് കൺസ്ട്രക്ഷൻ സംഘങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിനു്, സംരക്ഷണനടപടികൾ നിശ്ചയിക്കുന്നതു് ഇതുവരെ നേടിയ അനുഭവപാഠങ്ങൾ മുൻനിർത്തിയായിരിക്കണം.

വൈദഗ്ദ്ധ്യം ആവശ്യമില്ലാത്തതോ, ഭാഗികമായിമാത്രം ആവശ്യമുള്ളതോ ആയ പണികൾ ഏററു നടത്തുന്നതിനു ലേബർകോൺട്രാക്ട് ആൻറ് കൺസ്ട്രക്ഷൻസംഘങ്ങൾ സ്ഥാപിച്ച്, കൺട്രാക്ടർമാരുടെ 'റോൾ' ക്രമത്തിൽ ഇല്ലാതാക്കുക എന്ന പരിപാടിക്ക് ഒന്നാംപഞ്ചവത്സരപദ്ധതിയോളം പഴക്കമുണ്ട്. ആ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിൽ പഞ്ചാബ്, ബോംബെ, ആന്ധ്രപ്രദേശ്, രാജസ്ഥാൻ എന്നീ പ്രവിശ്യകൾ മുന്നോടികളായി നില്ക്കുന്നു. കേരളമാരംഗത്തിറങ്ങാൻ കുറെ വൈകിപ്പോയി; എന്നാലും പരിമിതമായ പ്രവർത്തനങ്ങൾകൊണ്ടുതന്നെ കേരളത്തിനു, മൂന്നാംപദ്ധതിയെക്കുറിച്ചു ഇന്ത്യാഗവൺമെണ്ട് ഇറക്കിയ രേഖകളിൽ, മുന്നോടിസ്റ്റേററുകൾക്കൊപ്പം സ്ഥാനം പിടിക്കാമായിരുന്നു. നിർഭാഗ്യവശാൽ, 1957–58ൽ സംഘങ്ങളിൽ പലതും പരാജയപ്പെടുകമൂലം കേരളത്തിനാ ബഹുമതി നഷ്ടമായി. ലേബർ കോൺട്രാക്ട് ആൻറ് കൺസ്ട്രക്ഷൻ സംഘങ്ങളുടെ വിജയകരമായ പ്രവർത്തനത്തിനു് ഇന്ത്യാഗവൺമെണ്ടിന്റെ പ്ലാനിങ്ങ് അധികാരികൾ നല്കുന്ന നിർദ്ദേശങ്ങൾ, ഇത്തരുണത്തിൽ പരിശോധിക്കുന്നതു പ്രയോജനകരമായിരിക്കും. താഴെ പറയുന്ന തരത്തിലുള്ള പണികൾ ലേബർ കോൺട്രാക്റ്റ് ആൻറ് കൺസ്ട്രക്ഷൻസംഘങ്ങളെ ഏല്പിക്കേണ്ടതാണെന്നു മൂന്നാംപഞ്ചവത്സരപദ്ധതി സംബന്ധിച്ച പ്രസിദ്ധീകരിച്ചിട്ടുള്ള ഔദ്യോഗികരേഖയുടെ 213–ാം ഭാഗത്തു ചൂണ്ടിക്കാണിച്ചിരിക്കുന്നു.

1. എല്ലാ തരത്തിലുമുള്ള മൺപണികൾ; വിവിധകാര്യങ്ങൾക്കായി വേണ്ടിവരുന്ന ചില്ല

സഹകരണവാർത്തകൾ

കൊച്ചി സഹകരണകാര്യാലയം, തൃശ്ശൂർ.

നിർവ്വാഹകസമിതി — കാര്യാലയത്തിന്റെ നിർവ്വാഹകസമതി 26–1–62–ൽ പ്രസിഡെണ്ടു ശ്രീ. ജോസഫ് മുണ്ടശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. നിർവ്വാഹകസമതി അംഗങ്ങൾക്കു പുറമെ തൃശ്ശൂർ സഹകരണസംഘം ഡെപ്യൂട്ടി രജിസ്റ്റ്രാർ ശ്രീ. കെ. ഗോപാലമേനോനും യോഗത്തിൽ സന്നിഹിതനായിരുന്നു.

1960–61ലെ പ്രവർത്തനങ്ങളെ സംബന്ധിച്ചു രജിസ്റ്റ്രാർ അവർകളുടെ ആഡിററ് ഓർഡർ വായിച്ചു റിക്കാർട്ടാക്കി. കാര്യാലയത്തിന്റെ മാനേജ്മെൻറിൽ നടന്നു വരുന്ന സബ്ഓർഡിനേററ് പേഴ്സനൽ ട്രെയിനിംഗിൽ ഇൻഡസ്റ്റ്രീയൽ ഡിപ്പാർട്ടുമെൻറിൽനിന്നു 27 പേർക്കുകൂടി പ്രവേശനം നൽകണമെന്ന രജിസ്റ്റ്രാർ അവർകളുടെ നിർദ്ദേശത്തിനു സെക്രട്ടറി അയച്ച മറുപടി വായിച്ചു അംഗീകരിച്ചു.

റ കൽപണികൾ; വലുതും ചെറുതുമായ ജലസേചന പദ്ധതികൾ; വെള്ളപ്പൊക്കനിവാരണപദ്ധതികൾ; ചെറുകിടജലസേചനപണികൾ; കെട്ടിടനിർമ്മാണപ്പണികൾ.

2. ഹോസ്റ്റലുകൾ, അഡ്മിനിസ്റ്റ്രേഷൻ ബ്ലോക്കുകൾ, സ്കൂളുകൾ തുടങ്ങിയ ചെറുതരം ഗവർമ്മെണ്ടു കെട്ടിടങ്ങൾ.
3. കെട്ടിടം പണികൾക്കാവശ്യമായ സാധനസാമഗ്രികൾ മൊത്തമായി സംഭരിച്ചു നൽകൽ.

214–ാംപേജിൽ, സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന്നായി താഴെ പറയുന്ന വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

1. മരാമത്തുപണികൾ ഇതുവരെയ്ക്ക്, ഇന്നിന്ന തരത്തിലുള്ളവയും, വിശേഷവിധിയായി ഇന്നിന്നവയും സംഘങ്ങളെ ഏൽപിക്കുന്നതാണെന്നു മുൻകൂട്ടി പറയുകയും പണികൾ തുടർച്ചയായി കൊടുക്കുമെന്നുറപ്പുനൽകുകയും ചെയ്തിരിക്കുക.
2. പണികൾ നല്കുന്ന കാര്യത്തിൽ, സ്വയമേ രൂപപ്പെടുന്ന സംഘടനകൾക്കും, സംഘങ്ങൾക്കും, വ്യക്തികൺട്രാക്റ്റർമാരെ അപേക്ഷിച്ചു മുൻഗണന നല്കുകയും, പണികൾ കഴിയുന്നതും നെഗോഷിയേറ്റഡ് അടിസ്ഥാനത്തിൽ ഏൽപിക്കുകയും ചെയ്യുക.
3. ഷെഡ്യൂൾ നിരക്കുകളനുസരിച്ച്, പണികൾ കഴിയുന്നതും ലാഭകരമായി നടത്താവുന്ന തരത്തിൽ ഏൽപിച്ചുകൊടുക്കുക.
4. കഴിഞ്ഞ പണികൾക്കു ബില്ലെഴുതി പണം കൊടുക്കുന്നതിൽ താമസം വരുത്താതിരിക്കുക.
5. പണികൾക്കു സാങ്കേതിക വിദഗ്ദ്ധന്മാരെ നൽകുക.
6. പ്രവർത്തന ധനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനും വായ്പ നൽകി സഹായിക്കുക.

ഡിപ്പാർട്ടുമെൻറിൽനിന്നു പുതുതായി നിർദ്ദേശിക്കുന്ന വ്യവസ്ഥകൾ, പ്ലാനിങ്ങ് അധികാരികളുടെ മുകളിൽ ചേർന്ന നിർദ്ദേശങ്ങളോടിണങ്ങിപ്പോകുന്നവയായിരിക്കണമെന്നു ഞങ്ങളഭിപ്രായപ്പെടുന്നു. ലേബർ ആൻറ് കൺസ്ട്രക്ഷൻ സംഘങ്ങൾക്കു ധനസഹായം നൽകുന്നതു സഹകരണബാങ്കുകൾ വഴിക്കാകണമെന്ന നിർദ്ദേശത്തെ ഞങ്ങൾ അനുകൂലിക്കുകയാണ്. പണം കൊടുത്തു വാങ്ങുന്നതിന്നു ജില്ലാ ബാങ്കുകൾക്കധികാരം നൽകി കാലവിളംബം പരിഹരിക്കാം.

സംഘങ്ങൾക്കു പണികൾ ഏറ്റവും വിജയകരമായി നടത്താൻ കഴിയണമെങ്കിൽ പണികൾ ഏൽപിക്കുകയും, പണം നൽകുകയും ചെയ്യുന്ന ഡിപ്പാർട്ടുമെൻറുകൾ പുതിയൊരന്തസ്സത്തയും, ആവേശവും ഉൾക്കൊള്ളേണ്ടതുണ്ട് എന്നു ക്ഷമാപണപൂർവ്വം ഞങ്ങളഭിപ്രായപ്പെടുന്നു. സംഘങ്ങൾ പണികൾ ഏറ്റു നടത്തുന്നതു് അവിദഗ്ദ്ധരും അർദ്ധവിദഗ്ദ്ധരുമായ തൊഴിലാളികളുടെ നന്മയ്ക്കായിരിക്കാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകൾ മനസ്സിരുത്തണമെന്നുകൂടി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

തന്നാണ്ടിലെ സഹകരണവാരാഘോഷം, അനുബന്ധിച്ച് മൂന്നാഴ്ചക്കാലത്തേക്കു നടത്തിയ പ്രദർശനം, തത്സംബന്ധമായി പ്രസിദ്ധപ്പെടുത്തിയ 'സോവനീർ' എന്നിവയുടെ വരവു ചിലവു കണക്കുകൾ വായിച്ചു ഒട്ടാകെ വാരാഘോഷചിലവുകൾക്കു ബഡ്ജററിൽ പോരാതെ വരുന്ന 750 ക. യോളം ഡിസ്ട്രിക്ട് കോൺഫറൻസ്, ചിലവിനു കൊള്ളിച്ചിരിക്കുന്ന സംഖ്യയിൽനിന്നു വക മാററിനിത്തേണ്ടതാണെന്നുള്ള സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിച്ചു.

വാരാഘോഷത്തോടനുബന്ധിച്ചു പഞ്ചായത്തുമെമ്പർമാരുടെ സമ്മേളനം നടത്തിററിപ്പോർട്ടയച്ചുതന്നിട്ടുള്ള യൂണിയനുകൾക്കു 25 ക. വീതം ഗ്രാൻറ് നൽകുവാൻ തീരുമാനിച്ചു—കാര്യാലയത്തിൻെറ ആഭിമുഖ്യത്തിൽ ചേർന്ന തൃശ്ശൂർ-എറണാകുളം ജില്ലാ യൂണിയൻ പ്രവർത്തകരുടെ സമ്മേളനതീരുമാനത്തിൻെറ വെളിച്ചത്തിൽ, കേരളാ സ്റ്റേററ് സഹകരണയൂണിയൻ തയ്യാറാക്കിയിട്ടുള്ള യൂണിയൻ പുനഃസംവിധാനപദ്ധതിയിൽ ഉൾപ്പെടുത്താൻവേണ്ടി, പ്രസിഡെണ്ടു തയ്യാറാക്കി അയച്ച നിർദ്ദേശങ്ങൾ വായിച്ചു റിക്കാർട്ടാക്കി. കാര്യാലയം നിർവ്വാഹകസമതിയിലേക്കു കുന്നംകുളം യൂണിയൻ പ്രതിനിധിയായി ശ്രീ. കെ. ശങ്കരൻനായരെ കോ-ഓപ്റ്റ് ചെയ്തു.

കേരളാ സ്റ്റേററ് സഹകരണ ഇൻസ്റ്റിട്യൂട്ടിലേക്കു കാര്യാലയം പ്രതിനിധിയായി ശ്രീ. ജോസഫ് മുണ്ടശ്ശേരിയെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

309-ാംനമ്പർ ചൂരക്കാട്ടുകര സർവ്വീസു സഹകരണസംഘം, ക്ലിപ്തം.

പ്രത്യേകപൊതുയോഗം-സംഘത്തിൻെറ ഒരു പ്രത്യേകപൊതുയോഗം 3-12-61ൽ പ്രസിഡണ്ടു ശ്രീ. അനന്തനാരായണൻ എഴുത്തച്ഛൻെറ അദ്ധ്യക്ഷതയിൽ ചേർന്നു—സർവ്വീസ്സുസഹകരണസംഘങ്ങളുടെ പ്രോത്സാഹനാർത്ഥം ഗവമ്മേണ്ടിൽനിന്നാവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിപ്രകാരം സംഘത്തിൽ 6000 കക്കുള്ള ഓഹരിയെടുത്തു സഹായിക്കുവാനും; ഒരു പെയ്ഡ് സെക്രട്ടറിയെ നിയമിക്കുന്നതിനു സഹായധനമായി ചുരുങ്ങിയതു 50 ക. യെങ്കിലും പ്രതിമാസം ഗ്രാൻറ് നൽകുവാനും; ഗവമ്മേണ്ടിനോടഭ്യർത്ഥിക്കുന്ന പ്രമേയങ്ങൾ പാസ്സാക്കിയിരിക്കുന്നു. കൂടാതെ സംഘത്തിൽനിന്നൊരു പൂവൽകുറി തുടങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. കുറിവ്യവസ്ഥകൾ:-50നറുക്ക് നറുക്കൊന്നുക്കു 2 നമ്പ്ര്, 25 തവണ, കൊല്ലത്തിൽ 3കുറി, ജനുവരി, മെയ്, സെപ്റ്റംബർ-ഒരു നറുക്ക് ലേലം, ഒരു നറുക്ക് എടുപ്പ്-അങ്ങിനെ 99 മാസം കൊണ്ടവസാനിക്കും.

195-ാം നമ്പർ ചാത്തേടം സർവ്വീസു സഹകരണസംഘം, ക്ലിപ്തം.

സംഘത്തെ ഒരു സർവ്വീസു സംഘമായി അംഗീകരിച്ചതിനെ തുടർന്നുള്ള ഉൽഘാടനകർമ്മം 28-1-62ൽ സംഘം പ്രസിഡെണ്ടു ശ്രീ. വി. പി. ജോസഫിൻെറ അദ്ധ്യക്ഷതയിൽ ശ്രീ. കെ. ആർ. വിജയൻ എം. എൽ. എ. നിർവ്വഹിച്ചിരിക്കുന്നു. സ്ത്രീപുരുഷഭേദമെന്യേ സംഘാംഗങ്ങളെല്ലാവരും തദവസരത്തിൽ സന്നിഹിതരായിരുന്നു. വിശിഷ്യാ, ഡി. ബാങ്ക് ഇൻസ്പെക്ടർ അവർകളും ഹാജരുണ്ടായിരുന്നു.

ഉൽഘാടനചടങ്ങുകളോടനുബന്ധിച്ചു അർദ്ധവർഷപൊതുയോഗവും കൂടുകയുണ്ടായി. സംഘത്തിൻെറ പുതിയ ഡയറക്ടർ ബോർഡംഗങ്ങളായി സർവ്വശ്രീ വി. പി. ജോസഫ്, ഫ്റാൻസിസ് കല്ലുങ്ങൽ, ഒ. എന്തുറാണി, ഒ. സി. ഏലിയാസ്, എം. വി. ദേവസ്സി എന്നിവരെ തിരഞ്ഞെടുത്തു.

വിധികടങ്ങൾ പിരിച്ചെടുക്കുന്ന നടപടികളിലും ബഡ്ജററിനു അംഗീകാരം നൽകുന്നതിലും, യഥാകാലം ഓഡിററ നടത്തിക്കിട്ടുന്ന കാര്യത്തിലും ഡിപ്പാർട്ടുമെൻറധികൃതരുടെ അനാസ്ഥയെപ്പററിയും, കടംവാങ്ങുകൾക്കു ഡിസ്ട്രിക്ട് ബാങ്കിൽനിന്നു ചുമത്തിവരുന്ന ഉന്നതെ വർദ്ധിച്ച പലിശനിരക്കിനെപ്പററിയും യോഗം ചർച്ചചെയ്തു എത്താൻ ചില പ്രമേയങ്ങൾ പാസ്സാക്കുകയുമുണ്ടായി.

വൈപ്പിൻകരയിൽ പുതിയൊരു വ്യവസായസഹകരണസംഘം

വൈപ്പിൻ നെററ് വക്കേഴ്സ് ഇൻഡസ്ട്രിയൽ കോ ഓപ്പറേററീവ് സൊസൈററി എന്ന പേരിൽ 2000ക. ഓഹരി മൂലധനത്തോടു കൂടി ഒരു സംഘം രജിസ്റ്റർ ചെയ്തു പ്രവൎത്തനമാരംഭിച്ചിരിക്കുന്നു. വലകെട്ടൽ വ്യവസായാഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന സംഘത്തിന്റെ വ്യാപകാതൃത്തിയിൽ വൈപ്പിൻ ബ്ലോക്കിലുള്ള എല്ലാ ഗ്രാമങ്ങളും ഉൾപ്പെടും.

കാർഷിക ഇൻഷ്വറൻസ് കേരളത്തിൽ

യൂണിയൻ കോ ഓപ്പറേററീവ് ഇൻഷ്വറൻസ് സൊസൈററിയുടെ കാർഷികഇൻഷ്വറൻസ് പദ്ധതിയനുസരിച്ചു തൊടുപുഴ 'ശ്രീമാൻ' മോട്ടോർ സർവ്വീസ് ഉടമസ്ഥൻ ശ്രീ കെ. മഹാദേവന് അദ്ദേഹത്തിന്റെ തൃക്കാക്കരപാടത്തെ വിളവു അതിവർഷംമൂലം നശിച്ചുപോയതിനു നഷ്ടപരിഹാരമായി 3375ക. നൽകപ്പെട്ടിരിക്കുന്നു.

കേരളത്തിൽ ഇദംപ്രഥമമായിട്ടാണ് ഇത്തരം സംരക്ഷണം കർഷകൎക്കു ഇൻഷ്വറൻസ് മുഖേന ലഭ്യമാകുന്നതു്. യൂണിയൻ കോ ഓപ്പറേററീവ് ഇൻഷ്വറൻസ് സൊസൈററിയുടെ സംസ്ഥാനികഉപദേശകസമിതി അംഗമായ ശ്രീമതി കുസുമം ജോസഫ് എം. എൽ. എ. യാണ് ജനുവരി 10-ാംനു- സംഘടിപ്പിക്കപ്പെട്ട ഒരു ചടങ്ങിൽ വെച്ചു ശ്രീ മഹാദേവനു 3375കയുടെ ചെക്കു നൽകിയതു്. തദവസരത്തിൽ സൊസൈററി ബ്രാഞ്ച് മാനേജർ ശ്രീ ടി. എസ്സ്. രാമകൃഷ്ണൻ കാർഷിക ഇൻഷ്വറൻസിന്റെ നാനോന്മുഖമായ ലക്ഷ്യങ്ങളെപ്പററി സംസാരിക്കുകയും, കന്നുകാലി, റേഡിയോ, സൈക്കിൾ, ഹയർ പർച്ചേസ് തുടങ്ങിയ മററല്ലാ ജനറൽ ഇൻഷ്വറൻസുകളും ജനക്ഷേമത്തെ ലക്ഷ്യമാക്കി പ്രസ്തുത സൊസൈററി സഹകരണാടിസ്ഥാനത്തിൽ അഖിലേന്ത്യാ വ്യാപകമായി പ്രവൎത്തിച്ചുവരുന്നതായി പ്രസ്താവിക്കുകയും; നാട്ടാരുടെ നന്മക്കും വളൎച്ചക്കും ഉപകരിക്കുന്ന ഇത്തരം പദ്ധതികളെ വിജയിപ്പിക്കണമെന്നു ഗവൺമെണ്ടിനോടും പൊതുജനങ്ങളോടും അഭ്യൎത്ഥിക്കുകയുമുണ്ടായി.

ഇന്ത്യൻ കോഫിബോർഡ് വക്കേഴ്സ് കോ-ഓപ്പറേററീവ് സൊസൈററി ക്ലിപ്തം, തൃശ്ശൂർ.

സൊസൈററിവക ഒരു കോഫി ഹൗസ് 26-1-62 മുതൽ എറണാകുളം ടി. ബി. റോഡിൽ തുറന്നു പ്രവൎത്തനം ആരംഭിച്ചിരിക്കുന്നു. സംഘത്തിന്റെ ആഭിമുഖ്യത്തിൽ തുറക്കുന്ന എട്ടാമത്തെ കോഫി ഹൌസാണിതു്. 20 തൊഴിലാളികൾക്കു് ഈ ബ്രാഞ്ചിൽ ജോലി ലഭിക്കും. ഇന്ത്യൻ കോഫി ബോർഡിൽനിന്നു നാലു വർഷം മുമ്പു പിരിച്ചുവിട്ട തൊഴിലാളികൾ ചേർന്നുണ്ടാക്കിയതാണീ സംഘം. കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. എ. എം. തോമസ്സാണ് ബ്രാഞ്ചിന്റെ ഉൽഘാടനകൎമ്മം നിൎവ്വഹിച്ചതു്. തത്സംബന്ധമായി കൂടിയ യോഗത്തിൽ എറണാകുളം മുനിസിപ്പൽ ചെയർമാൻ ശ്രീ പീററർ കൊറിയ ആദ്ധ്യക്ഷം വഹിക്കുകയും സൊസൈററി പ്രസിഡണ്ട് ശ്രീ. സി. ദാമോദരമേനോൻ സ്വാഗതമാശംസിക്കുകയും ചെയ്തു. സെക്രട്ടറി ശ്രീ എൻ. എൻ. പരമേശ്വരൻപിള്ള നന്ദി പ്രകാശിപ്പിച്ചു.

സഹകരണവകുപ്പു ഗവൺമെണ്ട് സെക്രട്ടറി

കൃഷി സഹകരണവകുപ്പുകളുടെ ഗവൺമെണ്ടു സെക്രട്ടറിയായിരുന്ന ശ്രീ. സി. തോമാസ് ഐ. എ. എസ്സിനെ റവന്യൂ ബോർഡ് മെമ്പർ ആയി നിയമിച്ച ഒഴിവിൽ അഡീഷനൽ ഗവൺമെണ്ടു സെക്രട്ടറി ശ്രീ കെ. സി. ശങ്കരനാരായണൻ ഐ. എ. എസ്സിനെ കൃഷി സഹകരണവകുപ്പു സെക്രട്ടറിയായി നിയമിച്ചിരിക്കുന്നു.

സംസ്ഥാന സഹകരണവകുപ്പ് മന്ത്രിമാരുടെ സമ്മേളനം

1961 ഒക്ടോബർ 30, 31 തിയ്യതികളിൽ ദൽഹിയിൽ ചേർന്ന സംസ്ഥാന സഹകരണവകുപ്പുമന്ത്രിമാരുടെ സമ്മേളനം ശ്രദ്ധേയമായ പല നിർദ്ദേശങ്ങളും ഉന്നയിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളിൽ പലതും പ്രായോഗികരംഗത്തു ദൂരവ്യാപകമായ ഫലമുളവാക്കാനും മതി. സഹകരണവിദ്യാഭ്യാസ – പരിശീലനരംഗങ്ങളിൽ വികേന്ദ്രീകരണം വേണമെന്നും ഉദ്യോഗസ്ഥനിയന്ത്രണം തീരഞ്ഞും പാടില്ലെന്നും സമ്മേളനം വെട്ടിത്തുറന്നഭിപ്രായപ്പെട്ടു. ഈ ചുമതല ദേശീയസഹകരണയൂണിയനും സംസ്ഥാന സഹകരണയൂണിയനുകൾക്കും നൽകണം; ജൂനിയർ സഹകരണപരിശീലനകേന്ദ്രങ്ങൾ സംസ്ഥാന സഹകരണയൂണിയനുകളുടെ നിയന്ത്രണത്തിലാവണം തുടങ്ങിയ നിർദ്ദേശങ്ങളും സമ്മേളനം മുന്നോട്ടു വെയ്ക്കുകയുണ്ടായി. സഹകരണവിദ്യാഭ്യാസം, പരിശീലനം തുടങ്ങിയവയുടെ ചുമതല, കേന്ദ്രത്തിൽ, ദേശീയസഹകരണയൂണിയനെ ഏല്പിക്കണം. ഇൻറർമീഡിയററ് പരിശീലനകേന്ദ്രങ്ങൾ, കേന്ദ്രഗവമ്മെണ്ടിൻെറ അനുമതിയോടെ നിയമിക്കപ്പെടുന്ന പ്രത്യേക കമ്മിററിവഴി, സംസ്ഥാനസഹകരണയൂണിയനുകളുടെ അധീനത്തിലാക്കണമെന്നും സമ്മേളനം ശുപാർശചെയ്തിട്ടുണ്ട്.

കാർഷികോല്പന്നങ്ങളുടെ സഹകരണവിപണി വികസിപ്പിക്കേണ്ടതിൻെറ ആവശ്യകത സമ്മേളനം അംഗീകരിക്കുകയും കഴിയുന്നതു വേഗം പ്രധാന കാർഷികോല്പന്നങ്ങളുടെ അടിസ്ഥാനവിലനയം ആവിഷ്കരിക്കണമെന്നു ശുപാർശചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ ഉദാരമായ സാമ്പത്തികസഹായമനുവദിച്ച സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കു സാരമായ പങ്കു വഹിക്കാനുണ്ടെന്നു സമ്മേളനം ചൂണ്ടിക്കാട്ടി. സഹകരണവായ്പാകേന്ദ്രങ്ങളും സഹകരണമാർക്കററിംഗ്സ്ഥാപനങ്ങളും തമ്മിൽ പ്രവർത്തനത്തിലെന്നപോലെ ഘടനയിലും ബന്ധപ്പെട്ടിരിക്കണമെന്നാണ് സമ്മേളനത്തിൻെറ മറെറാരു പ്രധാന ശുപാർശ.

സഹകരണകൃഷി ഊർജ്ജിതപ്പെടുത്തണമെന്നു സമ്മേളനം അഭിപ്രായപ്പെട്ടു.

പഞ്ചായത്തുകളും സഹകരണസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധത്തെപ്പററി വക്കിങ്ങ്–ഗ്രൂപ്പ് അവതരിപ്പിച്ച റിപ്പോർട്ട് സമ്മേളനത്തിൽ ചർച്ചചെയ്യപ്പെടുകയുണ്ടായി. സഹകരണസ്ഥാപനങ്ങളുടെ സ്വയംഭരണാവകാശത്തെ കോട്ടം തട്ടിക്കാതെ നിലനിത്തണമെന്നു സമ്മേളനം ശക്തിയായ ഭാഷയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

1961-62ൽ ഓരോ സംസ്ഥാനത്തും 250 സഹകരണവായ്പാസംഘങ്ങൾ സ്ഥാപിക്കുക എന്ന തത്വം എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാക്കാതിരിക്കുക; റിസർവ്വ് ബാങ്കിൽ നിന്നുള്ള വായ്പയിൽനിന്നും സംസ്ഥാനഗവമ്മെണ്ടിൻെറ വിഹിതം ലഭിക്കണമെങ്കിൽ ഒരു സൊസൈററി 2500കയുടെ ഓഹരിമൂലധനമെങ്കിലും ശേഖരിച്ചിരിക്കണമെന്നതു മാററി, ശേഖരിക്കേണ്ട തുക 1500ക.യാക്കി കുറയ്ക്കുക — തുടങ്ങിയവയും സമ്മേളനത്തിൻെറ ശുപാർശകളാണ്.

പ്രൈമറി വായ്പാസംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതു് ഒരു പ്രധാന സംഗതിയാണെന്നും സമ്മേളനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

DEPARTMENTAL CIRCULAR

No. 10317/61/G6

Office of the Registrar of Co-operative Societies
Trivandrum, 5-1-1962.

CIRCULAR

Sub:- "Co-operative Farming and Service Co-operative Societies in India" by Dr. C. R. Madan, M. A., LL. B., Ph. D.

A book entitled "Co-operative Farming and Service Co-operative Societies in India has been published by Sri. C. R. Madan, M. A., LL. B, Ph. D., Assistant Professor, Department of Sociology and Social Work, Lucknow University. It deals with the principles of Co-operative Farming and Service Co-operatives. The programmes for the correction and rehabilitation of existing Co-operative Farming Societies have also been explained clearly in the book. Hence the book will be of use to students on Co-operation and it will also serve as a guide for the officers of the department. It would be a valuable addition to the libraries of Co-operative Colleges, Training Centres etc. The principals of Training Centres may purchase this book for reference in their offices. The Deputy Registrars may recommend the book for purchase by major Co-operative institutions.

(Sd)

FOR REGISTRAR OF CO-OPERATIVE SOCIETIES.

കൃഷിക്കാരെ സഹായിക്കാൻ

ദീർഘകാലവായ്പകൾ നൽകി കൃഷിക്കാരെ സഹായിക്കാൻ 'ഒരു ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്' താമസിയാതെ സ്ഥാപിക്കപ്പെടുമെന്നു കേന്ദ്രത്തിലെ കൃഷിവകുപ്പുമന്ത്രി ഡാ: പഞ്ചാബ്റാവുദേശ്മുഖ് വെളിപ്പെടുത്തിയതായി ആൾ ഇന്ത്യാ കോ-ഓപ്പറേറ്റീവ് ന്യൂസ് ഡൈജസ്റ്റ് റിപ്പോർട്ടു ചെയ്യുന്നു. (ജന: 1, 1962) പഞ്ചാബ് കൃഷക്സമാജത്തിന്റെ രണ്ടു ദിവസം നീണ്ടുനിന്ന ഒരു കൺവെൻഷൻ ഉൽഘാടനംചെയ്തു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

ഓരോ കർഷകകുടുംബത്തിൽനിന്നും ഓരോ ആൾക്കു സൗജന്യമായി ലൈഫ് ഇൻഷ്വറൻസ് അനുവദിക്കുന്നതിനു വ്യവസ്ഥപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ അതനുഭവിക്കണമെങ്കിൽ ഓരോ കുടുംബവും ബാങ്കിൽ 10,000ക.യുടെ ഓഹരി എടുത്തിരിക്കണമെന്നുണ്ട്.

—

സഹകരണപ്രബോധിനി

ORGAN OF

THE COCHIN CENTRAL CO-OPERATIVE INSTITUTE, TRICHUR.

Vol. 33

1962

മാൎച്ച്

No. 9

വില 4 അണ

വിഷയവിവരം.

1. ഉപഭോക്തൃസഹകരണവും മൂന്നാം പഞ്ചവത്സരപദ്ധതിയും
   —ജോസഫ് മുണ്ടശ്ശേരി
2. കുറിപ്പുകൾ
   —ടി. കെ.
3. Land utilisation and Agricultural Pattern in Kerala.
   —V. K. Achutha Menon
4. റോച്ച്ഡെയിൽ പയണിയർമാർ
   —ടി. കെ. കുഞ്ഞയ്യപ്പൻ
5. ചെറുകിടവ്യവസായങ്ങളുടെ അടിസ്ഥാനം
   —കെ. പി. ആർ. മേനോൻ
6. സഹകരണപ്രസ്ഥാനവും മൂന്നാം പഞ്ചവത്സരപദ്ധതിയും
7. ഡിപ്പാർട്ടുമെൻറൽ സക്കുലറുകൾ
8. സഹകരണവാർത്തകൾ

തൃശ്ശൂർ ഡിസ്ത്രിക്ട്
കൊ-ഓപ്പറേറ്റീവ് ബാങ്ക് (ക്ലിപ്തം)

എല്ലാതരം ഡെപ്പോസിററുകളും സ്വീകരിക്കുന്നു.

സമ്മതി സിദ്ധിച്ചിട്ടുള്ള ഓഹരിമൂലധനം	25 ലക്ഷം ക.
(പരസ്പരസഹായസംഘങ്ങൾക്ക് 20 ലക്ഷം ക.യും ഗവമ്മേണ്ടിന്നു 5 ലക്ഷം കയും)	
അടഞ്ഞ ഓഹരി മൂലധനം:	8,08,642 ക.
പരസ്പരസഹായസംഘങ്ങളിൽനിന്നു 6,58,642കയും ഗവമ്മേണ്ടിൽനിന്നു 1,50,000 ക.യും	
റിസർവ്വ് മുതലായ ഫണ്ടുകൾ:	1,94,561 ക.

ഡെപ്പോസിററുകൾക്കുള്ള പലിശനിരക്കുകൾ:

3 മാസം മുതൽ 6 മാസംവരെ	3%
6 ,, 12 ,,	4%.
12 ,, 24 ,,	4½%
24 മാസം മുതൽ	4¾%
കറൻറ് ഡെപ്പോസിററിന്നു	1%
സേവിങ്ങ്സിന്നു	2½%

ഗവമ്മേണ്ടുദ്യോഗസ്ഥന്മാരുടെ ജാമ്യസംഖ്യകൾ (പലിശ 3%)

കണ്ട്രാക്ടർമാരുടെ ജാമ്യസംഖ്യകൾ (പലിശ 2½%)

മുനിസിപ്പൽ പ്രോവിഡണ്ട് ഫണ്ട് ഡെപ്പോസിററുകൾ (പലിശ 3%)

എൻഡോവ്മെൻറ് ഡെപ്പോസിററുകൾ (പലിശ 5%)

മുതലായ ഡെപ്പോസിററുകൾ സ്വീകരിക്കുന്നതിന്നു ബാങ്കിനെ ഗവമ്മേണ്ട് അധികാരപ്പെടുത്തിയിട്ടുണ്ട്. ദീർഘകാലത്തേയ്ക്കു നില്ക്കുന്ന കണ്ട്രാക്ടേഴ്സ് ഡെപ്പോസിററുകൾക്ക് സ്ഥിരംഡെപ്പോസിററുകളുടെ പലിശ നല്കുന്നതാണ്.

എല്ലാ തരത്തിലുള്ള ബാങ്കിംഗ് എടവാടുകളും നടത്തുന്നു.

വി. ആർ. കൃഷ്ണനെഴുത്തച്ഛൻ,	എസ്സ്. ഹരിഹരയ്യർ,
പ്രസിഡണ്ട്.	സെക്രട്ടറി.

പത്രാധിപർ: ജോസഫ് മുണ്ടശ്ശേരി, എം. എ.

സഹകരണപ്രബോധിനി

Vol. 33 | മാർച്ച് 1962 | No. 9

ഉപഭോക്തൃസഹകരണവും മൂന്നാം പഞ്ചവത്സരപദ്ധതിയും

(ജോസഫ് മുണ്ടശ്ശേരി)

ഉല്പാദനവിതരണമേഖലകളിൽ സഹകരണാടിസ്ഥാനത്തിലുള്ള പ്രവത്തനം കഴിയുന്നത്ര വികസിപ്പിക്കണം എന്നുള്ള നയത്തിന്റെ ഒരു ഭാഗമായി ഉപഭോക്തൃസഹകരണസംഘങ്ങൾ അടിക്കടി ഉണ്ടാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഉപഭോക്തൃസഹകരണത്തെക്കുറിച്ച് പഠിക്കാനേപ്പെടുത്തിയ വിദഗ്ദ്ധകമ്മിററിയുടെ ശുപാർശകളാണ് പുതിയ നിർദ്ദേശങ്ങൾക്ക് വഴി കാട്ടിയിട്ടുള്ളതെന്നറിയുന്നു.

രണ്ടാം ലോകമഹായുദ്ധത്തോടൊന്നിച്ചേപ്പെട്ട നിയന്ത്രണങ്ങളുടെ സഹായത്തോടുകൂടി ഉപഭോക്തൃസഹകരണത്തിന്ന് നമ്മുടെ നാട്ടിൽ പുതിയൊരു ജീവൻ കൈവരികയുണ്ടായി. 1951_52ലെ കണക്കനുസരിച്ച് 9757 വിതരണസംഘങ്ങൾ ഉണ്ടായിരുന്നു. 18 ലക്ഷത്തിലധികം ഉണ്ടായിരുന്നു, ആ സംഘങ്ങളിലെല്ലാംകൂടി അംഗങ്ങൾ. അവയ്ക്കു നടത്താൻ കഴിഞ്ഞ വ്യാപാരം 82 കോടി ഉറുപ്പികയുടെതാണ്. പൊതുവേ നോക്കിയാൽ തൃപ്തികരമായി തോന്നുന്ന ഈ വളച്ച് ഏറെക്കാലത്തേയ്ക്ക് നിന്നില്ല. 1959_60_ആയപ്പോഴേക്കും സംഘങ്ങളുടെ എണ്ണം 7168 ആയി ചുരുങ്ങി. അംഗസംഖ്യ 14 ലക്ഷമായും. ഒട്ടാകെയുള്ള വിതരണസംഘങ്ങളിൽ ലാഭകരമായി പ്രവത്തിക്കുന്നവ 3_ൽ ഒരു ഭാഗമേ ഉള്ളൂ എന്ന് ഏററവും ഒടുവിലത്തെ കണക്കുകളിൽനിന്നു മനസ്സിലാവുന്നു. കൺട്രോളുകൾ ഉപേക്ഷിച്ചുപേക്ഷിച്ചുവന്നതോടെയാണ് ഉപഭോക്തൃസംഘങ്ങൾക്ക് തിരിച്ചടിയുണ്ടായത്. സാധാരണപരിതഃസ്ഥിതിയിൽ വിതരണസംഘങ്ങൾക്ക് പ്രവത്തിച്ചു വിജയിക്കാൻ പ്രയാസമാണെന്നാണ് കാലം ചെല്ലുന്തോറുമുള്ള അനുഭവങ്ങളിൽനിന്നൂഹിക്കേണ്ടതു്. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ കാലത്തു് ഉപഭോക്തൃസഹകരണമേഖലയിലെ അവശതകൾ കഴിയുന്നേടത്തോളം ഒഴിവാക്കി സ്വന്തം കാലിൽ നിൽക്കാവുന്ന കൂടുതൽ സംഘങ്ങളേപ്പെടുത്തി നിത്യോപയോഗസാധനങ്ങളുടെ വിതരണം ഒരതിത്തിവരെ സഹകരണത്തിന്റെ കൊടിക്കീഴിൽ കൊണ്ടുവരുവാൻ തീരുമാനിച്ചിരിക്കുകയാണ്. 2200 പുതിയ പ്രാഥമിക സംഘങ്ങളും 50 മൊത്തവ്യാപാരസംഘങ്ങളുമാണ് മൂന്നാം പദ്ധതിക്കാലത്തെ ടാർജററ്. ഈ രണ്ടിനം സംഘങ്ങളിലും സംസ്ഥാനഗവമ്മേണ്ടുകൾ ഓഹരിമൂലധനമായി പണമിറക്കി ഭാഗഭാക്കുകളാവണം എന്നുവെച്ചിട്ടുണ്ട്. പുതിയ സംഘങ്ങൾ ഏറിയപങ്കും നഗരങ്ങളിൽ സംഘടിപ്പിക്കണമെന്നാണ് നിശ്ചയം. ഉദ്യോഗസ്ഥന്മാരും തൊഴിലാളികളും തിങ്ങി താമസി

ക്കുന്ന കേന്ദ്രങ്ങൾക്ക് സവിശേഷപരിഗണന ഉണ്ടാകുമെന്നറിയുന്നു. നാട്ടിൻപുറങ്ങളിൽ നിത്യോപയോഗസാധനങ്ങളുടെ വിതരണം മിക്കവാറും കാർഷിക സേവന സംഘങ്ങളിലൂടെ നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. ഇന്ത്യക്കാകെക്കൂടിയുള്ള ടാർജററിൽനിന്ന് ഓരോ സംസ്ഥാനത്തിന്നും അതാതിന്റെ ജനപ്പെരുപ്പമനുസരിച്ച് വീതം കിട്ടും.

മററെല്ലാരംഗത്തുമെന്നപോലെ ഉപഭോക്തൃസഹകരണത്തിന്റെ രംഗത്തും കൂടുതൽ കൂടുതൽ സംഘങ്ങൾ ഏർപ്പെടുത്താനുള്ള പരിപാടിയാണ് മുന്നിട്ടു നിൽക്കുന്നത്. ഇതേവരെയുള്ള അനുഭവത്തിൽനിന്നു വ്യത്യസ്തമായി ഉപഭോക്തൃസംഘങ്ങൾക്ക് ഓഹരി മൂലധനത്തിന്റെയും മററും രൂപത്തിൽ സർക്കാർ ആനുകൂല്യം കൈവരുമെന്നാകുമ്പോൾ വിതരണസംഘങ്ങളിലും പുതിയ പുതിയ താല്പര്യക്കാർ വന്നുകേറും. ഇടത്തട്ടുകാരെന്നുതന്നെ ശ്രവണം അവരെയും വിളിക്കാൻ. അത്തരക്കാരെ ഒഴിച്ചുനിർത്താൻ പാകത്തിലുള്ള വ്യവസ്ഥകൾ ഡിപ്പാർട്ടുമെന്റിൽനിന്നു മുൻകൂട്ടി ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഉപഭോക്താക്കൾക്കു വിലയിലും മററും മെച്ചം കിട്ടാവുന്ന തരത്തിൽ നിത്യോപയോഗസാധനങ്ങൾ വിതരണംചെയ്യുന്ന ഏജൻസികളായിത്തീർന്നാൽമാത്രമേ ഉപഭോക്തൃസഹകരണസംഘങ്ങൾക്കു ജനങ്ങൾക്കിടയിൽ ശരിയായ നിലനിൽപ്പുണ്ടാവൂ. പഞ്ചവത്സരപദ്ധതിക്കാർ വിഭാവനംചെയ്യുന്നതും അത്തരമൊരു ഭാവിയാണ്.

ഓഹരിമൂലധനത്തിന്റെയും മററും രൂപത്തിൽ സർക്കാർആനുകൂല്യങ്ങൾ കിട്ടിയാൽതന്നെയും പ്രൈവററ് ഉടമകൾക്കു കോയ്മയുള്ള ഈ രാജ്യത്തെ വിതരണമേഖലയിൽ ഉപഭോക്തൃസഹകരണസംഘങ്ങൾ നാം പ്രതീക്ഷിക്കുന്നവിധം വിജയിക്കുമോ? ഇതൊരു വലിയ ചോദ്യമാണ്. 1962 മാർച്ച് 2-ാംനു-യിലെ മദിരാശി മെയിലിൽ ശ്രീ. എൻ. മുരുകേശൻ എഴുതിയിട്ടുള്ള നീണ്ടൊരു ലേഖനത്തിൽ വ്യക്തമായി പറയുന്നത് ഇന്നത്തെ പരിതഃസ്ഥിതിയിൽ പഞ്ചവത്സരപദ്ധതിക്കാർ വിഭാവനം ചെയ്യുന്ന ഒരു ഭാവി ഉപഭോക്തൃസഹകരണത്തിന്നു നമ്മുടെ നാട്ടിൽ ഉണ്ടാവില്ലെന്നാണ്. ബ്രിട്ടനിൽപ്പോലും ഉപഭോക്തൃസംഘങ്ങൾ കാലം ചെല്ലുംതോറും ക്ഷയിച്ചുവരികയാണെന്നു് അദ്ദേഹം എടുത്തുപറഞ്ഞിരിക്കുന്നു. വിതരണമേഖലയിലെ പ്രൈവററ് ഉടമകൾ ഉല്പാദകന്മാരോട് മൊത്തക്കരാറിന്മേൽ നിത്യോപയോഗസാധനങ്ങൾ വാങ്ങി സംഭരിക്കുന്ന സമ്പ്രദായം പണ്ടത്തേതിലും ഊർജ്ജിതപ്പെട്ടതാണ് അവിടത്തെ പരാജയത്തിന്നു കാരണമത്രേ. ഈ സ്ഥിതിവിശേഷം ഒട്ടൊക്കെ നമ്മുടെ നാട്ടിലുമുണ്ട്. മൊത്തവ്യാപാരസംഘങ്ങൾ അവിടവിടെ ഏർപ്പെടുത്തിയാൽപോലും പ്രൈവററ് ഉടമകളുമായി മത്സരിച്ചു വിലത്തരങ്ങൾ നിയന്ത്രിച്ചുനിർത്തുവാൻ സാധിച്ചു എന്നു വരില്ല. ഈ സാഹചര്യത്തിൽ വിശേഷിച്ചെന്തു ചെയ്താലാണ് ഉപഭോക്തൃസഹകരണത്തെ ഉജ്ജീവിപ്പിക്കാൻ കഴിയുക? സഹകരണത്തിന്റെ നേതൃത്വം വഹിക്കുന്ന കേന്ദ്രഗവൺമെണ്ടിലെ മേലേക്കിടഉദ്യോഗസ്ഥന്മാർതന്നെയും ഈ ചോദ്യത്തിന്നുത്തരം കണ്ടുപിടിക്കാൻ വിഷമിക്കുന്നുണ്ട്. യുദ്ധകാലത്തെപ്പോലെ ചിലചില നിത്യോപയോഗസാധനങ്ങളുടെ വിതരണം സംഘങ്ങൾക്കു കുത്തകയായി വിട്ടുകൊടുക്കുക — അതാണേററവും കാര്യക്ഷമമായ ഒരു നടപടിയായി അവർനിർദ്ദേശിക്കുന്നത്. ഈയിടെ ഇരിമ്പ്, സിമൻററ് തൊട്ടുള്ള ചില ഇനങ്ങൾ വിതരണം ചെയ്യാനുള്ള ലൈസൻസ് ഉപഭോക്തൃസംഘങ്ങൾക്കു നൽകാമെന്നു പറയുകയുണ്ടായി. ഇതൊരു പ്രായോഗികമായ ആനുകൂല്യമാകുമെന്നു കരുതിക്കൂട. എന്തുകൊണ്ടെന്നാൽ ഇരിമ്പും സിമൻറും മററും തൊഴിലാളികൾക്കോ അവരുടെ നിലവാരത്തിലുള്ള സാധാരണക്കാർക്കോ വേണ്ടിവരുന്നവയല്ല. ഇടത്തരക്കാരും മററുമാണ് അവയുടെ ആവശ്യക്കാർ. ലൈസൻസിൻപടി

കുറിപ്പുകൾ

(ടി. കെ.)

സഹകരണവിദ്യാഭ്യാസവും പാഠപദ്ധതിയും

പാഠ്യപുസ്തകങ്ങളിൽ സഹകരണവിഷയകമായ പാഠങ്ങൾ കൂടുതൽ കൂടുതൽ ഉൾക്കൊള്ളിക്കുകയും, സഹകരണത്തെക്കുറിച്ചുപ്രതിപാദിക്കുന്ന പുസ്തകങ്ങൾ പാഠ്യപുസ്തകങ്ങളാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ടു കഴിഞ്ഞ ലക്കം കേരള കോ-ഓപ്പറേറ്റീവ് ജേർണൽ ഒരു മുഖപ്രസംഗമെഴുതിയിരിക്കുന്നു. സഹകരണത്തിന്റെ പ്രാധാന്യം കൂടുതൽ കൂടുതൽ അംഗീകരിക്കപ്പെട്ടുവരികയാണിന്ന്. സോഷ്യലിസ്റ്റുന്മുഖമായി പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നൊരു രാജ്യത്തു സാമ്പത്തികപ്രവർത്തനങ്ങളിൽ സഹകരണത്തിനു നിഷേധിക്കാനാവാത്ത സ്ഥാനമുണ്ട്. ആ നിലയ്ക്കു വളരുന്ന തലമുറയെ സഹകരണബോധവാന്മാരാക്കുക രാജ്യത്തിന്റെ കടമയാണല്ലോ. അതിനു മതിയാവേടത്തോളം സഹകരണപാഠങ്ങൾ ഇന്നു പാഠ്യപുസ്തകങ്ങൾ ഉൾക്കൊള്ളുന്നില്ല. സഹകരണത്തെക്കുറിച്ചു സാമാന്യവിജ്ഞാനമെങ്കിലും നൽകുവാൻ വേണ്ടുവോളം സാങ്കേതികഗ്രന്ഥങ്ങൾ ഭാഷയിൽ പ്രസിദ്ധീകൃതമായിട്ടുമില്ല. ഈ കുറവുകൾ നികത്തണമെന്ന കേരള ജേർണലിന്റെ അഭിപ്രായത്തോടു ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. അതോടൊപ്പം ആ കുറവു പരിഹരിക്കാൻ പുറപ്പെടുമ്പോൾ ഓർത്തിരിക്കേണ്ട മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കുവാനാണ് ഈ കുറിപ്പെഴുതുന്നത്.

സാമൂഹ്യസാമ്പത്തികനീതിയെക്കുറിച്ചൊട്ടൊക്കെ ഉപപാദിക്കുന്നുവെങ്കിലും യാതൊരു

കിട്ടുന്ന ഇരിമ്പും സിമൻറും മരവും മൊത്തമായ തോതിൽ സ്റ്റോക്കുചെയ്തു ഡിമാൻറ് അനുസരിച്ചു വിററഴിക്കാൻ വേണ്ടത്ര സാമ്പത്തികശേഷി സാധാരണ വിതരണസംഘങ്ങൾക്കുണ്ടാകുമോ? തീർച്ചയായും ഉണ്ടാവില്ല. ആ സ്ഥിതിക്ക് ഈ ആനുകൂല്യം പ്രയോജനപ്പെടുത്താൻ മുന്നോട്ടു വരുന്ന സംഘങ്ങൾ വളരെക്കുറയും. യഥാർത്ഥത്തിൽ പ്രോത്സാഹിപ്പിക്കാൻ കരുതിക്കൂട്ടി പുറപ്പെടുന്നുണ്ടെങ്കിൽ ചെയ്യേണ്ടതു പഞ്ചസാര, വിറകു തൊട്ടുള്ള നിത്യോപയോഗസാധനങ്ങളുടെ വിതരണകുത്തക ഉപഭോക്തൃസംഘങ്ങൾക്കു വിട്ടുകൊടുക്കുകയാണ്. അതുപോലെത്തന്നെ അമ്മാതിരി ഇനങ്ങൾ, സർക്കാർസ്ഥാപനങ്ങളിലേയ്ക്കു സപ്ലൈചെയ്യാനുള്ള കുത്തകാവകാശവും.

ബ്രിട്ടനിൽ തൊഴിലാളികേന്ദ്രങ്ങളിൽ ഉപഭോക്തൃസംഘങ്ങൾ ഏറെക്കുറെ വിജയിച്ചുപോന്നതു് ആ വിഭാഗത്തിന്റെ ട്രെയ്ഡ് യൂണിയനുകൾ സംഘങ്ങളിലൂടെ മാത്രമേ നിത്യോപയോഗസാധനങ്ങൾ വാങ്ങാവൂ എന്നു നിർബ്ബന്ധിച്ചിട്ടാണ്. ഏതാണ്ടതുപോലുള്ള ഒരു ട്രെയ്ഡ്യൂണിയൻസഹകരണം നമ്മുടെ രാജ്യത്തും പടർത്തേണ്ടിയിരിക്കുന്നു. തൊഴിലാളികേന്ദ്രങ്ങളിലും ഉദ്യോഗസ്ഥകേന്ദ്രങ്ങളിലും നിരന്തരമായി പ്രവർത്തിക്കുന്ന യൂനിയനുകൾ ഉണ്ടാകുമല്ലോ. ആ കേന്ദ്രങ്ങളിൽ പ്രവർത്തനമാരംഭിക്കുന്ന സംഘങ്ങളും അവിടങ്ങളിലെ യൂനിയനുകളും തമ്മിൽ ഒരു ധാരണ ഉണ്ടാക്കിവെക്കുകരുതോ?

വെറുതെ സംഘങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചാൽമാത്രം നമ്മുടെ പരിപാടി വിജയിക്കുകയില്ല എന്നു മനസ്സിലാക്കിക്കൊണ്ടാണ് ഈ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതു്. മൂന്നാംപഞ്ചവത്സരപദ്ധതിയിലെ ടാർജററ് അനുസരിച്ച് ഉപഭോക്തൃസംഘങ്ങൾ ഏർപ്പെടുത്താൻ മുൻകയ്യെടുക്കുന്ന ഡിപ്പാർട്ടുമെൻറ് അധികൃതന്മാർ ഈ നിർദ്ദേശങ്ങൾ യഥായോഗ്യം പരിഗണിച്ചാൽ കൊള്ളാം.

പ്രത്യയശാസ്ത്രത്തെയുമാധാരമാക്കി നിൽക്കുന്നില്ല സഹകരണം. മുതലാളിത്തവ്യവസ്ഥിതിയിലും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലും അതു പ്രവർത്തിക്കുകയും വളരുകയും ചെയ്യുന്നുണ്ട്. മുതലാളിത്തവ്യവസ്ഥിതിയിൽ മുതലാളിത്തതാല്പര്യത്തെ താങ്ങിനിർത്താനും, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ജനങ്ങളെ സോഷ്യലിസത്തിലേയ്ക്ക് അടുപ്പിക്കുവാനും എന്ന വ്യത്യാസമേ ഉള്ളു. സഹകരണപ്രബോധനത്തിന്നൊരുങ്ങുന്നവർ ഈ വസ്തുത മറന്നുകളയരുത്. സോഷ്യലിസം ലക്ഷ്യമായംഗീകരിച്ചിട്ടുള്ള നാം അതു നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരാണ്. ദീർഘകാലംകൊണ്ടെങ്കിലും അതു സാധിക്കണമെങ്കിൽ, സഹകരണപ്രസ്ഥാനത്തെ അതിനൊത്തു സംഘടിപ്പിക്കാതൊക്കുകയില്ല. സഹകരണത്തിന്നു പാഠ്യപുസ്തകങ്ങളെഴുതുകയും, പാഠ്യപുസ്തകങ്ങളിൽ ചേർക്കാൻ സഹകരണപാഠങ്ങളെഴുതുകയും ചെയ്യുന്നവരും അതു ചെയ്യിക്കുന്നവരും ഈ വസ്തുത ഓർത്തിരിക്കണം. സോഷ്യലിസം ലക്ഷ്യംവെച്ചു നീങ്ങുന്ന ഒരു രാജ്യത്തെ കുട്ടികൾ ആദ്യം പഠിക്കേണ്ടതു സോഷ്യലിസമാണ്. സഹകരണം പിന്നാലെയേ വേണ്ടു. രാജ്യത്തെ സോഷ്യലിസത്തിലേയ്ക്കു നയിക്കുവാനുള്ളൊരുപകരണംമാത്രമാണല്ലൊ സഹകരണം. സഹകരണപ്രവർത്തനങ്ങൾക്കു പ്ലാൻ ചെയ്യുന്നതു്, സോഷ്യലിസലക്ഷ്യം കണ്ടുകൊണ്ടു വേണമെന്നു കേട്ടാൽ പ്രസ്ഥാനത്തിന്റെ താക്കോൽക്കാർക്കിടയിൽപോലും നെററി ചുളിയുന്നവരെ കാണാം. അതോർത്തു ഞങ്ങളിത്രയും പറഞ്ഞുപോയതാണ്.

സാമ്പത്തികവികസനം

ഏഷ്യൻരാജ്യങ്ങളിൽ കഴിഞ്ഞ പത്തു കൊല്ലത്തിനിടയ്ക്കു സാമ്പത്തികപുരോഗതി പ്രതീക്ഷയ്ക്കൊത്തുണ്ടായിട്ടില്ലെന്നും, സാമ്പത്തികവികസനപ്രശ്നങ്ങളെ നേരിടുന്നതിൽ ആ രാജ്യങ്ങൾ പരാജയപ്പെട്ടിരിക്കുകയാണെന്നും, ഏഷ്യയിലും ദൂരപൂർവ്വദേശങ്ങളിലും 1961ൽ ഉണ്ടായിട്ടുള്ള സാമ്പത്തികപുരോഗതി പരിശോധിച്ച ഒരു യു. എൻ. സർവ്വെ കമ്മററി വെളിപ്പെടുത്തിയിരിക്കുന്നു. യുണൈറ്റഡ് നാഷൻസിന്റെ ഭാഗമായ എക്കാഫെ (Economic Commission for Asia and the Far East.)യിൽ സമർപ്പിക്കാൻ സർവ്വെ കമ്മിററി തയ്യാറാക്കിയ റിപ്പോർട്ടിലാണിതു വെളിപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയെസംബന്ധിച്ചേടത്തോളം കഴിഞ്ഞ ദശവത്സരം നമ്മുടെ ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളുടെ കാലമായിരുന്നു. സാമ്പത്തികവികസനത്തിന്നു പരിപാടിയിട്ടു പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു നാം എന്നർത്ഥം. ഇന്ത്യയിൽ ദേശസാൽക്കരണത്തിന്റെ ഗതിവേഗം കുറഞ്ഞുപോയിരിക്കുന്നതായി മുൻകേന്ദ്ര ധനകാര്യമന്ത്രി ശ്രീ. ടി. ടി. കൃഷ്ണമാചാരിയും പ്രസ്താവിച്ചുകണ്ടു. ആസൂത്രിത സമ്പദ്‌വികസനപരിപാടിയിൽ നാം പരാജയപ്പെട്ടിരിക്കുകയാണെന്നാണ് ശ്രീ. ആചാരിയുടെയും അഭിപ്രായം.

ഇന്ത്യയിൽ സാമ്പത്തികവികസനപരിപാടികൾ വിജയിക്കാതിരിക്കാൻ എക്കാഫെയുടെ സാമ്പത്തികസർവ്വെകമ്മിററി കാരണമാരായുന്നുണ്ട്. പൊതുമേഖലയെ അപേക്ഷിച്ചു കൂടുതൽ ഉദ്ദീപ്തിയും ഗതിവേഗവും സ്വകാര്യമേഖലയ്ക്കായിപ്പോയി എന്നു കണ്ടിരിക്കുന്നു കമ്മിററി. ഈ പോക്ക് അപകടംനിറഞ്ഞതാണെന്നു ശ്രീ കൃഷ്ണമാചാരി അഭിപ്രായപ്പെടുന്നു. പൊതു ഉടമസ്ഥതയും, പൊതു നിയന്ത്രണവും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥിതിയുടെ അതിപ്രധാനങ്ങളായ രണ്ടു ഘടകങ്ങളാണെന്നും സ്വകാര്യസംരംഭങ്ങളുടെ ആധിക്യം ജനാധിപത്യത്തെ തകിടം മറിക്കുമെന്നും ചൂണ്ടിക്കാണിക്കുകയാണ് അദ്ദേഹം. വൻകുത്തകക്കാരുടെ നടുവിൽ ജനാധിപത്യത്തിന്നു രക്ഷയില്ല. ആസൂത്രണത്തിന്റെ അടിസ്ഥാനതത്വം സാമൂഹ്യനീതിയായിരിക്കണം. അന്തസ്സായി ജീവിക്കുവാനാവശ്യമായതൊക്കെ എല്ലാ വ്യക്തികൾക്കും കിട്ടുമാറാകുകയും ആസൂത്രണത്തിന്റെ ലക്ഷ്യമാകുന്നു. ഈ ലക്ഷ്യങ്ങൾ നാം കൈവിട്ടുകള

(ശേഷം 13-ാംപേജിൽ)

Land Utilisation, and Agricultural Pattern in Kerala

V. K. ACHUTHA MENON
Retd. Director of
Industries and Commerce

Kerala is the smallest of the States that constitute the Indian Union. The total area of the State is 9,594,624 acres (14,991 sq. miles). Forests occupy 2,458,000 acres, a little over 26 per cent of the total area. The net area sown amounts to 4,525,000 acres a little less than half of the total area of the State Agriculture gives occupational accommodation to the largest number in Kerala as in the other States of India. But, while in the whole of India 70 per cent of the working population follows agriculture in Kerala the percentage is only 51 (1951 census). Land available for agricultural purposes, because of the topographical features of the State, is limited. At the same time Kerala is a very high density region and the per capita cropped area amounts to only 40 cents, about half that of the Indian Union. This relates to 1959; to-day, because of the increase in human population, the per capita area must be still less. A census of holdings was conducted in Travancore-Cochin in 1955. According to this census 67 per cent of the cultivators' holdings was found to be below one acre. A third of the number of holdings exceeded one acre, but only five percent was over five acres. Conditions in Malabar are not far distant. Kerala is a land of tiny agricultural holdings.

The scope for extending the area under cultivation is limited in Kerala. Land reclamation from the backwaters is elaborate work. But this has been going on for over half-a-century and more and the places which have been brought under cultivation by this process are some of the high yielding areas which have added substantially to the food supply of the State. The Kuttanad region of Central Travancore and the Kole lands of the Trichur District are such reclamations. Further improvements are being attended to in Kuttanad so as to regulate the ingress of salt water by the spillway which has already been constructed at Thottappally and the salt water barrier that is being put up at Thanneermukkom. The Kattampally project in the Cannanore district has also the same object of adding to the land under cultivation. The pressure of population on land has been responsible for the unauthorised occupation and clearing of forests to carry on agricultural operations. It is reported that at the end of the period 1960–1961 an area of over 13,000 acres has been brought under cultivation by clearing reserved forests. This process of clearing forests has to be done with care in as much as India, as a whole, cannot afford to reduce the area under forests which is even now below the minimum forest area requirements of a country. There were no major irrigation schemes in Kerala till the recent multipurpose projects have been taken up under the Five Year Plans. But irrigation cannot add much to the land under cultivation as cultivable waste and fallow land occupy only a little over eight per cent of the total area of the state. What irrigation can do is to stabilise cultivation and convert single crop lands into double crop ones by which processes the total production can be increased. The total area benefitted by the major schemes at the end of the Second Plan is 187,000 acres and by the end of the Third this will be increased to 295,000 acres. At the same time irrigation dams may

submerge areas and thus reduce the land under cultivation.

In the context of 'small holdings' the question of co-operative farming has been raised as a method to introduce modern and improved practices in farming. It is not my purpose at present to enter into the details of co-operative farming. In Kerala as reported by the Travancore-Cochin Banking Committee, "In spite of the large and growing population of this State it has been possible for the people to maintain themselves without serious distress by specialising in the cultivation of commercial crops and by adopting an intensive tillage of a type suited to the soil and resources of this area. This was the effort not so much of large landed proprietors, as chiefly of a vigorous peasantry eager to improve its lot." The type of agricultural organisation has been such that the small holders have been following a system of inter-planting on garden land which has brought about more or less a well balanced system of land utilisation.

Food scarcity in the region began during the closing decade or the last century which was the incentive for carrying on intensive cultivation and adopting variegated crop pattern. It was then that the costly reclamations referred to were taken in hand. It was then also that tapioca cultivation was introduced which has now developed into an important food product as also a raw material for industries. Food scarcity has continued ever since which assumed acute proportions during the period of the Second World War and vigorous attempts are being made to increase food production in the State. As a result total production has increased though there has not been any proportionate increase in the area under food crops. This goes to show that intensive methods of cultivation are being followed so as to increase the yield per acre. The staple food of the people is rice. The total production of rice amounts to about ten lakh tons at present while the total requirements at an average consumption of 16 ounces per individual a day is about 24 lakh tons. Whether Kerala could be made self-sufficient in her rice requirements in the face of the increasing population is a moot question. But it must be possible to increase total production.

A feature of the agricultural economy of Kerala has been the expanding cultivation of money crops like pepper, coconut, ginger, arecanut, lemon grass, coffee, rubber, tea and cardamom. These account for nearly 45 per cent of the cultivated area of the State. Some of them have been important from time immemorial as for example, pepper, ginger, cinnamon and other spices. It was the existence of these products that led to the early trade relations between India and the Western countries. This trade was lucrative and it was the lucrative nature of the trade that attracted the merchant adventurers of the West to India. In the first instance these commodities were growing wild. But as their increasing demand could not be met by wild collection their cultivation assumed importance in Kerala. With the introduction of plantation crops like coffee, tea and rubber by British companies the agricultural economy of Kerala entered a new phase. One-tenth of the Indian production (now estimated at 60,000 tons) of coffee, and 98 per cent of rubber (estimated at a little over 26,000 tons) and 56 per cent of the South India production of tea (now estimated about 160 million pounds) are produced in Kerala. Latterly some new crops like lemon grass and cashew-nut have been added on to the list of money crops. Lemon grass is a virtual monopoly of Kerala while 80 per cent of Indian production of cashew is from Kerala. Some of these crops are important foreign exchange earners the average annual value of exports being over Rs. 50 crores.

The crop pattern of kerala has thus a variety which has been responsible for keeping the agricultural economy of Kerala more or less stable without being subject to the "seasonal ebb and flow of business activity" generally regarded as a feature of that economy.

റോച്ച്ഡെയിൽ പയണിയർമാർ

(ടി. കെ. കുഞ്ഞയ്യപ്പൻ)

സംഘത്തിന്റെ ഉത്ഭവം

ഇന്നു നാമറിയുന്ന സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രമാരംഭിക്കുന്നതു 1844-ൽ ഇരുപത്തെട്ടു പേർ ചേർന്നു സ്ഥാപിച്ച റോച്ച്ഡെയിൽ സംഘത്തോടുകൂടിയാണ്. റോച്ച്ഡെയിൽ എക്വിറ്റബിൾ കൊ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നാണ് ആ സംഘം അറിയപ്പെടുന്നതു്. അതിന്റെ സ്ഥാപകന്മാർ റോച്ച്ഡെയിൽ പയണിയേഴ്സ് (പയണിയർ= മുന്നോടി) എന്നും.

ലങ്കാഷയറിലെ കുന്നിൻപുറത്തു സ്ഥിതിചെയ്യുന്ന റോച്ച്ഡെയിൽ പട്ടണം ഒരു നെയ്ത്തുവ്യവസായകേന്ദ്രമായിരുന്നു. ഇന്നും അതങ്ങനെയാകുന്നു. പരുത്തിയും രോമവും അവിടെ നെയ്യുന്നുണ്ടു്. വ്യവസായവിപ്ലവംവരെ നെയ്ത്തുകാർ അവരുടെ തറിയും തൊഴിലുമായി സംതൃപ്തിയിലും സമാധാനത്തിലും കഴിഞ്ഞുകൂടി. യന്ത്രങ്ങളുപയോഗിച്ചുള്ള ഫാക്ടറികളായപ്പോൾ കൈത്തറിവ്യവസായം തകർച്ചയിലാണ്ടു. തൊഴിൽക്കാരിൽ പലർക്കും തൊഴിൽ നഷ്ടപ്പെട്ടു. തൊഴിലുള്ളവർതന്നെ താഴ്ന്ന കൂലിക്കു കൂടുതൽ മണിക്കൂറുകൾ ജോലി ചെയ്യേണ്ടി വന്നു. ഫാക്ടറികളുടെ വികസനത്തോടൊപ്പം പട്ടണത്തിൽ ജനസംഖ്യയും വർദ്ധിച്ചു. പാർപ്പിടസൗകര്യം വലിയൊരു പ്രശ്നമായി പരിണമിച്ചു. ഇരുളടഞ്ഞ കൂരകൾ; അഴുക്കുനിറഞ്ഞ പരിസരം; ദുർവ്വഹമായ വാടകയും. എല്ലാം സഹിക്കാമെന്നുവെച്ചാലും പാർപ്പിടം ലഭിക്കാൻ ഞെരുക്കം. കൂലിയോ കുറവ്; ഉള്ളതു പണമായി കൈയിൽ കിട്ടുകയും ചെയ്യാഞ്ഞാലോ! ഫാക്ടറിയുടമകൾ പലചരക്കുകടകളും നടത്തിയിരുന്നു. അവയിൽനിന്നു സാമാനങ്ങളായാണ് കൂലി നൽകിയിരുന്നതു്. ഇതിനെതിരായി നിയമമുണ്ടാക്കിയപ്പോൾ കടകൾ മറ്റുപേരിലാക്കി അവിടേക്കു ചിറ്റുകൾ നൽകി ഫാക്ടറിയുടമകൾ നിയമത്തെ തോല്പിച്ചു. പലചരക്കുകടകളിൽ നല്ല സാമാനങ്ങൾ ലഭിച്ചിരുന്നില്ല. പൊട്ടു സാമാനങ്ങൾക്കു് ഒശത്തി സാമാനങ്ങളുടെ വില ഈടാക്കുകയും ചെയ്തിരുന്നു. എന്നാലും ശരിയായ അളവിലും തൂക്കത്തിലും ലഭിക്കുമായിരുന്നില്ല. ഫാക്ടറിയുടമയുടേതല്ലാത്ത കടകളിലായാലും ഇതുതന്നെ ആയിരുന്നു അനുഭവം. കൂലിയും വേലയും സംബന്ധിച്ചുള്ള അവശതകൾക്കു ട്രെയിഡ്യൂണിയൻവഴി പരിഹാരം കാണുവാൻ തൊഴിലാളികൾ ശ്രമിച്ചുനോക്കി. അവർ പ്രക്ഷോഭണങ്ങളും സമരപരിപാടികളും സംഘടിപ്പിച്ചു. ആ ശ്രമം പണിമുടക്കിലോളം ചെന്നെത്തി. എല്ലാം പരാജയപ്പെട്ടു. തുടർന്നു സഹകരണപരമായുണ്ടായ പുതിയ പരീക്ഷണമാണ് റോച്ച്ഡെയിൽ പയണിയർമാരുടെ സംഘം.

പല നാളത്തെ കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷമാണവർ സംഘം സംഘടിപ്പിച്ചതു്. ഓരോരുത്തരും ഒരു പവൻവീതമെടുത്തു 28 പവൻ അവർ മൂലധനം സംഭരിച്ചു. ഈ 28 പവൻതന്നെ പിരിച്ചുണ്ടാക്കുവാൻ ആഴ്ചകൾ പിടിച്ചു. ആഴ്ചതോറും രണ്ടോ മൂന്നോ പെനിവീതമെടുത്താണ് അവരീ തുക പിരിച്ചുണ്ടാക്കിയതു്. 28 പവൻ തികഞ്ഞതും അവർ പ്രവർത്തനമാരംഭിച്ചു. പട്ടണത്തിന്റെ തിരക്കൊഴിഞ്ഞ ഒരു മൂലയിൽ ടോഡ്ലെയിൻ ഭാഗത്തു് അവർ ഒരു പലചരക്കുകട തുറന്നു. കച്ചവടമാരംഭിച്ചതു് വെണ്ണ, പഞ്ചസാര, അമേരിക്കാമാവു തുടങ്ങിയ നാലഞ്ചു കൂട്ടങ്ങൾകൊണ്ടാണ്. വ്യവസായവാണിജ്യങ്ങൾ

നിറഞ്ഞ ഒരു പട്ടണത്തിൽ 28 പവൻ മുടക്കി നാലഞ്ചു സാധനങ്ങൾകൊണ്ടൊരു കച്ചവടം തുടങ്ങുക! തികഞ്ഞ ആത്മവിശ്വാസവും വലിയ തൊലിക്കട്ടിയുമുള്ളവർക്കേ അതു സാധിക്കുകയുള്ളൂ. റോച്ച്ഡെയിലിലെ പയണിയർമാർക്കതു സാധിച്ചു. അവർ അവരുടെ സംരംഭത്തിൽ വിജയിക്കുകയും ചെയ്തു. ചാറൽസ് ഹോവാത്ത് (Charles Howarth) ആയിരുന്നു പ്രധാനനായകൻ. കൂട്ടത്തിൽ ഒരു പെൺപിറന്നവരുമുണ്ടായിരുന്നു.

പയണിയർമാർ

പയണിയർമാർ ഇരുപത്തെട്ടുപേരും ഫ്ളാനൽനെയ്ത്തുകാരായിരുന്നു എന്നാണ് പൊതുവായ ധാരണ. ആ ധാരണ വെറുതെ ഉളവായതല്ല. സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രമെഴുതിയവർ അങ്ങനെ പറഞ്ഞുവെച്ചിട്ടുണ്ട്. എസ്. എസ്. താൽമാക്കി (Talmaki) Co-operation in India and Abroad എന്ന ഗ്രന്ഥത്തിൽ റോച്ച് ഡെയിലിലെ 28 നെയ്ത്തുകാരായിരുന്നു പയണിയർമാർ എന്നു പറഞ്ഞിരിക്കുന്നു. ഇംഗ്ലണ്ടിലെ ഉപഭോക്തൃസഹകരണപ്രസ്ഥാനത്തിന്റെ (Consumers Co-operation in England) ചരിത്രമെഴുതിയ വെബ്ദമ്പതിമാർ (Sidney and Beatries Webb) 1844ൽ ചില്ലിക്കാശുകൾ സ്വരൂപിച്ചു വ്യാപാരത്തിനു പണമുണ്ടാക്കിയ റോച്ച് ഡെയിലിലെ 28 ഫ്ളാനൽനെയ്ത്തുകാരുടെ കഥ പറയുന്നു. ആധുനികന്മാരായ പല ചരിത്രകാരന്മാരും, പയണിയർമാരെല്ലാം ഫ്ളാനൽനെയ്ത്തുകാരായിരുന്നുവെന്ന അഭിപ്രായത്തോടു യോജിക്കുന്നില്ല. റോച്ച് ഡെയിൽ സഹകരണസംഘമുണ്ടാക്കിയ ഇരുപത്തെട്ടു പയണിയർമാരിലധികവും ഫ്ളാനൽനെയ്ത്തുകാരായിരുന്നു എന്നേ മാർഗരററ് ഡിഗ്ബി (Margaret Digby) പറയുന്നുള്ളൂ. * പയണിയർമാരെല്ലാം നെയ്ത്തുകാരായിരുന്നു എന്ന ധാരണ ശരിയല്ലെന്നും, അവരിൽ പലരും മററു തൊഴിൽക്കാരായിരുന്നുവെന്നും, കൂട്ടത്തിൽ തയ്യൽക്കാരനും, ചെരിപ്പുകുത്തിയും, അച്ചുകൂടപ്പണിക്കാരനും മററുമുൾപ്പെട്ടിരുന്നു എന്നും അവരുടെ പേരും തൊഴിലും എടുത്തുപറഞ്ഞു സ്ഥാപിക്കുകയാണ് ജി. ഡി. എച്ച്. കോൾ (G. D. H. Cole) [1] സംഘാടകരിൽ ഒരു നല്ല ഭാഗം നെയ്ത്തുകാരായിരുന്നു എന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. എന്നാൽ നേതൃത്വത്തിലിരുന്നവർ നെയ്ത്തുകാരായിരുന്നില്ല എന്നു അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. നെയ്ത്തുതൊഴിലാളികളെ ഉദ്ദേശിച്ചുണ്ടാക്കിയതാണ് സംഘമെന്ന ധാരണയേയും അദ്ദേഹം എതിർക്കുന്നു. നെയ്ത്തുതൊഴിലാളികളുടെ പണിമുടക്കുസമരത്തേയും പരാജയത്തേയും സംഘത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെടുത്തിക്കൂടെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. നെയ്ത്തുകാരുടെ അടിയന്തിരപ്രശ്നങ്ങൾ സംഘരൂപീകരണത്തെ ത്വരിതപ്പെടുത്തിയിരിക്കാം എന്നു സമ്മതിക്കുവാനേ അദ്ദേഹമൊരുക്കമുള്ളൂ. അതൊക്കെ എങ്ങനെയുമിരിക്കട്ടെ. ഇരുപത്തെട്ടുപേർ ചേർന്നാണ് റോച്ച് ഡെയിൽസംഘം ഉണ്ടാക്കിയതെന്നും, അവരാണ് റോച്ച് ഡെയിൽപയണിയർമാരായറിയപ്പെടുന്നതെന്നും ഉള്ളതിൽ തർക്കമില്ല.

വിജയ കാരണങ്ങൾ

റോച്ച് ഡെയിൽ സംഘത്തിനുമുമ്പും ഇംഗ്ലണ്ടിൽ സഹകരണപ്രവർത്തനത്തിന്റെ അലയടികൾ ഉണ്ടായിട്ടുണ്ട്. എല്ലാം പരാജയമടഞ്ഞു. റോബർട്ട് ഓവന്റെയും കൂട്ടുകാരുടെയും ശ്രമങ്ങളുടെ പരിണാമം നാം കണ്ടു കഴിഞ്ഞതാണ്. റോച്ച്ഡെയിൽ പയണിയർമാരുടെ ശ്രമം അങ്ങനെയായില്ല. അവരുടെ സംഘം നിലനിന്നു പ്രവർത്തിക്കുകയും, വളർന്നു വികസിച്ചു ഒരു അന്തർദ്ദേശീയപ്രസ്ഥാനത്തിനുറവിടമായി തീരുകയും ചെയ്തു. പൂർവ്വഗാമികൾ പരാജയപ്പെട്ടിടത്തു പയണിയർമാർ വിജയിച്ചു. എന്തുകൊണ്ട്? ആശയഗതിയിലും ഉദ്ദേശലക്ഷ്യങ്ങളിലും മാററമുള്ളതുകൊണ്ടാണോ? അല്ലെന്നു

* The World Coop. Movement pp 21.

1 A Century of Co-opration pp. 62-63.

റോച്ച് ഡെയിൽ സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾവെച്ചു പരിശോധിച്ചാൽ മനസ്സിലാകും.

പയണിയർമാരിൽ പലരും ഓവന്റെ കൂട്ടുകാരും, ട്രെയിഡ് യൂണിയൻരംഗത്തും, സഹകരണരംഗത്തും സജീവമായി പ്രവർത്തിച്ചിരുന്നവരുമാണ്. സാമ്പത്തികരാഷ്ട്രീയകാര്യങ്ങളിൽ വിജ്ഞരും ആയിരുന്നു. സഹകരണത്തിന്റെ സിദ്ധാന്തങ്ങൾ അവർ അസ്സലായി അറിഞ്ഞിരുന്നു. പൂർവ്വഗാമികളേർപ്പെടുത്തിയ സംഘങ്ങളുടെ പരാജയം, ട്രെയിഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ തകർച്ച, ചാർട്ടിസത്തിന്റെ പതനം തുടങ്ങിയവ അവരെ അനുഭവസമ്പന്നരാക്കിയിരുന്നു. മനുഷ്യന്റെ ദൗർബ്ബല്യങ്ങളും, നിക്ഷിപ്ത താൽപര്യക്കാരിൽനിന്നു നേരിടാവുന്ന ശക്തമായ എതിർപ്പിന്റെ സ്വഭാവവും ഗ്രഹിച്ചിരുന്ന അവർ തത്വസംഹിതയിൽ കടിച്ചുതൂങ്ങാതെ ഒരു പ്രായോഗിക പരിപാടിവെച്ചാണ് മുന്നോട്ടു നീങ്ങിയത്. കാലവും അവർക്കനുകൂലമായിരുന്നു. സാമ്പത്തികവ്യവസ്ഥിതിക്കാണിക്കല്ലായി നിന്നിരുന്ന കൃഷിയുടെ മണ്ഡലം തകരുകയും അതിന്റെ സ്ഥാനം വ്യവസായമണ്ഡലം കൈക്കലാക്കുകയും ചെയ്തിരുന്ന ദശാസന്ധിയായിരുന്നു അത്. വ്യവസായത്തിന്റെ അഭിവൃദ്ധിയാൽ നാട്ടിൽ സമ്പത്തു വർദ്ധിച്ചു. ഒരു വിലയിടിവിന്റെ കെടുതിയിൽനിന്നു വ്യവസായം വിമോചിതമായ കാലം. അൽപസ്വൽപം മുതൽ മുടക്കാനും വാങ്ങുന്നതിനു റൊക്കംവില കൊടുക്കാനും തൊഴിൽക്കാർക്ക് വേണമെന്നുവെച്ചാൽ കഴിയുമായിരുന്നു. ഇവയൊക്കെച്ചേർന്നാണ് റോച്ച് ഡെയിൽ സംഘത്തിന്റെ വിജയത്തിനു കാരണമായി നിൽക്കുന്നത്.

ഉദ്ദേശലക്ഷ്യങ്ങൾ

പയണിയർമാർ സംഘപ്രവർത്തനംകൊണ്ടു നേടാനുദ്ദേശിച്ച കാര്യങ്ങൾ പലതാണ്. അംഗങ്ങൾക്കിടയിൽ മിതമായ വിലയ്ക്കു നിത്യോപയോഗപദാർത്ഥങ്ങൾ വിക്രയം ചെയ്യാനുള്ള സ്റ്റോർ നടത്തുക തുടങ്ങി ഉൽപാദനവിതരണങ്ങളും, വിദ്യാഭ്യാസവും ഭരണവും നിയന്ത്രിക്കാൻ കഴിയുന്ന കോളനി സ്ഥാപിക്കുകവരെ പലതുമുൾപ്പെടുന്നുണ്ട് സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ. സംഘംകൊണ്ടു സാധിക്കാനുദ്ദേശിച്ചിരുന്ന കാര്യങ്ങളിവിടെ ചുരുക്കി പറയാം.

1. ചെറുമിച്ചങ്ങൾ സമാഹരിച്ചെടുത്തു പൊതുനിധിയാക്കുകയും അതിന്റെ വിനിയോഗംകൊണ്ടു സാമ്പത്തികോൽകർഷം കൈവരുത്തുകയും ചെയ്യുക.
2. ഉപഭോഗപദാർത്ഥങ്ങൾ സംഭരിച്ചു മിതമായ വിലവെച്ചു വിൽപന നടത്തുവാൻ സ്റ്റോറുകൾ ഏർപ്പെടുത്തുക.
3. അംഗങ്ങൾക്കായി പാർപ്പിടങ്ങൾ വാങ്ങിക്കുകയും, പണിയിക്കുകയും ചെയ്യുക.
4. അംഗങ്ങൾക്കിടയിൽ തൊഴിൽ നൽകാൻ വർക്ക്ഷോപ്പുകളും വ്യവസായസ്ഥാപനങ്ങളും ഏർപ്പെടുത്തുക.
5. എസ്റ്റേറ്റുകൾ വിലയ്ക്കു വാങ്ങിയോ പാട്ടത്തിനേറ്റോ അംഗങ്ങളിൽ തൊഴിലില്ലാത്തവരെ അധിവസിപ്പിക്കുക.
6. ഉൽപാദനവിതരണങ്ങളും, വിദ്യാഭ്യാസവും, ഭരണകാര്യങ്ങളും നിയന്ത്രിച്ചു നിർത്താൻ കെൽപുററ സ്വയംപൂർണ്ണ കുടുംബകോളനികൾ (Home Colony) സ്ഥാപിക്കുക.
7. സമൂഹത്തിന്റെ പൊതുനന്മ ലക്ഷ്യമാക്കി മദ്യം വിവർജ്ജിച്ചുകൊണ്ടുള്ള ഒരു ഹോട്ടൽ നടത്തുക.

ഓവന്റേതിൽനിന്നു വിഭിന്നമായിരുന്നില്ല പയണിയർമാരുടെ കാഴ്ചപ്പാടും സമീപനവുമെന്നു സംഘത്തിനുവേണ്ടി അവർ എഴുതിപ്പിടിച്ച ഉദ്ദേശങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ഉപഭോഗപദാർത്ഥങ്ങൾ വിക്രയം ചെയ്യുന്ന സ്റ്റോർ നടത്തുകയിൽകവിഞ്ഞുള്ളതൊന്നും പ്രയോഗക്ഷമമാക്കാൻ അവർക്കൊ പിൻമുറക്കാർക്കോ സാധിച്ചിട്ടില്ല. റോച്ച് ഡെയിൽ സംഘം പ്രവർത്തനമാരംഭിച്ചിട്ട് ഒരു നൂററിരുപതു

കൊല്ലത്തോളമായിരിക്കുന്നു. എഴുതിവെച്ച ഉദ്ദേശങ്ങളിൽ കനപ്പെട്ടതൊന്നും നടപ്പിലാക്കാൻ കഴിയാഞ്ഞതെന്തു്? അപ്രായോഗികങ്ങളായതുകൊണ്ടാണോ? പരിശോധിക്കപ്പെടേണ്ടുന്ന കാര്യമാണു്.

കരുതൽ നടപടികൾ

പൂർവ്വഗാമികളുടെ അനുഭവപാഠം മുന്നിൽ വെച്ചുകൊണ്ടാണു് പയണിയർമാർ റോച്ച്ഡെയിൽ സംഘം ഏർപ്പെടുത്തിയതെന്നു പറഞ്ഞുവല്ലോ. സഹകരണത്തിൻെറ തത്വസംഹിതയും ആദർശലക്ഷ്യങ്ങളും ഒന്നാകെ വാരിപ്പിടിക്കുവാൻ, അതുകൊണ്ടു്, അവർ മുതിന്നില്ല. തങ്ങൾക്കാവശ്യമായ ഉപഭോഗപദാർത്ഥങ്ങൾ കലർപ്പുകൂടാതെയും നല്ല സാധനങ്ങളായും മര്യാദവിലയ്ക്കു വാങ്ങി വിതരണം ചെയ്യുവാനെ അവർ ആദ്യമായി ശ്രമിച്ചുള്ളു. അതും എണ്ണത്തിൽ കൊക്കിലൊതുങ്ങുന്നിടത്തോളം മാത്രം. അക്കാര്യത്തിലും അപാകത വന്നുപോകാതിരിക്കാൻ രണ്ടു മൂന്നു കൂട്ടം അവർ നിഷ്കൃഷ്ടമായി പാലിച്ചുപോന്നു. ഒന്നു തങ്ങളുടെ ആവശ്യങ്ങൾ സംഘത്തെ അറിയിക്കുകയും അവ സംഘംവഴിയായിതന്നെ നേടുകയും ചെയ്യുക. രണ്ടു്, സംഘത്തിൻെറ നിയന്ത്രണത്തിൽ എല്ലാ അംഗങ്ങൾക്കും തുല്യപങ്കാളിത്തം അനുവദിക്കുകയും, അററാദായമുണ്ടായാൽ അതംഗങ്ങൾക്കിടയിൽമാത്രം വീതിക്കുകയും ചെയ്യുക; മൂന്നു്, ആവശ്യങ്ങൾ സംഘത്തെ മുൻകൂട്ടി അറിയിക്കുകയും, അതനുസരിച്ചു സംഭരിക്കുന്ന സാധനങ്ങൾ വിലയ്ക്കെടുക്കുകയും ചെയ്തു ചരക്കു കെട്ടിക്കിടക്കാനിടവരുത്താതിരിക്കുക; ഇവയായിരുന്നു ആ രണ്ടുമൂന്നു കൂട്ടങ്ങൾ. മുതൽ മുടക്കാൻ കഴിവുള്ള ധനാഢ്യരായ വ്യക്തികളെ കണ്ടുപിടിച്ചു് അവരെ മുൻനിർത്തിക്കൊണ്ടായിരുന്നു ഓവൻ തൻെറ പരീക്ഷണങ്ങൾക്കിറങ്ങിയതു്. അങ്ങനെ രക്ഷാധികർത്തൃത്വമേററ വ്യക്തികൾ അവരുടെ രക്ഷാധികർത്തൃത്വം പിൻവലിക്കുകയോ ചരമമടയുകയോ ചെയ്തയാൽ തൻെറ സംരംഭങ്ങൾ പൊളിഞ്ഞുപോയ അനുഭവങ്ങൾ ഓവന്നുണ്ടായിട്ടുണ്ടു്. അതുകൂടാതെ കഴിക്കുവാൻ പയണിയർമാർ കരുതലെടുത്തുവെന്നതും ഒരു പ്രത്യേകതയാണു്.

മുകളിൽ പറഞ്ഞ കാര്യങ്ങളുടെ സാദ്ധ്യതയ്ക്കായി പയണിയർമാർ അംഗീകരിച്ച ചില മാർഗ്ഗങ്ങളുണ്ടു്. ഏതു ഏഴയ്ക്കും സംഘത്തിലംഗമാകാനും സംഘപ്രവർത്തനംകൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ അനുഭവിക്കാനും സൗകര്യപ്പെടത്തക്കവണ്ണം ഓഹരിവില നാമമാത്രമായി ചുരുക്കി നിശ്ചയിച്ചു. എടുത്ത ഓഹരിയുടെ, ഒരുവൻ എത്ര ഓഹരി എടുത്താലും വോട്ടു് ഒന്നേ അനുവദിക്കാവൂ എന്നും എല്ലാ അംഗത്തിനും വോട്ടുണ്ടാകണമെന്നും അംഗമാകണമെങ്കിൽ ഒരു ഓഹരിയെങ്കിലും എടുത്തിരിക്കണമെന്നും തീർച്ചപ്പെടുത്തി. എടുക്കാവുന്ന ഓഹരിയുടെ എണ്ണം പരിമിതപ്പെടുത്തുകയും ചെയ്തു് അംഗത്വം യഥേഷ്ടം പിൻവലിക്കുവാൻ അവകാശം നൽകുന്ന വ്യവസ്ഥയാണു് മറെറാന്നു്. ഒന്നിലധികം ഓഹരിയെടുക്കുന്നവനു് ഒന്നു നിർത്തി, ആവശ്യമെങ്കിൽ ബാക്കി പിൻവലിക്കുവാനും സൗകര്യം നൽകി. വിൽപന റൊക്കമായിരിക്കുക, സാധനം നന്നായിരിക്കുക, അളവിലും തൂക്കത്തിലും കുറവു വരുത്താതിരിക്കുക ഇതൊക്കെ നിഷ്കൃഷ്ടമായി പാലിക്കപ്പെട്ടു. കൂടുതൽ പ്രവർത്തനധനം ആവശ്യമായാൽ കടം വാങ്ങുന്നതു് അംഗങ്ങളോടായിരിക്കണം എന്നും അതിനു നൽകാവുന്ന പലിശയുടെ തോതു് ഇന്നതാകണമെന്നും നിശ്ചയിച്ചു. അംഗങ്ങൾ മുമ്മൂന്നു മാസം കൂടുമ്പോൾ ഒരുമിച്ചുചേർന്നു് അതുവരെയുള്ള പ്രവർത്തനങ്ങളും സംഘത്തിൻെറ സാമ്പത്തികനിലയും പരിശോധിച്ചു വിലയിരുത്തണമെന്നതാണു് മറെറാരു് നിശ്ചയം. പ്രാരംഭത്തിൽ അംഗങ്ങൾ ഊഴമിട്ടോരോരുത്തരായിട്ടാണു് സംഘത്തിൻെറ പ്രവർത്തനങ്ങളെല്ലാം നടത്തിയിരുന്നതു്. അവർ ആ കാര്യം പ്രതിഫലം പററാതെ ചെയ്തുപോന്നു. കാലം കുറെ ചെന്ന ശേഷമാണു് ശമ്പളം നൽകി ഒരാളെ സ്റ്റോർ മാനേജരായി നിയമിച്ചതു്. വ്യാപാരലാഭം

ചെറുകിടവ്യവസായങ്ങളുടെ അടിസ്ഥാനം

(കെ. പി. ആർ. മേനോൻ)

"നമ്മുടെ സാമ്പത്തികഘടനയിലും ദേശീയാസൂത്രണപദ്ധതിയിലും അവിഭാജ്യമായി നില്ക്കുന്ന ഘടകങ്ങളാണ് ഗ്രാമവ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും. ഗ്രാമപ്രദേശങ്ങളിൽ ചെറുകിടവ്യവസായങ്ങൾ വികസിപ്പിക്കുന്നതിന്റെ പ്രാഥമികമായ ഉദ്ദേശം തൊഴിൽ സൌകര്യങ്ങൾ വർദ്ധിപ്പിക്കുക, വരുമാനവും ജീവിതനിലവാരവും ഉയർത്തുക കൂടുതൽ സംഘടിതവും സമീകൃതവുമായ ഒരു ഗ്രാമീണസമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുക എന്നിവയാണ്" (രണ്ടാം പദ്ധതി സംഗ്രഹം. പേജ് 150). പ്രത്യക്ഷ അടുത്തകാലത്തായി ചെറുകിടവ്യവസായങ്ങൾ കൊണ്ടു സാമ്പത്തികവ്യവസ്ഥയിൽ നേടിയെടുക്കമെന്നു ഉൽഘോഷിക്കപ്പെടുന്ന പല ലക്ഷ്യങ്ങളിലേക്കും വെളിച്ചംവീശത്തക്കവിധത്തിൽ ആധികാരമായ പല റിപ്പോർട്ടുകളും പുറത്തുവന്നിട്ടുണ്ട്. ഡൽഹി ഇക്കണോമിക് റിസർച്ച് ഇൻസ്റ്റിട്യൂട്ടിലെ രണ്ടു വ്യക്തികൾ ലൈഡൽ, ധാർ എന്നിവർ കൂട്ടായി നടത്തിയ അന്വേഷണങ്ങളുടെ ഫലങ്ങൾ ഇതിന്നുദാഹരണങ്ങളാണ്. (Monograph published by Asia Publishing House.)

വേണ്ട തരത്തിലുള്ള സ്ഥലസൌകര്യങ്ങൾ തുടങ്ങി അടിസ്ഥാനപരമായുള്ള മറ്റെല്ലാ സൌകര്യങ്ങളും ചെറുകിടവ്യവസായികൾക്കു നല്കുക എന്നതാണ് വ്യാവസായിക എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രധാനപ്പെട്ട ന്യായം. ഒരു നല്ല സ്ഥലം, വിദ്യുച്ഛക്തി, വെള്ളം, ഗ്യാസ്, റെയിൽവെസൌകര്യം, സൂക്ഷിപ്പുകാര്യങ്ങൾ തുടങ്ങിയ സൌകര്യങ്ങൾ എല്ലാവർക്കും ഒരുമിച്ചു പ്രയോജനപ്പെടുത്താവുന്നവിധം വേണ്ട സൌകര്യം ഉണ്ടാകും, പല ചെറുവ്യവസായഘ

മൂന്നായി വീതിച്ച് ഒരു വീതം കരുതൽധനമായി നീക്കിവെയ്ക്കയും, ഒരു ഭാഗം അംഗങ്ങൾക്കിടയിൽ അവർ സംഘവുമായി നടത്തിയ വ്യാപാരത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കയും, മൂന്നാമത്തെ ഭാഗം വിദ്യാഭ്യാസകാര്യങ്ങൾക്കായി വിനിയോഗിക്കയും ചെയ്യേണമെന്നാണ് വ്യവസ്ഥ. അംഗങ്ങൾക്കുള്ള ഡിവിഡണ്ട് വിഭജനം മുമ്മൂന്നുമാസം കൂടുമ്പോൾ നടത്തിവന്നിരുന്നു. വീതിച്ചുകിട്ടുന്ന ഡിവിഡണ്ട് അംഗങ്ങളാരും റൊക്കം വാങ്ങിക്കൊണ്ടുപോയിരുന്നില്ല. സംഘത്തിൽ ഓഹരിയായോ ഡെപ്പോസിററായോ നിക്ഷേപിക്കുകയായിരുന്നു പതിവ്. പ്രവർത്തധനം സംഭരിക്കുന്ന വിഷയത്തിൽ സംഘത്തിനു ഇതെത്ര വലിയ അനുഗ്രഹമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതാ ഞങ്ങളെ സംബന്ധിച്ചിടത്തോളം ചെറമിച്ചങ്ങൾ സമാഹരിച്ചെടുക്കാനും മിതവ്യയശീലം വളർത്തിയെടുക്കാനും അതു കാരണമായി നിൽക്കുകയും ചെയ്യുന്നു. സഹകരണപ്രവർത്തനങ്ങളിൽ സ്ത്രീജനങ്ങൾക്കു തുല്യപങ്കാളിത്തം അനുവദിച്ചിരുന്നു. കച്ചവടസംഘങ്ങളുടെ വളർച്ചയെ അതു കുറച്ചൊന്നുമല്ല സഹായിച്ചതു. സംഘങ്ങളോടു കൂറു പുലർത്തുന്നതിലും, സംഘങ്ങൾക്കു പ്രവർത്തനധനം സംഭരിക്കുന്നതിലും മററും വീട്ടമ്മമാർ പ്രദർശിപ്പിച്ച കഴിവും സാമർത്ഥ്യവും അന്യാദൃശമാണ്. അക്കാലത്തു ഇംഗ്ലണ്ടിൽ സ്ത്രീകൾക്കു മറെറാരു രംഗത്തും അവകാശതുല്യത അനുവദിച്ചിരുന്നില്ല. വില്പന അംഗങ്ങൾക്ക് എന്നതായിരുന്നു മൊത്തത്തിൽ അംഗീകരിച്ചിരുന്ന പ്രമാണം. എന്നാൽ അംഗങ്ങളല്ലാത്തവർക്കും വിൽപന നടത്തിയിരുന്നു. അവരുടെ വ്യാപാരത്തിന്മേൽ അംഗങ്ങൾക്കു നൽകുന്ന ഡിവിഡണ്ടിന്റെ പകുതികണ്ടേ അനുവദിച്ചിരുന്നുള്ളു. മുഴുവൻ നൽകുന്നപക്ഷം സംഘത്തിനകത്തു വരുന്നതുകൊണ്ടു പ്രത്യേകിച്ചൊരു മെച്ചവും ഇല്ലാതാകുന്നനില വരുമല്ലോ.

ടകങ്ങൾ ഒരേ സ്ഥലത്തു സ്ഥാപിച്ചാൽ. വ്യാവസായിക എസ്റ്റേററുകളെസംബന്ധിച്ചേടത്തോളം ഗവൺമെണ്ടിൻെറ നയം മേൽപറഞ്ഞ ചുരുങ്ങിയ ലക്ഷ്യങ്ങളിൽ ഒതുങ്ങിനിന്നിരുന്നു. പക്ഷെ ഇപ്പോൾ ലക്ഷ്യങ്ങൾ വിപുലീകരിച്ചിരിക്കുകയാണു്. ഇത്തരം എസ്റ്റേററുകൾ പഴയവ്യവസായികനഗരങ്ങളിൽ നിലവിലുള്ള തിരക്കു് (congestion) പരിഹരിക്കുക. വൻകിട വ്യവസായിക പ്ലാൻറുകളുടെ സഹായഭൂതമായ വിധത്തിലുള്ള (auxiliary) ചെറുകിടവ്യവസായങ്ങളെ വളർത്തി എടുക്കുക, വ്യവസായങ്ങളെ സംബന്ധിച്ചേടത്തോളം വിഭിന്ന പ്രദേശങ്ങളിൽ കാണുന്ന വികസനനിലവാരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന അസമാനത്വം കുറയ്ക്കുക, എന്നിങ്ങനെ ഒട്ടേറെ ലക്ഷ്യങ്ങൾ വ്യാവസായിക എസ്റ്റേററുകൾവഴി നടത്തേണ്ടതുണ്ടു്. ഈ ലക്ഷ്യങ്ങളെ മുൻനിർത്തിക്കൊണ്ടാണു് മൂന്നാംപഞ്ചവത്സരപദ്ധതിയിൽ വ്യാവസായിക എസ്റ്റേററുകൾക്കായി മൊത്തം 30 കോടി ഉറുപ്പിക പ്ലാനിങ്ങു് കമ്മീഷൻ വകകൊള്ളിച്ചിട്ടുള്ളതു്. രണ്ടാംപദ്ധതിയിൽ 12 കോടി ഉറുപ്പികമാത്രമേ വകകൊള്ളിച്ചിട്ടുണ്ടായിരുന്നുള്ളു. മൂന്നാം പദ്ധതികാലത്തു് മുന്നൂറോളം വരുന്ന വൻകിടയും മീഡിയം എസ്റ്റേററുകളും, അഞ്ഞൂറിനും ആയിരത്തിനും മദ്ധ്യേ ചെറിയ എസ്റ്റേററുകളും തുടങ്ങുവാൻ ഉദ്ദേശിക്കപ്പെടുന്നു. ഇത്രയും വിപുലമായൊരു പദ്ധതി നടപ്പാക്കുന്നതിലുള്ള ആശാസ്യത Delhi Economic Growth institute ൻെറ സർവ്വേയുടെ വെളിച്ചത്തിൽ പഠിക്കുന്നതു് നന്നായിരിക്കും.

ഇരുന്നൂറിലേറെ ചെറുകിടവ്യവസായങ്ങൾ ഉൾക്കൊള്ളുന്ന ഏതാണ്ടു് 12 Industrial estate കളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിനുശേഷം Indian Institute of Economic Growth പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ ശ്രദ്ധേയമാണു്.

1. ചെറുകിടവ്യവസായസ്ഥാപനങ്ങൾ മററു വ്യവസായങ്ങൾക്കുവേണ്ടിവരുന്ന ഘടകാവയവങ്ങളെയോ നേരിട്ടുള്ള ഉപഭോഗസാധനങ്ങളേയോ ഉല്പാദിപ്പിക്കുന്നു.

2. വ്യവസായികവികസനം ഏതാണ്ടൊക്കെ സാധിച്ച പ്രദേശങ്ങളിൽമാത്രം വൈദഗ്ധ്യവും മററും (enterprise also) കിട്ടുന്നതുകൊണ്ടു മററുള്ള സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള Industrial Estate കൾ വേണ്ടത്ര വിജയം കൈവരിച്ചിട്ടില്ല.

3. ഇത്തരം estate കൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിൽ സാമ്പത്തികവും സാങ്കേതികവുമായ ഘടകങ്ങൾക്കു കൂടുതൽ സ്ഥാനമുണ്ടായിരിക്കണം. അല്ലെങ്കിൽ ഒരു തെററായ സ്ഥലനിശ്ചയം അമിതമായ മുതലിറക്കിനും(investment) ഉല്പാദനച്ചിലവുവർദ്ധനക്കും കാരണമാകും.

4. നിലവിലുള്ള എസ്റ്റേററുകൾ പണിതീർക്കുന്നതിനുള്ള മൂലധനച്ചിലവു് (Capital Costs) അമിതമാണു്. വാടകയിനത്തിൽ നല്കുന്ന സഹായങ്ങൾ മേൽപറഞ്ഞ വസ്തുതയുടെ അടിസ്ഥാനത്തിൽ ഏറെക്കുറെ ന്യായീകരിക്കാം.

5. ചെറുകിടവ്യവസായ എസ്റ്റേററുകളെസംബന്ധിച്ചേടത്തോളം സാങ്കേതികവൈദഗ്ധ്യത്തെ പരിപോഷിപ്പിക്കുവാൻവേണ്ടി നല്കിവരുന്ന സാങ്കേതികവും മററുതരത്തിലുമുള്ള സൗകര്യങ്ങൾ എസ്റ്റേററുകളുടെ വ്യാവസായികമായ വളർച്ചയ്ക്കു് ഒട്ടും സഹായമാകുന്നില്ല. കാരണം, മേൽപറഞ്ഞ സാങ്കേതികമായ സൗകര്യങ്ങൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താറില്ല എന്നാണു് കാണുന്നതു്.

6. എസ്റ്റേററുകളിലെ ഫാക്ടറികളിൽ സ്വീകരിക്കുന്ന പ്രവർത്തനരീതികൾ കൂടുതൽ തൊഴിലാളികളെ ഉപയോഗിക്കത്തക്കവിധത്തിലല്ല. അതുകൊണ്ടു കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കുവാൻ നിർവ്വാഹമില്ലാതെ വരുന്നു.

ഇക്കാഫെ (ECAFE) സെമിനാറിൽ ചെറുകിടവ്യവസായങ്ങളെപ്പററി ഇന്നത്തെ രീതിയിലുള്ള വ്യാവസായിക എസ്റ്റേററുകളേയും പററി ഒരു ഇററാലിയൻ വിദഗ്ദ്ധൻ പുറപ്പെടുവിച്ച അഭിപ്രായങ്ങൾ ഏറെക്കുറെ മേൽപറഞ്ഞ രീതിയിലുള്ളതാണു്.